# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## യെരുശലേം വിഭാഗം

### പാഠാവലി പത്ത്

### ഭാഗം 2

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-4
ഫോൺ: 2572890

**AN OSSAE PUBLICATION**
**Sunday School Padavali-X**
First Edition: June 2015
Sixth Edition: November 2022
Copies: 4000
Price: ₹ 80.00
Printed at Alois Graphics, Kottayam
aloisgraphics@gmail.com

# ഉള്ളടക്കം

**യൂണിറ്റ് 4 സഭാചരിത്രം**

പാഠം 16 പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനം ........ 5

പാഠം 17 സഭാവ്യാപനം ആഗോളതലത്തിൽ ........ 9

പാഠം 18 മലങ്കരസഭ 17 മുതൽ 19 നൂറ്റാണ്ടുകൾവരെ ........ 13

പാഠം 19 കാതോലിക്കാ സിംഹാസന ചരിത്രം ........ 17

**യൂണിറ്റ് 5 വി. കുർബ്ബാന: ഒരു പഠനം**

പാഠം 20 മാർ സേവേറിയോസിന്റെ മാനീസാ ........ 20

പാഠം 21 ഖണ്ഡിപ്പിന്റെ ശുശ്രൂഷ ........ 25

**യൂണിറ്റ് 6 വിശ്വാസസത്യങ്ങൾ**

പാഠം 22 പരിശുദ്ധ ത്രിത്വം ........ 28

പാഠം 23 ക്രിസ്തീയ പൗരോഹിത്യം ........ 32

പാഠം 24 യുഗാന്ത്യദർശനം ........ 36

**യൂണിറ്റ് 7 മഹദ്വ്യക്തി പരിചയം**

പാഠം 25 പരി. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ........ 40

പാഠം 26 ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1922-1996) ........ 45

പാഠം 27 ഫാ. ഡോ. വി. സി. സാമുവൽ (1912-1998) ........ 49

**യൂണിറ്റ് 8 നല്ല ശീലങ്ങൾ**

പാഠം 28 സമ്പത്തിന്റെ നീതിപൂർവ്വമായ വിനിയോഗം ........ 53

പാഠം 29 കൗൺസിലിംഗ് ........ 58

പാഠം 30 ദൈവവിളി ........ 64

**ഉപപാഠഭാഗം**

പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനിയുടെ ജീവചരിത്രം ........ 68

## പാഠങ്ങൾ തയ്യാറാക്കിയവർ

ഫാ. ഡോ. ഒ. തോമസ്

ഫാ. ഡോ. റെജി മാത്യു

ഫാ. ഡോ. ബേബി വറുഗീസ്

ഫാ. കെ. വി. തോമസ്

ഫാ. തോമസ് വറുഗീസ്

യൂണിറ്റ് നാല്

# സഭാചരിത്രം

പാഠം 16

## പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനം (Protestant Reformation Movement)

**പാഠോദ്ദേശ്യങ്ങൾ:** ആഗോള സഭാചരിത്രഗതിയെ മാറ്റിമറിച്ച പ്രൊട്ടസ്റ്റന്റ് നവീകരണ പ്രസ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കുക. നവീകരണ ആശയങ്ങളോടു ശരിയായ സമീപനം രൂപപ്പെടുത്തുക.

**മനഃപാഠം:** "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നല്ലോ" (റോമർ 1:16).

**പഠനസഹായികൾ:** വി. വേദപുസ്തകം, പ്രാർത്ഥനാക്രമം, വി. കുർബ്ബാനക്രമം

### ആമുഖം

സമൂഹത്തിലും സഭയിലും തിന്മകൾക്കെതിരെ പ്രതികരണം ആവശ്യമാണ്. സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിത പദ്ധതികൾ ഇന്ന് സഭയിലും സമൂഹത്തിലും നിലനിൽക്കുന്നു. അർത്ഥവത്തായ ഇടപെടലുകളിലൂടെ മാത്രമേ ഇവയെ തിരുത്തുവാൻ കഴികയുള്ളൂ. ഇപ്രകാരം നടന്ന ഒരു ചരിത്ര സംഭവമാണ് 'നവീകരണ'മെന്ന പേരിൽ അറിയപ്പെടുന്നത്. ഈ നവീകരണ പ്രസ്ഥാനത്തെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

### പാഠഭാഗം

16-ാം നൂറ്റാണ്ടിൽ പശ്ചിമയൂറോപ്പിൽ തുടക്കമിട്ട ഒരു മതവിപ്ലവമാണ് നവീകരണം. മാർട്ടിൻ ലൂഥർ എന്ന റോമൻ കത്തോലിക്കാ പുരോഹിതന്റെ നേതൃത്വത്തിൽ ജർമ്മനിയിൽ ആരംഭിച്ച ഈ പ്രസ്ഥാനം ലോകചരിത്രത്തിലെ തന്നെ സുപ്രധാന സംഭവങ്ങളിൽ ഒന്നാണ്. ഇത് വിശദമായി നമുക്ക് പരിശോധിക്കാം.

### നവീകരണ കാരണങ്ങൾ

1. നവോത്ഥാന ചിന്താഗതി ഉൾക്കൊള്ളുന്ന പുസ്തകങ്ങളുടെയും കലാരൂപങ്ങളുടെയും സ്വാധീനം ജനങ്ങളിലുണ്ടായി.
2. ഭൂമിശാസ്ത്രപരവും ശാസ്ത്രീയവുമായ കണ്ടുപിടിത്തങ്ങൾ.
3. അച്ചടിയുടെ കണ്ടുപിടിത്തത്തിലൂടെ വി. വേദപുസ്തകം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള സാധ്യതയുണ്ടാക്കി.
4. ദേശീയതയ്ക്കായുള്ള ജനങ്ങളുടെ മുറവിളി വർദ്ധിച്ചു.
5. മാർപ്പാപ്പാമാരുടെ അപ്രമാദിത്വവും അമിതാധികാരങ്ങളും ചോദ്യം ചെയ്യപ്പെട്ടു.
6. റോമൻ കത്തോലിക്കാ സഭയിൽ നിലനിന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അഴിമതികളും. ഉദാ: പാപമോചനച്ചീട്ട്.

## നവീകരണം

കിഴക്കൻ ജർമ്മനിയിലെ വിറ്റൻബർഗ് പള്ളിയുടെ വാതിലിൽ 1517 ഒക്ടോബർ 31-ാം തീയതി മാർട്ടിൻ ലൂഥർ റോമൻ കത്തോലിക്കാസഭയിലെ പാപമോചനച്ചീട്ട് ഉൾപ്പെടെയുള്ള ദുരാചാരങ്ങളെ ഖണ്ഡിച്ച് 95 വാദഗതികൾ (95 Theses) പരസ്യപ്പെടുത്തിയതാണ് നവീകരണത്തിന്റെ ജന്മമുഹൂർത്തമായി പരിഗണിച്ചിരിക്കുന്നത്. ഭൂതകാലത്തെയും ഭാവികാലത്തെയും പാപങ്ങൾ മോചിക്കപ്പെട്ട് 'ബസ്പുർക്കാന'യിലെ (ശുദ്ധീകരണ സ്ഥലം) അഗ്നിയിൽനിന്ന് രക്ഷിക്കപ്പെടുവാൻ വിശ്വാസികൾക്ക് റോമിലെ പാപ്പാ നൽകുന്ന സമ്മതപത്രമാണ് 'പാപമോചനച്ചീട്ട്' എന്നറിയപ്പെടുന്നത്. ഒരു നിശ്ചിത തുക നൽകി ആർക്കും ഇത് സ്വന്തമാക്കാമായിരുന്നു.

## നവീകരണപ്രസ്ഥാനത്തിന്റെ വളർച്ച

ലൂഥറിന്റെ ആശയങ്ങൾ വലിയ താമസമില്ലാതെ ജർമ്മനിയിലും മറ്റു പ്രദേശങ്ങളിലും വ്യാപിച്ചു. സ്വിറ്റ്സർലണ്ടിൽ ഉൾറിച്ച് സ്വിംഗ്ലി (Ulrich Zwingli), ജനീവയിൽ ജോൺ കാൽവിൻ (John Calvin), സ്കോട്ട്ലണ്ടിൽ ജോൺ ക്നോക്സ് (John Knox), ഇംഗ്ലണ്ടിൽ ഹെൻട്രി ഏഴാമൻ രാജാവ് (Henri VII) മുതലായവർ ലൂഥറിന്റെ സമകാലീനരായ നവീകരണപ്രവർത്തകരായിരുന്നു. ആശയങ്ങളിൽ ചെറിയ വ്യത്യാസമുണ്ടായിരുന്നുവെങ്കിലും റോമൻ കത്തോലിക്കാ സഭയിൽ നവീകരണം സൃഷ്ടിക്കുവാനും അത് ലോകം മുഴുവൻ വ്യാപിപ്പിക്കാനും ഇവരുടെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. ഇപ്രകാരം റോമൻ കത്തോലിക്കാ സഭയിൽനിന്ന് വിട്ടുപോയവർ, 'പ്രൊട്ടസ്റ്റന്റ് സഭ' അഥവാ 'നവീകരണക്കാർ' എന്നാണ് പിൽക്കാലത്ത് അറിയപ്പെടുന്നത്.

## നവീകരണതത്വങ്ങൾ

ആദിമസഭയുടെ കാലം മുതൽ ക്രൈസ്തവ വേദശാസ്ത്രത്തിലും കൂദാശകളിലും അനുഷ്ഠാനങ്ങളിലും പരിപാലിക്കപ്പെട്ടിരുന്ന അടിസ്ഥാനപരമായ വിശ്വാസസത്യങ്ങളെ ചോദ്യം ചെയ്യുന്ന തത്വങ്ങളാണ് താഴെപ്പറയുന്നത്.

a. സഭയുടെ ആചാരങ്ങളും ചട്ടക്കൂടുകളുമല്ല, വേദപുസ്തകമാണ് ക്രിസ്തീയ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും ആധാരമായിരിക്കേണ്ടത്.
b. തിരുവത്താഴവും സ്നാനവും മാത്രമാണ് സഭയിലെ കൂദാശകൾ.
c. സകല വിശ്വാസികൾക്കും പൗരോഹിത്യ സ്ഥാനമുണ്ട്; അതുകൊണ്ട് പ്രത്യേക പൗരോഹിത്യത്തിന് സാംഗത്യമില്ല.
d. ദൈവമുമ്പാകെ മാത്രമാണ് മനുഷ്യൻ നീതീകരിക്കപ്പെടുന്നത്.
e. പരിശുദ്ധരോടുള്ള സംസർഗ്ഗവും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അർത്ഥശൂന്യങ്ങളാണ്.

മേൽപ്പറഞ്ഞ തത്വങ്ങളെ ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നില്ല.

## പ്രതിനവീകരണം (Counter Reformation)

ഇതൊക്കെയാണെങ്കിലും നവീകരണത്തിന്റെ മൂലകാരണങ്ങളിൽ ചിലത് സത്യമാണെന്ന് ബോദ്ധ്യപ്പെട്ട റോമൻ കത്തോലിക്കാ സഭ പിന്നീട് അതിനുള്ളിൽതന്നെ ചില തിരുത്തലുകൾ വരുത്തി. ഇത് നവീകരണപ്രസ്ഥാനങ്ങളെ തടസപ്പെടുത്തുവാനും സഭയുടെ വിശ്വാസജീവിതങ്ങളെ നിർമ്മലീകരിക്കുവാനും കാരണമായി. റോമൻ കത്തോലിക്കാസഭയിൽ ഉടലെടുത്ത പരിഷ്കാരപ്രസ്ഥാനമാണ് 'പ്രതിനവീകരണം.' 1545 മുതൽ 1563 വരെ ട്രെന്റ് എന്ന സ്ഥലത്തു കൂടിയ കൗൺസിൽ ഈ ലക്ഷ്യത്തെ സാധൂകരിക്കുന്ന

ഒന്നായിരുന്നു. സഭയുടെ പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും അല്പം പരിഷ്കാരങ്ങളോടെ പുനഃസ്ഥാപിക്കുവാൻ ഇതിൽ സാധിച്ചു. ഇഗ്നേഷ്യസ് ലയോളയും അദ്ദേഹം സ്ഥാപിച്ച 'ഈശോ സഭയും' (Jesuits) ഇതിൽ മുൻനിരയിൽ പ്രവർത്തിച്ചവരാണ്. റോമൻ കത്തോലിക്കാ സഭയ്ക്ക് നഷ്ടപ്പെട്ട പ്രതിച്ഛായ കുറേയെങ്കിലും വീണ്ടെടുക്കുവാൻ ഇതിലൂടെ സാധിച്ചു.

## നമുക്ക് പ്രാർത്ഥിക്കാം

(വി. വേദപുസ്തകം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന)

*കരുണയുള്ള ദൈവമേ, വിശുദ്ധ വേദപുസ്തകത്തെ വായിച്ചു മനസ്സിലാക്കുവാൻ ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണമേ. ആമ്മീൻ.*

## നമുക്ക് പാടാം

(വി. കുർബ്ബാനയിൽ ഏവൻഗേല്യോൻ വായനയ്ക്കുശേഷം
ആലപിക്കുന്ന ഒരു ഗീതം.)

അഖിലം ഞാനാരാഞ്ഞിട്ടും
ദൈവഭയത്തെ മികച്ചൊന്നും
ഞാൻ ദർശിച്ചില്ല - തൽസ്നേഹത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു മിസ്രേം രാജത്വം
മഹിതൻ മൂശ വിഭാഗിച്ചാൻ വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരതിനാൽ-
അഗ്നിയിൽനിന്നും രക്ഷിതരായ്
തങ്കത്തെക്കാളതു കാമ്യം
മധുവിലുമതുമധുരം പാരം
ദൈവാരാധനയെ - സ്നേഹിപ്പോൻ ധന്യൻ.

## നിശ്ചയം

**സഭാവിശ്വാസത്തിൽ നിന്നുകൊണ്ട് നന്മയിൽ അധിഷ്ഠിതമായ
ഒരു ജീവിതം ഞങ്ങൾ നയിക്കും.
പ്രൊട്ടസ്റ്റന്റ് നവീകരണ ആശയങ്ങളോടു ശരിയായ സമീപനം
കാത്തുസൂക്ഷിക്കുവാൻ ഞങ്ങൾ ശ്രമിക്കും.**

### നമുക്ക് ചിന്തിക്കാം

1. നവീകരണകാരണങ്ങൾ എന്തെല്ലാം?
2. പാപമോചനച്ചീട്ടിന്റെ പ്രസക്തി എന്ത്? മാർട്ടിൻ ലൂഥർ ഇതിനോടു എങ്ങനെ പ്രതികരിച്ചു?
3. നവീകരണത്തിൽ മുന്നിട്ട് പ്രവർത്തിച്ചവർ ആരെല്ലാം?
4. നവീകരണ തത്വങ്ങൾ ഏവ? അവയ്ക്ക് നമ്മുടെ സഭയിലുള്ള പ്രസക്തി എന്ത്?
5. പ്രതിനവീകരണം വിശദമാക്കുക.
6. "നവീകരണം ലോകചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്." അതിന്റെ ഇന്നത്തെ പ്രസക്തി എന്ത്?

## നമുക്ക് ഓർക്കാം

"വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണമെന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം" - പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ.

### പ്രവർത്തനങ്ങൾ

1. നവീകരണവുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് തയ്യാറാക്കുക.
2. നവീകരണവുമായി ബന്ധപ്പെട്ട വ്യക്തികളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
3. നിങ്ങൾ നവീകരണ കാലത്തെ ഒരു റോമൻ കത്തോലിക്കാ വിശ്വാസിയായിരുന്നെങ്കിൽ നവീകരണാശയങ്ങളോടു എങ്ങനെ പ്രതികരിക്കുമായിരുന്നു? ഒരു ഉപന്യാസം തയ്യാറാക്കുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ നടത്തുക.**

പാഠം 17

# സഭാവ്യാപനം ആഗോളതലത്തിൽ

**പാഠനോദ്ദേശ്യം:** ക്രിസ്തീയ സഭയുടെ പിൽക്കാല ആഗോളവികസനത്തെക്കുറിച്ച് മനസ്സിലാക്കാൻ.

**മനഃപാഠം:** "ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28:19-20).

**ആമുഖം:** ലോകമെങ്ങും പോയി സാക്ഷികളാകുക എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ അനുസരിച്ച ശിഷ്യന്മാരുടെയും പിൻഗാമികളുടെയും പ്രവർത്തനങ്ങൾ നമുക്ക് പരിചിതമാണ്. പിൽക്കാലത്ത് സഭാവ്യാപനത്തിന് പുതിയ മാനങ്ങളും അർത്ഥതലങ്ങളും ഉണ്ടായി. വിവിധ രീതിയിൽ വിദേശരാജ്യങ്ങളിലേയ്ക്ക് കുടിയേറിയ ക്രിസ്തീയവിശ്വാസികളും സഭയും അവരവർ ചെന്നയിടങ്ങളിൽ ക്രിസ്തുമതപ്രചാരത്തിന് പ്രാധാന്യം നൽകി. അവയെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

16-ാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് നവീകരണം സഭാചരിത്രത്തിലെ ഒരു വഴിത്തിരിവായി. അതിനുശേഷം റോമൻ കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് സഭകൾ തങ്ങളുടെ നിലനില്പിനും പ്രചാരത്തിനും വേണ്ടി ശക്തിയോടെ പ്രവർത്തിച്ചു. കോളനിവത്കരണവും സുവിശേഷവത്കരണവും യോജിപ്പിച്ച ഒരു ശൈലിയാണ് ഇതിനായി ഇരുകൂട്ടരും ഉപയോഗിച്ചത്. സഭാവ്യാപനത്തിന് സഹായകമായ സുവിശേഷരീതികളും പ്രസ്ഥാനങ്ങളും ഏതൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

### കോളനിവത്കരണവും സുവിശേഷീകരണവും

പോർച്ചുഗൽ, സ്പെയിൻ, ഫ്രാൻസ്, ഡച്ച്, ബ്രിട്ടൺ മുതലായ രാജ്യങ്ങളായിരുന്നു കോളനിവത്കരണത്തിന് തുടക്കംകുറിച്ചത്. വാണിജ്യത്തിനും മറ്റു ആവശ്യങ്ങൾക്കുമായി മറ്റു രാജ്യങ്ങളിൽ ചെന്ന ഇവർ ക്രമേണ ആ രാജ്യങ്ങളെ തങ്ങളുടെ അധീനതയിലാക്കി. ഇതാണ് കോളനിവത്കരണം. എ. ഡി. 1500-1800 കാലഘട്ടത്തിൽ പോർച്ചുഗലും സ്പെയിനും ഈ കാര്യത്തിൽ മുന്നിട്ട് നിന്നെങ്കിൽ ക്രമേണ മറ്റു രാജ്യങ്ങളും ഇതിൽ ഭാഗഭാക്കായി.

### റോമൻ കത്തോലിക്കാ സുവിശേഷവത്കരണം

റോമൻ കത്തോലിക്കാ സുവിശേഷവത്കരണം പ്രധാനമായും ആശ്രയിച്ചിരുന്നത് പോർച്ചുഗൽ, സ്പെയിൻ എന്നിവിടങ്ങളിലെ ഭരണാധികാരികളെയും പോപ്പിനെയുമാണ്. അതാത് ഭരണാധികാരികൾക്ക് അവരവർ കീഴ്പ്പെടുത്തുന്ന പ്രദേശങ്ങളിൽ സുവിശേഷവത്കരണം നടത്താനുള്ള അധികാരം പോപ്പ് നൽകി. പ്രധാനമായും രണ്ടു പ്രവർത്തനരീതികളാണ് റോമൻ കത്തോലിക്കാ സഭ സ്വീകരിച്ചത്:

1. പെഡ്രോവഡോ മിഷൻ (Pedroado Mission): സ്പെയിൻ, പോർച്ചുഗൽ എന്നീ രാജ്യങ്ങളിലെ ഭരണാധികാരികളുടെ സഹായത്തോടെ നടന്ന സുവിശേഷവത്കരണം.
2. പ്രൊപ്പഗാൻഡാ മിഷൻ (Propaganda Mission - വിശ്വാസപ്രമാണസഭ): റോമൻ കത്തോ

ലിക്കാ സഭ സ്വന്തം നിലയിൽ നടത്തിയ സുവിശേഷവത്കരണം.

## പ്രൊട്ടസ്റ്റന്റ് സുവിശേഷവത്കരണം

17-ാം നൂറ്റാണ്ട് പ്രൊട്ടസ്റ്റന്റ് സഭയെ സംബന്ധിച്ചിടത്തോളം സ്വപരിരക്ഷയുടെയും സഭാസ്ഥാപനത്തിന്റെയും കാലഘട്ടമായിരുന്നു. ബ്രിട്ടീഷ്, ഫ്രഞ്ച്, ഡച്ച് കോളനികളുടെ വളർച്ച പ്രൊട്ടസ്റ്റന്റ് സുവിശേഷീകരണത്തിന്റെ വളർച്ചയ്ക്കും കാരണമായി. പ്രധാനമായും ഏഷ്യ, ആഫ്രിക്ക ഭൂഖണ്ഡങ്ങളിലും പസഫിക് ദ്വീപസമൂഹങ്ങളിലുമാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചത്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികം എന്നീ മേഖലകളിലെ പുരോഗമന പ്രവർത്തനങ്ങളും വേദപുസ്തകത്തിന്റെ പ്രാദേശികപരിഭാഷയ്ക്ക് ഊന്നൽ കൊടുത്തതും ഇവരുടെ മിഷനറി പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടി.

## പ്രധാന സുവിശേഷസംഘങ്ങൾ

ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റി (BMS), ലണ്ടൻ മിഷനറി സൊസൈറ്റി (LMS), ചർച്ച് മിഷനറി സൊസൈറ്റി (CMS), ബ്രിട്ടീഷ് & ഫോറിൻ ബൈബിൾ സൊസൈറ്റി (BFBS), അമേരിക്കൻ ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റി (ABMS), ബാസെൽ മിഷൻ (BM), പ്രസ്ബിറ്റേറിയൻ ഫോറിൻ മിഷൻ സൊസൈറ്റി (PFMS) മുതലായവയായിരുന്നു പ്രധാന പ്രൊട്ടസ്റ്റന്റ് മിഷനറി സംഘങ്ങൾ.

## സുവിശേഷവത്കരണം ഭാരതത്തിൽ

ഭാരതത്തിൽ സുവിശേഷവത്കരണം ആദ്യമായി നടത്തിയത് മാർത്തോമ്മാ ശ്ലീഹായാണ്. ഇവിടെ നിലനിന്നിരുന്ന ക്രിസ്തീയ സമൂഹം തങ്ങളുടേതായ തനത് പാരമ്പര്യങ്ങളിൽ അധിഷ്ഠിതമായ ഒന്നായിരുന്നു. റോമൻ കത്തോലിക്കാ സുവിശേഷവത്കരണത്തിന്റെ ആഗമനത്തോടെ തദ്ദേശീയ സഭയിൽനിന്ന് ആളുകളെ അടർത്തിമാറ്റുന്ന പ്രവണത സംജാതമായി.

ഡൊമിനിക്കൻ, ഫ്രാൻസിസ്കൻ, കർമ്മലീത്തൻ, ജെസ്യൂട്ടുകൾ മുതലായ സന്യാസ സമൂഹങ്ങളുടെ നേതൃത്വത്തിലാണ് ഭാരതത്തിൽ റോമൻ കത്തോലിക്കാ സുവിശേഷവത്കരണം പ്രധാനമായും നടന്നിട്ടുള്ളത്. ഫ്രാൻസിസ് സേവ്യർ, റോബർട്ട് ഡി നോബിലി, ഫാ. ബ്രിട്ടോ, ഫാ. ബെസ്കി മുതലായവരായിരുന്നു റോമൻ കത്തോലിക്കാ സുവിശേഷവത്കരണത്തിന്റെ മുഖ്യധാരാ പ്രവർത്തകർ.

റോമൻ കത്തോലിക്കാ സുവിശേഷവത്കരണത്തെ തുടർന്നു ഭാരതത്തിൽ ശക്തി പ്രാപിച്ചത് പ്രൊട്ടസ്റ്റന്റ് സുവിശേഷവത്കരണമായിരുന്നു. ബർത്തലോമിയ സീഗൻബാഗ്, ഹെന്റിക്ക് പ്ലൂഷോ, വില്യം കേറി, തോമസ് നോർട്ടൻ, ബഞ്ചമിൻ ബെയ്‌ലി, ജോസഫ് ഫെൻ, ഹെൻറി ബേക്കർ മുതലായവരായിരുന്നു പ്രധാന പ്രൊട്ടസ്റ്റന്റ് മിഷനറിമാർ.

## സുവിശേഷവത്കരണം മലങ്കര ഓർത്തഡോക്സ് സഭയിൽ

ഓർത്തഡോക്സ് സഭ ഭാരതമണ്ണിൽ സുവിശേഷവത്കരണത്തിന് തങ്ങളുടേതായ സംഭാവനകൾ ആരംഭകാലഘട്ടം മുതൽക്കേ നൽകിയിട്ടുണ്ട്. പിതാക്കന്മാർ തങ്ങളുടെ ജീവിതരീതികളിലൂടെ ഇതിനെ യാഥാർത്ഥ്യമാക്കി. എന്നാൽ ഒരു സംഘടിത സുവിശേഷവത്കരണപ്രക്രിയകൾ ആരംഭിക്കുന്നത് പരി. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാലഘട്ടം മുതൽക്കാണ്. പരി. പരുമല തിരുമേനി തുടക്കമിട്ട ഈ സുവിശേഷവത്കരണപ്രക്രിയകൾ ശക്തിപ്രാപിക്കുന്നത് പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയിലൂടെയാണ്. കാലക്രമത്തിൽ സഭ ഔദ്യോഗികമായി മിഷനറി പ്രസ്ഥാനം ആരംഭിക്കുകയും ഭാരതത്തിനുള്ളിലെ വിവിധ പ്രദേശങ്ങളിൽ സുവിശേഷവെളിച്ചം എത്തി

ക്കുവാൻ ഇതിലൂടെ സാധിക്കുകയും ചെയ്തു. ഇതിന് ചുക്കാൻ പിടിച്ച പിതാക്കന്മാരാണ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി എന്നിവർ.

## സുവിശേഷവത്കരണത്തിന്റെ ഫലങ്ങൾ

സുവിശേഷവത്കരണം ആഗോള ക്രൈസ്തവസഭാതലത്തിലും സാമൂഹിക മേഖലയിലും വലിയ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. അവ ചുവടെ ചേർക്കുന്നു.

1. ക്രൈസ്തവ സഭാവികസനം സാധ്യമായി.
2. വി. വേദപുസ്തകത്തിന്റെ തദ്ദേശീയ പരിഭാഷകൾ ഉണ്ടായി.
3. വിദ്യാഭ്യാസ നിലവാരത്തിന്റെ ഉയർച്ച.
4. വൈദ്യശാസ്ത്ര മേഖലയിലെ ഉന്നമനം.
5. സാമൂഹിക അനാചാരങ്ങളുടെ നിർമ്മാർജ്ജനം.
6. ധർമ്മസ്ഥാപനങ്ങളുടെ ആവിർഭാവം.

## നമുക്ക് പ്രാർത്ഥിക്കാം

(വി. വേദപുസ്തകം വായിച്ചുകഴിഞ്ഞിട്ടുള്ള പ്രാർത്ഥന)

*കാരുണ്യവാനായ ദൈവമേ, നീ ഞങ്ങൾക്ക് തന്നിട്ടുള്ള പ്രയോജനകരമായ, വിശുദ്ധ പുസ്തകത്തിലെ ജീവവചനങ്ങൾക്ക് വേണ്ടി നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും സ്തുതിച്ച് സ്തോത്രം ചെയ്യുന്നു.*

## നമുക്ക് പാടാം

(രാത്രി നമസ്കാര സമയത്ത് ആലപിക്കുന്ന മാവുർബോ.
ശ്ഹീമാ നമസ്കാരത്തിൽനിന്നും)

താതന്മാരെ പണ്ഡിതരാം
മല്പാന്മാരേ! പാരം മോദിപ്പിൻ
വചനമതാകും വിത്തുവളർന്നേവൻഗേല്യോനിൽ
നാഥൻ നേരായരുളിയപോൽ
മുപ്പതുമറുപതുമൊരുനൂറും മേനി
വിശ്വാസമതാകുന്ന ഫലം
ലോകർക്കരുളിയതോർത്താലാശ്ചര്യം

### നിശ്ചയം

**ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി**
**ഞങ്ങൾ സുവിശേഷവത്കരണം നടത്തും.**

### നമുക്ക് ചിന്തിക്കാം

1. കോളനിവത്കരണം എന്നാൽ എന്ത്? ഇത് സുവിശേഷവത്കരണവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
2. റോമൻ കത്തോലിക്കാ സുവിശേഷവത്കരണത്തിന്റെ പ്രത്യേകത എന്ത്?

3. പെഡ്രോവഡോ, പ്രൊപ്പഗാൻഡാ ഇവ വിശദമാക്കുക.
4. ആദ്യകാല റോമൻ കത്തോലിക്കാ സുവിശേഷവത്കരണത്തെ ഇന്നത്തെ കാലഘട്ടവുമായി താരതമ്യപ്പെടുത്തുക.
5. "പ്രൊട്ടസ്റ്റന്റ് സുവിശേഷവത്കരണം അവരുടെ നിലനില്പിന്റെ പ്രശ്നമായിരുന്നു." വിശദീകരിക്കുക.
6. പ്രൊട്ടസ്റ്റന്റ് സുവിശേഷീകരണ രീതികൾ ഏവ?
7. പ്രൊട്ടസ്റ്റന്റ് സുവിശേഷസംഘങ്ങൾ ഏവ?
8. ഭാരതത്തിൽ സുവിശേഷവത്കരണത്തിന് നേതൃത്വം നൽകിയത് ആരെല്ലാം?
9. മലങ്കര ഓർത്തഡോക്സ് സഭയിലെ സുവിശേഷവത്കരണപ്രവർത്തനങ്ങൾ വിശദമാക്കുക.
10. സുവിശേഷവത്കരണത്തിന്റെ ഫലങ്ങൾ ഏവ?

## നമുക്ക് ഓർക്കാം

"വിശ്വാസത്തിന് അതിരുകളുണ്ട്. എന്നാൽ ദൈവസ്നേഹത്തിന് അതിരുകളില്ല" - ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ.

**പ്രവർത്തനങ്ങൾ**

1. റോമൻ കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് മിഷനറി പ്രവർത്തനങ്ങളെ ഓർത്തഡോക്സ് മിഷനറി പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്ത് ഒരു പ്രബന്ധം തയ്യാറാക്കുക.
2. മലങ്കര സഭയിലെ മിഷനറി സംഘങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും ഒരു ലഘു വിവരണം തയ്യാറാക്കുക.
3. ഓർത്തഡോക്സ് വിശ്വാസിയെന്ന നിലയിൽ റോമൻ കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് മിഷനറി പ്രവർത്തനങ്ങളെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

പാഠം 18

# മലങ്കര സഭ 17 മുതൽ 19 വരെയുള്ള നൂറ്റാണ്ടുകളിൽ

**പാഠോദ്ദേശ്യം:** 17 മുതൽ 19 വരെയുള്ള നൂറ്റാണ്ടുകളിൽ മലങ്കരസഭയിൽ അരങ്ങേറിയ നിർണ്ണായകസംഭവങ്ങൾ മനസ്സിലാക്കാൻ.

**മനഃപാഠം:** "ഇതാ ഞാൻ നിന്നെ ഊതിക്കഴിച്ചിരിക്കുന്നു. വെള്ളിയെപ്പോലെ അല്ലാതാനും. ഞാൻ നിന്നെ കഷ്ടതയുടെ ചൂളയിലാകുന്നു ഊതിക്കഴിച്ചിരിക്കുന്നത്" (യെശയ്യാവ് 48:10).

## ആമുഖം

ഏതു ഭരണക്രമത്തിനും പ്രസ്ഥാനങ്ങൾക്കും ഒരു സുവർണ്ണകാലഘട്ടം ഉണ്ടായിരിക്കും. മലങ്കരസഭയിലെ ഒരു സുവർണ്ണകാലഘട്ടമായിരുന്നു 17 മുതൽ 19 വരെയുള്ള നൂറ്റാണ്ടുകൾ. വിവിധ സംഭവങ്ങൾക്ക് മലങ്കരസഭ ഈ കാലഘട്ടത്തിൽ സാക്ഷ്യം വഹിച്ചു. അവയെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

മലങ്കരസഭ സ്വതന്ത്രതീരുമാനങ്ങളെടുക്കുകയും അതിനനുസൃതമായി മുന്നോട്ടുനീങ്ങുകയും ചെയ്ത ഒരു കാലക്രമമാണ് 17-ാം നൂറ്റാണ്ട് മുതലുണ്ടായത്. കൂനൻകുരിശ് സത്യത്തോടെ മലങ്കരയുടെ സ്വത്വബോധം ഉണർന്നു. എന്നാൽ വിവിധതരത്തിലുള്ള പ്രതിസന്ധികൾക്കും ഈ കാലഘട്ടം വിധേയമായിത്തീർന്നു. ഇവ നമുക്ക് വിശദമായി പരിശോധിക്കാം.

### കൂനൻകുരിശ് സത്യത്തിനുശേഷമുള്ള മലങ്കരസഭ

1653-ലെ കൂനൻകുരിശ് സത്യത്തോടെ മലങ്കരസഭ വിദേശാധിപത്യത്തിൽനിന്ന് മോചിതമായി. അന്നുമുതൽ 'മാർത്തോമ്മാ മെത്രാന്മാർ' എന്ന തദ്ദേശീയ മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ മലങ്കരസഭ നിലകൊണ്ടു. സഭയുടെ ആരാധനാക്രമീകരണങ്ങൾക്കും അപ്പോസ്തോലിക പാരമ്പര്യത്തിനുമായി, മുമ്പ് മലങ്കരസഭ ബന്ധം പുലർത്തിയിരുന്ന പേർഷ്യൻ സഭയുൾപ്പെടെ വിവിധ സഭകളെ സമീപിച്ചു. എന്നാൽ 1665-ൽ അന്ത്യോഖ്യൻ സഭ മാത്രമാണ് ഇതിനോടു അനുകൂലമായി പ്രതികരിച്ചത്. അങ്ങനെ മലങ്കരസഭ തങ്ങളാഗ്രഹിച്ചതുപോലെ സുറിയാനി പാരമ്പര്യത്തിൽ വീണ്ടും നിലകൊണ്ടു.

1653 മുതൽ 1817 വരെ ഒൻപത് മാർത്തോമ്മാ മെത്രാന്മാരുടെ സുധീര നേതൃത്വം മലങ്കരസഭയ്ക്കുണ്ടായിരുന്നു. മാർത്തോമ്മാ ഒൻപതാമന് തന്റെ ഭരണപരമായ അധികാരങ്ങൾ വിനിയോഗിക്കുവാൻ അന്നത്തെ സാഹചര്യങ്ങളിൽ സാധിച്ചില്ല. 1815-ൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ 'മാർ ദീവന്നാസ്യോസ്' എന്ന പേരിൽ മെത്രാനാവുകയും രാജകീയ വിളംബരത്താൽ, 'മാർത്തോമ്മാ' എന്ന അധികാരത്തിന് തുല്യമായ 'മലങ്കര മെത്രാപ്പോലീത്താ' സ്ഥാനം ഏല്ക്കുകയും ചെയ്തു. മാർത്തോമ്മാ മെത്രാന്മാർക്ക് ശേഷം 'മാർ ദീവന്നാസ്യോസ്' എന്ന നാമധാരികളായ 'മലങ്കര മെത്രാപ്പോലീത്താ'മാരാണ് സഭയെ നയിച്ചത്. മലങ്കരസഭാചരിത്രത്തിലെ നിർണ്ണായകമായ പല സംഭവങ്ങളും അരങ്ങേറിയത് ഈ കാലഘട്ടങ്ങളിലാണ്; പ്രത്യേകിച്ചും 19-ാം നൂറ്റാണ്ടിൽ. അവ വിശദമായി നമുക്ക് അന്വേഷിക്കാം.

## വട്ടിപ്പണം (1808)

മാർത്തോമ്മാ ആറാമന്റെ ശ്രമഫലമായി സ്വരൂപിച്ച 3000 പൂവരാഹൻ (ഏകദേശം 10500 രൂപ) അദ്ദേഹത്തിന്റെ പിൻഗാമി മാർത്തോമ്മാ ഏഴാമൻ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ എട്ടു ശതമാനം പലിശയ്ക്ക് നിക്ഷേപിച്ചതാണിത്. വർഷംതോറും സമുദായത്തിന്റെ സാമൂഹിക സേവനപരിപാടികൾക്കായി ഈ പലിശ വിനിയോഗിക്കുകയായിരുന്നു ലക്ഷ്യം.

## പഴയസെമിനാരി സ്ഥാപനം (1815)

1813-ൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനാണ് (പിന്നീട് മാർ ദീവന്നാസ്യോസ് രണ്ടാമൻ) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അന്നത്തെ തിരുവിതാംകൂർ രാജ്ഞി റാണി ലക്ഷ്മിഭായി, ഇതിന്റെ നിർമ്മാണത്തിനായി 16 ഏക്കർ സ്ഥലം കരമൊഴിവായും 20000 രൂപ, നിർമ്മാണത്തിനാവശ്യമായ തടി എന്നിവ ദാനമായും നൽകി. തിരുവല്ല പാലിയേക്കര പള്ളി ഹൈന്ദവ ബ്രാഹ്മണർ തീവെച്ചുനശിപ്പിച്ചതിന് കേണൽ മൺറോ ചുമത്തിയ പിഴയുടെ പകുതി തുകയും സെമിനാരി നിർമ്മാണത്തിനായി നൽകി. സി. എം. എസ്. മിഷനറിമാരുടെയും കേണൽ മൺറോയുടെയും സഹകരണത്തോടെ 1815-ൽ സെമിനാരി പ്രവർത്തനസജ്ജമായി.

## മാവേലിക്കര പടിയോല (1836)

സി. എം. എസ്. മിഷനറിമാരുമായുള്ള സഹകരണം ആരംഭകാലഘട്ടങ്ങളിൽ സൗഹൃദപരമായിരുന്നു. എന്നാൽ കാലക്രമത്തിൽ മലങ്കരസഭയിലെ ആരാധനാപാരമ്പര്യങ്ങളിലേയ്ക്ക് പ്രൊട്ടസ്റ്റന്റ് നവീകരണാശയങ്ങൾ തിരുകിക്കയറ്റുവാൻ ഇവർ ശ്രമിച്ചത് ഇരുകൂട്ടരും തമ്മിലുള്ള ബന്ധം ഉലയുന്നതിന് കാരണമായിത്തീർന്നു. 1835-ൽ കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പ് വിൽസൺ തന്റെ ആറിന നിർദ്ദേശങ്ങളുമായി മലങ്കരയിൽ എത്തി. ഇവയെക്കുറിച്ച് ചിന്തിക്കുവാനായി 1836 ജനുവരി 16-ന് മാർ ദീവന്നാസ്യോസ് നാലാമൻ (ചേപ്പാട്ട് മാർ ദീവന്നാസ്യോസ്) മാവേലിക്കര പുതിയകാവ് പള്ളിയിൽ ഒരു പള്ളിപ്രതിപുരുഷയോഗം വിളിച്ചു ചേർത്തു. യോഗം ബിഷപ്പ് വിൽസന്റെ നിർദ്ദേശങ്ങളെ തള്ളിക്കളയാനും തങ്ങൾ തുടർന്നുവന്നുകൊണ്ടിരിക്കുന്ന സുറിയാനി പാരമ്പര്യത്തിൽ നിലനിൽക്കാനും തീരുമാനിച്ചു. ഈ തീരുമാനമാണ് 'മാവേലിക്കര പടിയോല' എന്ന പേരിൽ അറിയപ്പെടുന്നത്.

## മുളന്തുരുത്തി സുന്നഹദോസ് (1876)

'മാവേലിക്കര പടിയോല'യിലൂടെ നവീകരണാശയങ്ങളോടു മലങ്കരസഭ വിടപറഞ്ഞുവെങ്കിലും, മാരാമൺ പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ നേതൃത്വത്തിൽ ഒരുകൂട്ടം ആളുകൾ അതിനോടു അനുഭാവപൂർവ്വമായ നിലപാടാണ് സ്വീകരിച്ചത്. ഇവർക്ക് സഭയിൽനിന്നും രൂക്ഷമായ എതിർപ്പ് നേരിടേണ്ടിവന്നു. തത്ഫലമായി 1841-ൽ ഏബ്രഹാം മല്പാൻ തന്റെ അനന്തിരവനായ മാത്യൂസ് ശെമ്മാശനെ അന്ത്യോഖ്യായിലേയ്ക്കയച്ച് 'മാത്യൂസ് മാർ അത്താനാസ്യോസ്' എന്നപേരിൽ മെത്രാനാക്കി. 1843-ൽ മലങ്കരയിൽ തിരികെയെത്തിയ പാലക്കുന്നത്ത് മാർ അത്താനാസ്യോസ് അന്നത്തെ ഭരണകൂടത്തെ സ്വാധീനിച്ച് തന്റെ സ്ഥാനം ഉറപ്പിച്ചു. തന്മൂലം മാർ ദീവന്നാസ്യോസ് നാലാമന് തന്റെ സ്ഥാനം ഒഴിയേണ്ടതായി വന്നു. എന്നാൽ മലങ്കര സഭാമക്കൾ, പുലിക്കോട്ടിൽ ജോസഫ് കത്തനാരെ അന്ത്യോഖ്യയിലേക്കയച്ച് 1865-ൽ 'മാർ ദീവന്നാസ്യോസ്' എന്നപേരിൽ മെത്രാനാക്കി. 1866-ൽ മലങ്കരയിൽ മടങ്ങിയെത്തിയ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തന്റെ 'മലങ്കര മെത്രാപ്പോലീത്താ'സ്ഥാനം ഉറപ്പിക്കാൻ ശ്രമിച്ചെങ്കിലും അതിനു സാധിച്ചില്ല. അവസാനം, ഇതിനൊരു തീർപ്പുണ്ടാക്കുവാനായി മാർ ദീവന്നാസ്യോസും കൂട്ടരും പാത്രി

യർക്കീസിനെ മലങ്കരയിലേയ്ക്ക് ക്ഷണിച്ചു. അങ്ങനെ 1876-ൽ എത്തിയ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ വച്ച് മൂന്നുദിവസം ദൈർഘ്യമുണ്ടായിരുന്ന 'മുളന്തുരുത്തി സുന്നഹദോസ്' കൂടി. മാർ അത്താനാസ്യോസിന്റെ അധികാരത്തെയും നടപടികളെയും ചോദ്യംചെയ്ത സുന്നഹദോസ്, മലങ്കരസഭയ്ക്ക് ചില ഭരണക്രമങ്ങൾ നടപ്പിലാക്കുകയും പാത്രിയർക്കീസിനോടുള്ള വിധേയത്വം പ്രഖ്യാപിക്കുകയും ചെയ്തു.

## ഭദ്രാസന വിഭജനവും മെത്രാൻ വാഴ്ചയും

മുളന്തുരുത്തി സുന്നഹദോസ് മാത്യൂസ് ഒരർത്ഥത്തിൽ പാത്രിയർക്കീന്റെ അധീശത്വം അംഗീകരിക്കലായിരുന്നു. എന്നാൽ മാർ ദീവന്നാസ്യോസും കൂട്ടരും തങ്ങളുടെ തുടർപ്രവർത്തനങ്ങളിൽ ഇതിനനുകൂലമായി പ്രവർത്തിച്ചില്ല. ഇത് മനസ്സിലാക്കിയ പാത്രിയർക്കീസ് മാർ ദീവന്നാസ്യോസിന്റെ അറിവോ, സമ്മതമോ കൂടാതെ ഒന്നായിരുന്ന മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുകയും ആറു പുതിയ മെത്രാപ്പോലീത്താമാരെ വാഴിക്കുകയും ചെയ്തു. കോട്ടയം, തുമ്പമൺ, അങ്കമാലി, നിരണം, കണ്ടനാട്, കൊച്ചി, കൊല്ലം എന്നിവയായിരുന്നു പുതിയ ഭദ്രാസനങ്ങൾ. പൗലോസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ യൂലിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി), പൗലോസ് മാർ ഈവാനിയോസ് (പിന്നീട് മലങ്കരസഭയുടെ ഒന്നാം കാതോലിക്ക), ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവർ ആയിരുന്നു പുതിയ മെത്രാന്മാർ.

## റോയൽ കോടതി വിധി (1889)

മുളന്തുരുത്തി സുന്നഹദോസ് മാത്യൂസ് മാർ അത്താനാസ്യോസിന്റെ 'മലങ്കര മെത്രാപ്പോലീത്താ' സ്ഥാനത്തെ തിരസ്കരിച്ചെങ്കിലും കോടതി മുഖേന അന്തിമതീർപ്പുണ്ടാക്കാൻ ഭരണകൂടം ആവശ്യപ്പെട്ടു. അതനുസരിച്ച് 1879-ൽ 'സെമിനാരി കേസ്' എന്ന പേരിൽ മാർ ദീവന്നാസ്യോസ് ജില്ലാകോടതിയിൽ സമർപ്പിച്ച കേസിൽ, 1889-ൽ റോയൽ കോടതിയിൽനിന്നും അന്തിമ വിധിയുണ്ടായി. റോയൽകോടതി വിധിയിലൂടെ മാർ ദീവന്നാസ്യോസിന്റെ 'മലങ്കര മെത്രാപ്പോലീത്താ' സ്ഥാനം ഉറപ്പിച്ചു. കൂടാതെ പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയ അധികാരം മാത്രമേയുള്ളൂവെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു.

## നമുക്ക് പ്രാർത്ഥിക്കാം

(വിളക്ക് കൊളുത്തുമ്പോഴുള്ള പ്രാർത്ഥന, പാമ്പാക്കുട നമസ്കാരം)

*പ്രകാശം നിറഞ്ഞിരിക്കുന്ന യേശുവേ, സകല സൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം നീ ആകയാൽ നിന്റെ പ്രകാശത്തിലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത്. സ്വർഗ്ഗീയ പിതാവിന്റെ കതിരായുള്ളവനേ, നിന്റെ ശോഭയുള്ള പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ. ആമ്മീൻ.*

## നമുക്ക് പാടാം

(ശ്ഹീമാ നമസ്കാരം - വെള്ളി പ്രഭാതം)

സഭയെ! നിൻ വാതിൽ-കാവൽക്കാരെന്നും
സാത്താനിൽ നിന്നും-കാക്കുന്നു നിന്നെ
ശീമോനാധാരം-പൗലോസോ ശില്പി
യോഹന്നാനിഷ്ടൻ-ശുശ്രൂഷക്കാരൻ
ഹാ... റൂഹാതൻ വീണാ-നാദം ദാവീദാം

## നിശ്ചയം

**സഭയുടെ പിതാക്കന്മാരുടെ കരങ്ങൾക്ക് ശക്തിപകർന്ന്**
**സഭാവിശ്വാസത്തിൽ ഞാൻ അചഞ്ചലനായിരിക്കും.**

### നമുക്ക് ചിന്തിക്കാം

1. കൂനൻകുരിശ് സത്യത്തിന് ശേഷം മലങ്കരസഭയെ നയിച്ചതാരെല്ലാം?
2. 'വട്ടിപ്പണം' എന്താണ്?
3. സി. എം. എസ്. മിഷനറിമാരുടെ പ്രവർത്തനം മലങ്കര സഭയ്ക്ക് നേട്ടവും കോട്ടവുമായത് ഏതുവിധത്തിൽ?
4. മുളന്തുരുത്തി സുന്നഹദോസ് വിജയമോ? പരാജയമോ? വിശദീകരിക്കുക.
5. പാത്രിയർക്കീസ് രൂപീകരിച്ച ഭദ്രാസനങ്ങൾ ഏതെല്ലാം? വാഴിച്ച മെത്രാന്മാർ ആരെല്ലാം?
6. റോയൽ കോടതി വിധി എന്തായിരുന്നു?

### പ്രവർത്തനങ്ങൾ

1. "19-ാം നൂറ്റാണ്ട് മലങ്കരസഭയ്ക്ക് നിർണ്ണായകമായിരുന്നു." നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.
2. പഴയസെമിനാരി, മുളന്തുരുത്തി സുന്നഹദോസ് എന്നിവയെക്കുറിച്ച് വിവരശേഖരണം നടത്തുക.
3. മലങ്കരസഭയിലെ നിർണ്ണായകസംഭവങ്ങളെ സംബന്ധിച്ച ഒരു ആൽബം തയ്യാറാക്കുക.

## നമുക്ക് ഓർക്കാം

"നമ്മുടെ സഭയിൽ സംഭവിച്ചിട്ടുള്ള വൻകാര്യങ്ങളെല്ലാം നമ്മുടെ ബുദ്ധിശക്തി കൊണ്ടോ ഭരണവൈഭവംകൊണ്ടോ ആണെന്ന് നമുക്ക് അവകാശപ്പെടുവാൻ നിവൃത്തിയില്ല" - ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ.

പാഠം 19

# കാതോലിക്കാ സിംഹാസന ചരിത്രം

**പാഠോദ്ദേശ്യം:** മലങ്കരസഭയുടെ ഭരണസിരാകേന്ദ്രമായ കാതോലിക്കാ സിംഹാസന ത്തെക്കുറിച്ച് മനസ്സിലാക്കാൻ.

**മനഃപാഠം:** "എന്നെ അനുഗമിച്ചിരിക്കുന്നവരായ നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കും" (മത്തായി 19:28).

## ആമുഖം

ഭരണത്തിൽ സിരാകേന്ദ്രമായി പ്രവർത്തിക്കുന്നത് അതിലെ ഭരണകർത്താക്കളാണ്. ജനാധിപത്യമായാലും ഏകാധിപത്യമായാലും അതിനു ഒരു പരമോന്നത തലവൻ ഉണ്ടാ യിരിക്കും. മലങ്കരസഭയുടെ ഭരണ സിരാകേന്ദ്രമായ കാതോലിക്കാ സിംഹാസനത്തെ ക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

പരിശുദ്ധ മലങ്കരസഭയുടെ ആസ്ഥാനം കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയും തലവൻ കാതോലിക്കാ ബാവയുമാണെന്ന് നമുക്കറിയാം. മാർത്തോമ്മാ ശ്ലീഹാ യുടെ സിംഹാസനത്തിലാണ് കാതോലിക്കാ ബാവാ വാണരുളുന്നത്. ഈ കാതോലിക്കാ സിംഹാസനത്തിന്റെ ചരിത്രത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

### മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം

കർത്തൃശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകമാണ് നാം അവകാശപ്പെ ടുന്നത്. "മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും" (വിശ്വാസവും ജാതിയും) എന്നാണ് ഇത് അറിയപ്പെടുന്നത്. ആദിമകാലം മുതൽക്കേ ഉപയോഗത്തിലിരിക്കുന്ന മാർത്തോമ്മൻ പൈതൃകവും അധികാരവുമാണ് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനമായി കണ ക്കാക്കുന്നത്. മലങ്കര സഭയിൽ കാലാകാലങ്ങളിൽ ഭരണകർത്താക്കളായ വേദതലവന്മാർ, ജാതിക്കു കർത്തവ്യന്മാർ, അർക്കദിയാക്കോന്മാർ, മാർത്തോമ്മാ മെത്രാന്മാർ, മലങ്കര മെത്രാപ്പോലീത്താമാർ, കാതോലിക്കാമാർ എന്നിവരാണ് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ അവകാശികളും പിന്തുടർച്ചക്കാരും.

### കാതോലിക്ക

റോമൻ സാമ്രാജ്യത്തിന് വെളിയിലുള്ള സഭാതലവന്മാരെയാണ് 'കാതോലിക്കോസ്' എന്ന പേരിൽ വിളിക്കുന്നത്. ഇതിന് ഭരണകർത്താവ് എന്നാണ് അർത്ഥം. പേർഷ്യൻ സാമ്രാജ്യത്തിലെ സെലുഷ്യാ-സ്റ്റെസിഫോണിലെ മെത്രാനാണ് 'കാതോലിക്കാ' എന്ന പേര് ആദ്യമായി ഉപയോഗിക്കുന്നത്. എ. ഡി. 410, 420, 424 കാലഘട്ടങ്ങളിൽ സമ്മേളിച്ച പേർഷ്യൻ സുന്നഹദോസുകൾ കാതോലിക്കയുടെ അധികാരവകാശങ്ങൾ നിർണ്ണയിച്ചു.

### കാതോലിക്കാ സിംഹാസനം

ആദിമസഭയിൽ തദ്ദേശീയമായ വ്യാപനമായിരുന്നു സഭകൾക്കുണ്ടായിരുന്നത്. 'കാതോലിക്ക' എന്ന സംജ്ഞ മലങ്കരയിൽ ഉപയോഗത്തിലാകുന്നത് 1912-ലെ കാതോ ലിക്കാ സിംഹാസനസ്ഥാപനത്തോടെയാണ്. മലങ്കരസഭയിലെ മുൻകാലഭരണകർത്താ ക്കളെല്ലാം കാതോലിക്കാസ്ഥാനത്തിന് തുല്യമായ ഭരണസംവിധാനമാണ് നിർവ്വഹിച്ചി

രുന്നത്. 'വേദത്തലവന്മാർ' തുടങ്ങി 'കാതോലിക്കാ' വരെയുള്ള അധികാരസ്ഥാനങ്ങൾ കാലാകാലങ്ങളിൽ പരിണാമം പ്രാപിച്ച് വന്നതാണ് (historical evolution).

## കാതോലിക്കാ സിംഹാസനസ്ഥാപനം

1912 സെപ്റ്റംബർ 15-നാണ് മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കുന്നത്. അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന മാർ ദീവന്നാസ്യോസ് ആറാമനെ (വട്ടശ്ശേരിൽ തിരുമേനി) അന്ത്യോഖ്യൻ പാത്രിയർക്കീസായ മാർ അബ്ദുള്ളാ മുടക്കിയതാണ് ഇവിടെ സ്വതന്ത്ര കാതോലിക്കേറ്റ് അടിയന്തിരമായി സ്ഥാപിക്കണം എന്ന ആവശ്യത്തിന് ശക്തികൂട്ടിയത്.

അബ്ദുള്ളാ പാത്രിയർക്കീസ്, ദീവന്നാസ്യോസ് ആറാമനെ മുടക്കിയയുടൻ തന്നെ മലങ്കരസഭാമക്കൾ അബ്ദേദ് മശിഹാ പാത്രിയർക്കീസുമായി ബന്ധപ്പെടുകയും മലങ്കരയിൽ സ്വതന്ത്ര കാതോലിക്കേറ്റിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തു. നിയമാനുസൃതമായി തിരഞ്ഞെടുക്കപ്പെടുകയും എന്നാൽ തുർക്കി സുൽത്താന്റെ അംഗീകാരം നഷ്ടപ്പെട്ടതിനാൽ ഭരണസ്ഥാനത്തുനിന്ന് രാഷ്ട്രീയമായി ഭ്രഷ്ടനാക്കപ്പെടുകയും ചെയ്ത പാത്രിയർക്കീസാണ് മാർ അബ്ദേദ് മശിഹാ. മലങ്കരയിലെ നിജസ്ഥിതിയറിഞ്ഞ അബ്ദേദ് മശിഹാ പാത്രിയർക്കീസ് 1912-ൽ മലങ്കരയിൽ എത്തുകയും നിരണം പള്ളിയിൽവച്ച് മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിനെ, 'മാർ ബസേലിയോസ് പൗലോസ്' എന്ന പേരിൽ കാതോലിക്കയായി വാഴിക്കുകയും ചെയ്തു. അങ്ങനെ മലങ്കരയിലും സ്വതന്ത്ര ഭരണക്രമത്തിന്റെ പ്രതിരൂപമായ കാതോലിക്കാ സിംഹാസനസ്ഥാപനം യാഥാർത്ഥ്യമായി.

1934-ൽ മാർ ദീവന്നാസ്യോസ് ആറാമൻ കാലം ചെയ്തതിനുശേഷം മലങ്കര മെത്രാപ്പോലീത്താസ്ഥാനവും കാതോലിക്കാസ്ഥാനവും ഒരാളിൽതന്നെ നിക്ഷിപ്തമായി. മൂന്നാം കാതോലിക്കായായ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവയാണ് ഇപ്രകാരം ആദ്യമായി ഇരുസ്ഥാനങ്ങളും ഒരുമിച്ചു വഹിച്ചത്. അതിനുശേഷം സ്ഥാനമേറ്റ എല്ലാ കാതോലിക്കമാരും ഇരുസ്ഥാനങ്ങളും ഒരുമിച്ചാണ് വഹിച്ചുവരുന്നത്.

1934-ൽ മലങ്കര സഭ അതിന്റെ ഭരണഘടനയ്ക്ക് രൂപംകൊടുത്തു. സ്വതന്ത്രഭാരതത്തിന്റെ ഭരണഘടനാരൂപീകരണത്തിന് 16 വർഷങ്ങൾക്കുമുമ്പ് രൂപീകൃതമായ ഭരണഘടനയിലൂടെ മലങ്കരസഭ അതിന്റെ വ്യക്തിത്വവും പൂർണ്ണ സ്വാതന്ത്ര്യവും വ്യക്തമാക്കി. കാതോലിക്കാ, സഭയുടെ ആത്മീയവും ഭൗതികവുമായ തലവനെന്ന് സംശയഭേദമെന്യേ ഇതിലൂടെ പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. പേർഷ്യയിലെ സെലൂഷ്യയിലും തെഗ്രീസിലും അതതു പ്രത്യേക സാഹചര്യങ്ങളിൽ കാതോലിക്കേറ്റും മഫ്രിയാനേറ്റും സ്ഥാപിതമായതുപോലെ മലങ്കരയിലെ പ്രത്യേകമായ സാഹചര്യങ്ങളിൽ ഇവിടെ സ്ഥാപിതമായ കാതോലിക്കേറ്റ് സഭാചരിത്രത്തിലെ ഒരു പൊൻദീപമായി ഇന്നും പരിലസിക്കുന്നു.

## നമുക്ക് പ്രാർത്ഥിക്കാം

(ഏകപരിശുദ്ധനോടുള്ള പ്രാർത്ഥന)

*പരിശുദ്ധ പിതാവായ മാർ തോമാശ്ലീഹാ, ദൈവം അങ്ങയുടെ സുകൃതത്തിൽ ഞങ്ങളെ സംബന്ധിപ്പിക്കുകയും നിന്റെ പ്രാർത്ഥന മൂലം എന്നേയ്ക്കും ദൈവത്തിന്റെ കരുണകൾക്കും ദയവിനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യുമാറാകണമേ. ആമ്മീൻ.*

## നമുക്ക് പാടാം

മാർത്തോമ്മാ സിംഹാസനത്തിൽ
ആരൂഢനാകും പിതാവേ
കിഴക്കിന്റെയൊക്കെയും വന്ദ്യ കാതോലിക്കാ
ആമോദമായ് വാഴ്ക നീണാൾ (2) (മാർത്തോമ്മാ...)

നസ്രായനാമേശു ശിഷ്യർക്കു നൽകിയ
അതിശ്രേഷ്ഠാചാര്യത്വം നൂറ്റാണ്ടുകൾ (2)
കൈമറിഞ്ഞെത്തിയീ വന്ദ്യ പിതാവിലാ-
ദീപം കൊളുത്തി നീ ആയിരമായ് (2) (മാർത്തോമ്മാ...)

പട്ടിണിപ്പാവങ്ങൾക്കെന്നും തുണയായ്
രോഗികൾ ദുഃഖിതർക്കാലംബമായ് (2)
പതിനായിരങ്ങൾ തൻ മക്കൾക്കിടയനായ്
ഐശ്വര്യസമ്പൂർണ്ണനായ് വാഴ്ക (2)

മാർത്തോമ്മാ... ആമോദമായ് വാഴ്ക നീണാൾ (3)

## നിശ്ചയം

**സഭയുടെ സ്വത്വവും തനിമയും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കാൻ കാതോലിക്കേറ്റിൻ കീഴിൽ ഞാൻ എന്നും അടിയുറച്ച് നിൽക്കും.**

### നമുക്ക് ചിന്തിക്കാം

1. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്നതുകൊണ്ടു നിങ്ങൾ അർത്ഥമാക്കുന്നത് എന്ത്?
2. കാതോലിക്ക എന്നാൽ ആരാണ്? മലങ്കരസഭയുടെ ഇപ്പോഴത്തെ കാതോലിക്ക ആരാണ്?
3. മലങ്കരസഭയിൽ കാതോലിക്കാ സിംഹാസനത്തിന്റെ പ്രസക്തി എന്ത്?
4. മലങ്കരസഭയിൽ കാതോലിക്കാ സിംഹാസനസ്ഥാപനം യാഥാർത്ഥ്യമായത് എങ്ങനെ?
5. മലങ്കരസഭയുടെ ഭരണഘടനയിലൂടെ സഭയ്ക്ക് ലഭ്യമായ നേട്ടങ്ങൾ എന്തെല്ലാം?

## നമുക്ക് ഓർക്കാം

“നമ്മുടെ സഭയുടെ നിലനില്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്തെന്ന് നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതുവരെയായി പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ട് പോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു” - പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനിയുടെ അന്ത്യകല്പനയിൽനിന്നും).

### പ്രവർത്തനങ്ങൾ

1. മലങ്കരസഭയെ കാലാകാലങ്ങളിൽ ഭരിച്ച പിതാക്കന്മാരെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.
2. കാതോലിക്ക, പാത്രിയർക്കീസ് എന്നിവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടുപിടിക്കുക.
3. “കാതോലിക്കാ സിംഹാസനം മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്.” ചർച്ച ചെയ്യുക.

മാർ ദിവന്നാസ്യോസ് ഒന്നാമൻ (വലിയ മാർ ദിവന്നാസ്യോസ്) അഥവാ മാർത്തോമ്മാ ആറാമൻ
മാർ ദിവന്നാസ്യോസ് രണ്ടാമൻ (പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ)
മാർ ദിവന്നാസ്യോസ് മൂന്നാമൻ (പുന്നത്ര മാർ ദിവന്നാസ്യോസ്)
മാർ ദിവന്നാസ്യോസ് നാലാമൻ (ചേപ്പാട് മാർ ദിവന്നാസ്യോസ്)
മാർ ദിവന്നാസ്യോസ് അഞ്ചാമൻ (പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ)
മാർ ദിവന്നാസ്യോസ് ആറാമൻ (വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്)

യൂണിറ്റ് അഞ്ച്

# വിശുദ്ധ കുർബാന ഒരു പഠനം

പാഠം 20

# മാർ സേവേറിയോസിന്റെ മാനീസാ

**പാഠോദ്ദേശ്യങ്ങൾ:** 'മാർ സേവേറിയോസിന്റെ മാനീസാ' എന്ന സ്തുതിപ്പ് ഗീതത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. ഭവനത്തിൽ പ്രഭാതപ്രാർത്ഥനാസമയത്ത് ഈ പ്രാർത്ഥന ചൊല്ലുക. വി. കുർബ്ബാനയുടെ ആരംഭത്തിൽ എല്ലാവരും ചേർന്ന് ഈ ഗീതം ചൊല്ലുമ്പോൾ അർത്ഥം മനസ്സിലാക്കി, ഭക്തിയോടെ പങ്കെടുക്കുക.

**മനഃപാഠവാക്യം:** "എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു" (വി. ലൂക്കോസ് 1:46, 47).

**പഠനസഹായികൾ:** വി. കുർബ്ബാനക്രമം, വി. വേദപുസ്തകം, പ്രാർത്ഥനാക്രമം.

### ആമുഖം

വി. കുർബ്ബാനയിൽ എല്ലാവരും പതിവായി പങ്കെടുക്കാറുണ്ടല്ലോ. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ എല്ലാവരും ചേർന്ന് ചൊല്ലുന്ന ഗീതമാണ് "നിൻ മാതാവു വിശുദ്ധന്മാർ..." ഈ ഗീതത്തിന്റെ പേര് മാർ സേവേറിയോസിന്റെ മാനീസാ എന്നാണ്. മാതാവിനെയും വിശുദ്ധരെയും നാം ഓർക്കുകയും കർത്താവിന്റെ ജനനവും കഷ്ടാനുഭവവും ക്രൂശുമരണവും ഉയിർപ്പും ഓർക്കുകയും പരിശുദ്ധ ത്രിത്വത്തിൽ ശരണപ്പെടുകയും ചെയ്യുന്ന ശ്രേഷ്ഠമായ ഒരു ഗീതമാണിത്. ഈ ഗീതവും അതിന്റെ അർത്ഥവും പ്രാധാന്യവുമാണ് നമ്മൾ ഇന്നു പഠിക്കുന്നത്.

### പാഠഭാഗം

### മാർ സേവേറിയോസിന്റെ മാനീസാ

മാർ സേവേറിയോസിന്റെ മാനീസാ എന്നു നാം വിളിക്കുന്ന ഗീതത്തിന്റെ ഗദ്യരൂപം പാമ്പാക്കുട നമസ്കാരത്തിലും മറ്റും "സ്വഭാവപ്രകാരം മരണമില്ലാത്തവനും..." എന്നു തുടങ്ങുന്ന പ്രാർത്ഥനയായി കൊടുത്തിരിക്കുന്നു. ഇന്നു നാം ചൊല്ലുന്ന ഗീതത്തിന്റെ പദാനുപദ ഗദ്യം നാമിപ്പോൾ ഉപയോഗിക്കുന്ന വി. കുർബ്ബാനക്രമത്തിലുണ്ട്.

### എന്താണ് 'മാനീസാ?'

'മാനീസാ' എന്ന സുറിയാനിപദത്തിന് 'സ്തുതിപ്പ്' എന്നാണർത്ഥം. നമ്മുടെ സഭയുടെ ആരാധനയിൽ ഉപയോഗിക്കുന്ന സ്തുതിപ്പുകൾ വി. വേദപുസ്തകത്തിലും ആദിമ സഭയുടെ ആരാധനാക്രമത്തിലും കാണുന്ന സ്തുതിപ്പുകളുടെ സ്വഭാവത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. പൗലോസ് ശ്ലീഹാ എഫേസ്യലേഖനത്തിൽ പറയുന്നു: "ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയകീർത്തനങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനുംവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" (എഫേ. 5:19–20).

ആരാധനയിലെ മൂന്നുതരത്തിലുള്ള സംഗീതങ്ങളെപ്പറ്റിയാണിവിടെ പരാമർശിക്കുന്നത്. സങ്കീർത്തനങ്ങൾ (Psalms), സ്തുതിപ്പുകൾ (Hymns), ആത്മീയഗീതങ്ങൾ (Spiritual songs) എന്നിവയാണ് പൗലോസ് പറയുന്ന ഗീതങ്ങൾ. 'നിൻ മാതാവു വിശുദ്ധന്മാർ' എന്നു തുടങ്ങുന്ന പാട്ട് ഇതിൽ രണ്ടാമതു പരാമർശിക്കപ്പെടുന്ന കൂട്ടത്തിലുള്ളതാണ്. ഇവ വെറും പാട്ടുകൾ എന്നതിലുപരി സഭയുടെ വിശ്വാസം പ്രഖ്യാപിക്കുന്ന അവസരങ്ങൾ കൂടിയാണ്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരരഹസ്യത്തെ സംബന്ധിച്ചാണ് മാർ സേവേറിയോസ് പാടിയിരിക്കുന്നത്. ഇതിന്റെ ഉള്ളടക്കം സൂക്ഷ്മമായി പരിശോധിച്ചാൽ ഇതു സ്തുതിപ്പിനോടൊപ്പം ഒരു നല്ല വിശ്വാസപ്രഖ്യാപനം (Creed) കൂടിയാണെന്നു മനസ്സിലാക്കാം.

## അന്ത്യോഖ്യയിലെ മാർ സേവേറിയോസ് (എ. ഡി. 465-538)

പൗരസ്ത്യസഭകളിലെ വലിയ പിതാക്കന്മാരിൽ ഒരുവനായിരുന്ന മാർ സേവേറിയോസ് ക്രിസ്തുവർഷം 465-ൽ പിസിദ്യായിലെ സൊസോപോലീസ് (Sozopolis of Pisidia) എന്ന പട്ടണത്തിൽ ജനിച്ചു. കുലീനകുടുംബത്തിൽ പിറന്ന ഇദ്ദേഹം വലിയ സാംസ്കാരിക കേന്ദ്രമായിരുന്ന അലക്സാന്ത്രിയയിലാണ് ഭാഷയും പ്രസംഗകലയുമൊക്കെ അഭ്യസിച്ചത്. അതിനുശേഷം ബെയ്റൂട്ടിൽ (Beirut) പോയി റോമൻ നിയമത്തിൽ അവഗാഹം നേടി. അവിടെ വച്ചാണ് ഇദ്ദേഹം കപ്പദോക്യൻ പിതാക്കന്മാരെപ്പറ്റി അറിയുന്നതും ക്രിസ്തീയസ്നാനമേറ്റതും. തീക്ഷ്ണമായ സന്യാസവ്രതങ്ങൾ സ്വീകരിച്ച മാർ സേവേറിയോസ് വലിയ നിയമപണ്ഡിതനായിട്ടുകൂടി യെരുശലേമിൽ താമസിച്ച് സന്യാസിയായി ജീവിക്കുവാനാണ് ഇഷ്ടപ്പെട്ടത്. തന്റെ പിതൃസ്വത്തുക്കളെല്ലാം പാവങ്ങൾക്ക് ദാനം ചെയ്ത സേവേറിയോസ് 'ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കുവാൻ വിചാരിക്കാതെ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെക്കുറിച്ച്' പാടുക മാത്രമല്ല, തന്റെ സ്വന്തം ജീവിതത്തിൽ അതു പ്രാവർത്തികമാക്കുകയും ചെയ്തു.

കൽക്കദോൻ സുന്നഹദോസിനുശേഷം നമ്മുടെ കർത്താവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള യോജിപ്പിനെ സംബന്ധിച്ചുണ്ടായ തർക്കത്തിൽ 'ഇരുസ്വഭാവവാദികളെ' ശക്തമായി നേരിട്ട പിതാക്കന്മാരിൽ അഗ്രഗണ്യനായിരുന്നു മാർ സേവേറിയോസ്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും കത്തുകളും വേദവിപരീതികളുമായി നടത്തിയ സംവാദങ്ങളുമെല്ലാം ക്രിസ്തുശാസ്ത്രപരമായി സുവ്യക്തമായി അറിവു പകരുന്നവയാണ്. എ. ഡി. 512-ൽ അന്ത്യോഖ്യയിലെ പാത്രിയർക്കീസായി അവരോധിക്കപ്പെട്ട ഇദ്ദേഹം തന്റെ സ്ഥാനാരോഹണപ്രസംഗത്തിൽതന്നെ നിഖ്യാ, കുസ്തന്തീനോപ്പോലീസ്, എഫേസൂസ് എന്നീ സുന്നഹദോസുകളിലെ വിശ്വാസപ്രഖ്യാപനങ്ങളെ പുകഴ്ത്തുകയും കൽക്കദോൻ സുന്നഹദോസിൽ വേദവിപരീതികളായി വന്നവരെ തള്ളിപ്പറയുകയും ചെയ്തു. കൽക്കദോൻ സുന്നഹദോസുകളെ തള്ളിപ്പറഞ്ഞവരെ (Non-Chalcedonians) ക്രൂരമായി പീഡിപ്പിച്ചിരുന്ന അക്കാലത്ത് അദ്ദേഹം ധാരാളം കഷ്ടപ്പെടുകയും ഈജിപ്തിലേയ്ക്ക് പലായനം ചെയ്യുകയും ചെയ്തു. അവിടെവച്ച് എ. ഡി. 538-ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

"നിൻ മാതാവു വിശുദ്ധന്മാർ..." എന്ന ഗീതം പോലെയുള്ള മഹനീയ കൃതികൾ ചമച്ച അദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ വിശേഷിപ്പിക്കുന്നത് "സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധ സഭ മുഴുവന്റെയും വിവേകമുള്ള വായും, തൂണും, മല്പാനും, പുഷ്പങ്ങൾകൊണ്ട് നിറഞ്ഞ മേച്ചിൽ സ്ഥലവും സംശയം കൂടാതെ മറിയം ദൈവമാതാവെന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനും" എന്നാണ്.

## "നിൻ മാതാവു വിശുദ്ധന്മാർ...": ഒരു പഠനം

നമ്മുടെ ആരാധനകൾ വിശ്വാസപ്രഖ്യാപനങ്ങളുടെ നിമിഷങ്ങളാണ്. വി. കുർബ്ബാനയിലെ ആദ്യത്തെ വിശ്വാസപ്രഖ്യാപനനിമിഷമാണ് "നിൻ മാതാവു വിശുദ്ധന്മാർ..." എന്നു

തുടങ്ങുന്ന ഗീതം ആലപിക്കുന്ന സമയം. യേശുതമ്പുരാന്റെ മനുഷ്യാവതാരരഹസ്യത്തെ സൂചിപ്പിക്കുന്ന ഈ ഗീതം തന്റെ കുരിശാരോഹണത്തിനുശേഷമുള്ള ഉയിർപ്പുവരെയുള്ള സംഗതികൾ ഉൾക്കൊണ്ടിരിക്കുന്നു. മാർ സേവേറിയോസിന്റെ ക്രിസ്തുശാസ്ത്രപരമായ ഉപദേശം പിൽക്കാലത്ത് ഗീതരൂപത്തിലായിത്തീർന്നതാണ്.

**1. ആരംഭം**

വി. കുർബ്ബാനയാരംഭിക്കുമ്പോൾ മറവലിക്കുന്ന സമയം ധൂപം വീശികൊണ്ടു പ്രധാന കാർമ്മികൻ ചൊല്ലുന്ന "മറിയം ദീലേത്തോക്ക്..." (നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു; കർത്താവേ ഞങ്ങളോടു കരുണ തോന്നണമേ) ഈ ഗീതത്തിന്റെ പ്രാരംഭമായിരുന്നിരിക്കണം. പിൽക്കാലത്ത് ഇതൊരു പ്രത്യേക പ്രാർത്ഥനയായി ഇതിൽനിന്നും അടർത്തിമാറ്റിയതാവണം. എന്തായിരുന്നാലും ജനങ്ങൾ ചൊല്ലുന്ന ഗീതത്തിൽ ചെറിയ വ്യത്യാസത്തോടുകൂടി ഇത് ഒന്നുകൂടി ആവർത്തിക്കുന്നു: "നിൻ മാതാവു വിശുദ്ധന്മാർ എന്നിവർ തൻ പ്രാർത്ഥനയാൽ...". പട്ടക്കാരൻ വി. കന്യകമറിയാമിനോടൊപ്പം യോഹന്നാൻ സ്നാപകന്റെ പേരുപറയുന്നതിനു പകരം ഇവിടെ സകല വിശുദ്ധരെയും ഓർക്കുന്നു എന്ന വ്യത്യാസം മാത്രമേയുള്ളൂ.

**2. ക്രിസ്തുശാസ്ത്രപരമായ ഉപദേശം**

ഈ ഗീതത്തിലെ ക്രിസ്തുശാസ്ത്രപരമായ ഉപദേശത്തെ മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പിതാവാം ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കേണം എന്നു വിചാരിക്കാതെ തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിനെ (ഫിലി. 2:5-11) സംബന്ധിച്ചുള്ള രണ്ടു ഭാഗങ്ങളായി തരംതിരിക്കാം.

a. ഒന്നാം ഭാഗത്ത് യേശുക്രിസ്തുവിനെപ്പറ്റി പറയുന്ന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്.
   1. യേശുക്രിസ്തു തന്റെ യഥാർത്ഥസ്വഭാവപ്രകാരം മരണത്തിനു വിധേയനല്ല.
   2. തന്റെ വിലയേറിയ കൃപയാൽ മനുഷ്യകുലം മുഴുവന്റെയും രക്ഷയ്ക്കായി താൻ മനുഷ്യാവതാരം ചെയ്തു.
   3. യേശു "വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള" വി. കന്യകമറിയാമിൽനിന്നും ശരീരം സ്വീകരിച്ചെങ്കിലും തന്റെ യഥാർത്ഥ സ്വഭാവത്തിന് മാറ്റം ഉണ്ടായില്ല.
   4. തന്നിൽ വിശ്വസിക്കുന്ന നമുക്കെല്ലാവർക്കും വേണ്ടി താൻ കുരിശിൽ തറയ്ക്കപ്പെട്ടു.
   5. ഇപ്രകാരമുള്ള ദൈവത്തിന്റെ വചനവും രാജാവുമായ കർത്താവിനെ സ്തുതിക്കും.

b. രണ്ടാം ഭാഗത്ത് യേശുക്രിസ്തുവിന്റെ ഉയിർപ്പിനെ സംബന്ധിച്ചും പരിശുദ്ധ ത്രിത്വവുമായുള്ള ബന്ധത്തെക്കുറിച്ചും താഴെപ്പറയുന്ന കാര്യങ്ങൾ സൂചിപ്പിക്കുന്നു.
   1. യേശുക്രിസ്തു തന്റെ സ്വന്തം മരണത്താൽ നമ്മുടെ മരണത്തെ ഇല്ലാതെയാക്കി (റോമ. 6:4-6).
   2. പുത്രൻതമ്പുരാൻ പരിശുദ്ധ ത്രിത്വത്തിൽ ഒരുവനും പിതാവാം ദൈവത്തോടും ജീവനുള്ള പരിശുദ്ധ റൂഹായോടൊപ്പം സ്തുതിക്കപ്പെട്ടു വന്ദിക്കപ്പെടുന്നവനാകുന്നു (മത്തായി 28:19; 2 കൊരി. 13:13).

## മാർ സേവേറിയോസിന്റെ മാനീസായും മറ്റു വിശ്വാസപ്രഖ്യാപനങ്ങളും

സഭയുടെ ക്രിസ്തുശാസ്ത്രപരമായ ഒരു വിശ്വാസപ്രഖ്യാപനമെന്ന നിലയിൽ ഈ ഗീതത്തെ വിശ്വാസപ്രമാണത്തിലെ രണ്ടാം ഖണ്ഡികയോടും പരി. പൗലോസ് ശ്ലീഹായുടെ ഉപദേശത്തോടും (ഫിലി. 2:5-11) താരതമ്യപ്പെടുത്തി പഠിക്കുന്നതു നന്നായിരിക്കും.

"നിൻ മാതാവു വിശുദ്ധന്മാർ..." എന്ന ഗീതത്തിൽ യേശുക്രിസ്തുവിന്റെ ജനനം മുതൽ ഉയിർപ്പുവരെയുള്ള കാര്യങ്ങൾ മാത്രമേ പരാമർശിക്കുന്നുള്ളൂ. എന്നാൽ വിശ്വാസപ്രമാണത്തിലാകട്ടെ തന്റെ സ്വർഗ്ഗാരോഹണത്തെപ്പറ്റിയും പിതാവാം ദൈവത്തിന്റെ വലതുഭാഗത്ത് താൻ എന്നേയ്ക്കും ഇരിക്കുന്നു എന്നും ജീവനുള്ളവരെയും മരിച്ചുപോയവരെയും വിധിക്കുവാനായി താൻ ഇനിയും വരും എന്നുള്ള വാഗ്ദത്തത്തെ സംബന്ധിച്ചും പറയുന്നു. മരിച്ച് ഉയിർക്കപ്പെട്ടവനായ യേശുവിന്റെ നാമത്തിൽ "സ്വർഗ്ഗവാസികളും ഭൂമിയിലുള്ളവരും അധോലോകത്തിൽ വസിക്കുന്നവരും" വിശ്വസിച്ച് അവന്റെ മുമ്പാകെ മുട്ടുകുത്തി അവനെ വണങ്ങുമെന്നും (ഫിലി. 2:5-11) യേശുക്രിസ്തുവിലൂടെ പിതാവാം ദൈവത്തിന് മഹത്വമുണ്ടാകുമെന്നും വി. പൗലോസ് പറഞ്ഞിരിക്കുന്നു.

## ഉപസംഹാരം

വി. കുർബ്ബാനയുടെ ആരംഭത്തിൽ നടക്കുന്നത് നമ്മുടെ രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിന്റെ രക്ഷാകരനടപടികളെ അനുസ്മരിക്കുക എന്ന മഹനീയ കർമ്മമാണ്. ബേത്‌ലഹേമിൽ ജനിച്ചുവീണ യേശുവിനെ കുമ്പിട്ടു വണങ്ങിയ ദൂതന്മാരോടും ആട്ടിടയന്മാരോടും വിദ്വാന്മാരോടുമൊപ്പം നാമും അവനെ വണങ്ങുന്നു എന്നു സൂചിപ്പിക്കുവാനായി പട്ടക്കാരൻ വി. ത്രോണോസിനെ വലം വച്ച് ധൂപം വീശുകയും മനുഷ്യാവതാര രഹസ്യം നിറഞ്ഞ സത്യസുവിശേഷം നമുക്കെല്ലാവർക്കുമായി ധൂപാർപ്പണത്തോടെ അറിയിക്കുകയും ചെയ്യുന്നു. ധൂപം സ്വീകരിച്ച് വണങ്ങി കുരിശുവരയ്ക്കുന്ന വിശ്വാസികൾ ഈ സുവിശേഷവും ക്രിസ്തുവിലുള്ള വിശ്വാസവും സ്വീകരിച്ച് ഏറ്റുപറയുന്നു.

## നമുക്ക് പ്രാർത്ഥിക്കാം

*ശുദ്ധിമതിയായ മാതാവേ, ഞങ്ങൾക്കുവേണ്ടിയുള്ള അപേക്ഷയെ നീ മുടക്കരുതേ. നിന്റെ ഏകപുത്രൻ ഞങ്ങളെല്ലാവരോടും കൃപചെയ്‌വാനായിട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.*

*സകലത്തിന്റെയും കർത്താവേ, നിന്നെ സ്നേഹിച്ചവരായ നിബിയന്മാരുടെയും നിന്റെ സുവിശേഷം പ്രസംഗിച്ചവരായ ശ്ലീഹന്മാരുടെയും പ്രാർത്ഥനകളാലും അപേക്ഷകളാലും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്റെ നിരപ്പും സമാധാനവും വസിപ്പിക്കണമെ. ആമ്മീൻ.*

## നമുക്ക് പാടാം

ധന്യേ മാതാവേ-നിന്നോടുള്ളൻപാൽ
പാപത്തിൻഭാരം-നാഥൻ നീക്കട്ടെ
ന്യായത്തീർപ്പിങ്കൽ-പായിക്കാതമ്മേ...
പ്രാർത്ഥിക്കേണം നീ-നിൻ പുത്രൻ മുമ്പിൽ
ഹാലേലുയ്യാ-ഉഹാലേലുയ്യാ
നിൻ യാചിപ്പെന്നും-ഞങ്ങൾക്കാലംബം

## നിശ്ചയം

**മാർ സേവേറിയോസ് പിതാവിന്റെ ശ്രേഷ്ഠമായ മാനീസായുടെ അർത്ഥവും പ്രാധാന്യവും ഞങ്ങൾ മനസ്സിലാക്കി ഭവനത്തിൽ പ്രഭാതത്തിൽ പ്രാർത്ഥിക്കുമ്പോഴും വി. കുർബ്ബാനയിൽ പങ്കെടുക്കുമ്പോഴും മറ്റു സന്ദർഭങ്ങളിലും ഈ ഗീതം ചൊല്ലുമ്പോൾ ഞങ്ങൾ അർത്ഥം മനസ്സിലാക്കി ഭക്തിയോടെ ആലപിക്കും.**

## അഭ്യാസങ്ങൾ

1. 'മാർ സേവേറിയോസിന്റെ മാനീസാ' എന്നാൽ എന്താണ്?
2. നമ്മുടെ സഭാപിതാക്കന്മാരുടെയിടയിൽ അന്ത്യോഖ്യയിലെ വി. സേവേറിയോസിന്റെ സ്ഥാനമെന്തെന്നു വ്യക്തമാക്കുക.
3. ഒരു വിശ്വാസിയുടെ ജീവിതത്തിൽ "നിൻ മാതാവു വിശുദ്ധന്മാർ..." എന്ന ഗീതത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.
4. മാർ സേവേറിയോസിന്റെ മാനീസായിലെ വിശ്വാസപ്രഖ്യാപനങ്ങൾ ഏവ?
5. ഈ ഗീതത്തെ നിഖ്യാവിശ്വാസപ്രമാണത്തിലെ രണ്ടാം ഖണ്ഡികയുമായി താരതമ്യപ്പെടുത്തുക.
6. ഈ ഗീതത്തിലെ ആശയവും പൗലോസ് അപ്പോസ്തലൻ ഫിലിപ്യലേഖനത്തിൽ (ഫിലി. 2:5-11) പറഞ്ഞിരിക്കുന്ന ആശയവുമായുള്ള സാമ്യം കണ്ടെത്തുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

പാഠം 21

# ഖണ്ഡിപ്പിന്റെ ശുശ്രൂഷ

**പാഠനോദ്ദേശ്യങ്ങൾ:** വി. കുർബ്ബാനയിലെ ഖണ്ഡിപ്പിന്റെ ശുശ്രൂഷയുടെ പ്രത്യേകതകൾ മനസ്സിലാക്കുക. വി. കുർബ്ബാനയിൽ അർത്ഥം മനസ്സിലാക്കി, ഭക്തിയോടെ പങ്കെടുക്കുക.

**മനഃപാഠവാക്യം:** എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (വി. യോഹ. 6:55, 56).

**പഠനസഹായികൾ:** വി. കുർബ്ബാനക്രമം, വി. വേദപുസ്തകം.

## ആമുഖം

നമ്മുടെ വി. കുർബ്ബാനയിലെ വളരെ ശ്രേഷ്ഠമായ ഒരു ഭാഗമാണ് തുബ്ദേനുകൾ. അവയെക്കുറിച്ച് കഴിഞ്ഞവർഷം (ക്ലാസ്സ് 9, യൂണിറ്റ് 5) പഠിച്ചു.

തുബ്ദേൻ വായനകൾ കഴിഞ്ഞ് 'അൻപുടയോനെ...' എന്ന ഗീതം ആലപിക്കുമ്പോൾ മറവലിച്ച് വി. മദ്ബഹായിൽ നടക്കുന്ന രഹസ്യശുശ്രൂഷയെയാണ് 'ഖണ്ഡിപ്പിന്റെ ശുശ്രൂഷ' എന്നു പറയുന്നത്. യേശുതമ്പുരാൻ വി. കുർബ്ബാന സ്ഥാപനവേളയിൽ പറഞ്ഞ നാലുവാക്കുകളുടെ അടിസ്ഥാനത്തിൽ (യേശു തന്റെ തൃക്കൈകളിൽ അപ്പം എടുത്തു, വാഴ്ത്തി, മുറിച്ചു, കൊടുത്തു) നമ്മുടെ വി. കുർബ്ബാനയെ നാലുഘട്ടങ്ങളായി തരംതിരിക്കാറുണ്ട്. 'എടുക്കുക' എന്നത് ഒരുക്കശുശ്രൂഷയെയും വചനശുശ്രൂഷയെയും കുറിക്കുന്നു. 'വാഴ്ത്തുക' എന്നത് പട്ടക്കാരൻ പദവിമേൽ കയറിനിന്നുകൊണ്ട് തുബ്ദേൻ വരെ നടത്തുന്ന ശുശ്രൂഷകളാണ്. 'മുറിക്കുക' എന്ന കർമ്മമാണ് ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ നടക്കുന്നത്. 'കൊടുക്കുക' എന്നതു കർതൃപ്രാർത്ഥന മുതൽ വി. കുർബ്ബാന സ്വീകരണം വരെയുള്ള ഘട്ടമാണ്. ഖണ്ഡിപ്പിന്റെ ശുശ്രൂഷയിലെ വിവിധ സംഗതികൾ നമുക്ക് പരിശോധിക്കാം.

## പാഠഭാഗം

### രണ്ടാം ആശീർവാദം

വി. കുർബ്ബാനയിലെ മൂന്ന് ആശീർവാദങ്ങളിൽ രണ്ടാമത്തേത് നടത്തിക്കഴിയുമ്പോഴാണ് മറ വലിച്ചിടുന്നതും 'അൻപുടയോനെ...' എന്ന ഗീതം ആലപിക്കുന്നതും. മറ്റു രണ്ട് ആശീർവാദങ്ങൾ ത്രിത്വനാമത്തിലാണെങ്കിലും ഈ സമയത്തെ ആശീർവാദം പുത്രൻതമ്പുരാനെ കേന്ദ്രമാക്കിയുള്ളതാണ്. "വലിയവനും നമ്മുടെ രക്ഷകനുമായ യേശു മശിഹായാകുന്ന ദൈവത്തിന്റെ കരുണ, എന്റെ സഹോദരങ്ങളെ, നിങ്ങളെല്ലാവരോടും കൂടി എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ" എന്നു പറയുന്ന ഈ ആശീർവാദം പൗലോസ് അപ്പോസ്തലൻ 1 കൊരി. 16:23, ഗലാത്യർ 6:18 എന്നീ ഭാഗങ്ങളിൽ പറയുന്ന ആശീർവാദത്തിനു സമമാണ്.

### കാസോലിക്കി

മറവലിച്ചുകഴിഞ്ഞ് നാം ആലപിക്കുന്ന ഗീതത്തെ സുറിയാനിഭാഷയിൽ 'കാതോലിക്കി' അഥവാ 'കാസോലിക്കി' എന്നു വിളിക്കുന്നു. 'പൊതുവായ പ്രാർത്ഥന' എന്നാണ് ഈ പദത്തിന്റെ അർത്ഥം. ഈ ഗണത്തിൽ വിശേഷദിവസങ്ങൾക്ക് പ്രത്യേക ഗീതങ്ങൾ ഉപയോഗിക്കാറുണ്ട്. എങ്കിലും സാധാരണയായി നാം രണ്ടു ഗീതങ്ങളാണ് ചൊല്ലാറുള്ളത്.

**1. അൻപുടയോനെ... എന്ന ഗീതം**

സുറിയാനിയിൽ 'ബ്തറഓ ദീലോക്' എന്നാരംഭിക്കുന്ന ഈ ഗീതം ധ്യാനാത്മകമായി ആലപിക്കപ്പെടുന്ന ഗീതമാണ്. നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ സൂചിപ്പി

ക്കുന്ന വി. കുർബ്ബാനയപ്പം മുറിക്കുന്ന വേളയിൽ നാം ദൈവത്തോടു കരുണ യാചിക്കുന്ന ഗാനമാണിത്. നമുക്കുവേണ്ടി കുരിശിൽ മരിച്ച നമ്മുടെ കർത്താവിനോടു നാം കരുണ യാചിക്കുന്ന നിമിഷവുമാണിത്.

**2. സ്രാപ്പികളെ കണ്ടേശായാ...**

യെശയ്യാ പ്രവാചകൻ കാണുന്ന സ്വർഗ്ഗീയ ദർശനത്തിലെ പശ്ചാത്തലത്തിൽ (യെശ. 6:1-8) ചമയ്ക്കപ്പെട്ട ഒരു ഗീതമാണിത്. മാലാഖമാരുടെ വൃന്ദം രക്ഷകനായ ക്രിസ്തുവിനെ ആരാധിക്കുന്നതായി നാം മനസ്സിലാക്കുന്ന സ്വർഗ്ഗീയ നിമിഷമാണിത്. അതിനാലാണ് ഈയവസരത്തിൽ ആരുംതന്നെ പള്ളിക്കു പുറത്തുപോവുകയോ, മറ്റു കാര്യങ്ങളിൽ ഇടപെടുകയോ ചെയ്യരുതെന്ന് നിഷ്കർഷിക്കുന്നത്.

## ഖണ്ഡിപ്പിന്റെ ശുശ്രൂഷ

പീലാസായിൽ വച്ചിരിക്കുന്ന വി. കുർബ്ബാനയപ്പത്തെ കാർമ്മികൻ മുറിക്കുന്നതുകൊണ്ടാണ് ഈ ശുശ്രൂഷയെ 'ഖണ്ഡിപ്പിന്റെ' ശുശ്രൂഷയെന്നു പറയുന്നത്. ഈ ശുശ്രൂഷയിൽ മൂന്നു കാര്യങ്ങൾ നടക്കുന്നു: a) അപ്പത്തിന്റെ വിഭജനം; b) മുറിച്ച അപ്പത്തെ കാസായിലുള്ള തിരുരക്തംകൊണ്ട് മുദ്രയിടുന്ന ഭാഗം; c) തിരുശരീരം തിരുരക്തത്തിലും തിരുരക്തം തിരുശരീരത്തിലും കലർത്തുന്ന ഭാഗം എന്നിവയാണവ. രഹസ്യമായി നടത്തുന്ന ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ ദിവന്നാസ്യോസ് ബർസ്ലീബി എന്ന പിതാവ് എഴുതിയ ഒരു പ്രാർത്ഥനയാണ് കാർമ്മികൻ ചൊല്ലുന്നത്. ഇത് ഒരു പ്രാർത്ഥനയെന്നതിലുപരി സഭയുടെ മറ്റൊരു വിശ്വാസപ്രഖ്യാപനം കൂടിയാണ്. ഈ വിശ്വാസപ്രഖ്യാപനത്തിൽ താഴെപ്പറയുന്ന സംഗതികളാണ് കാർമ്മികൻ ഏറ്റുപറയുന്നത്.

a. യേശുവിന്റെ ക്രൂശുമരണത്തിലൂടെ വചനമായ ദൈവമാണ് മനുഷ്യരക്ഷയ്ക്കായി മുറിക്കപ്പെടുകയും ബലിയായിത്തീരുകയും ചെയ്തത്.
b. ക്രൂശിലെ മരണം മൂലം നമ്മുടെ കർത്താവിന്റെ ശരീരത്തിൽനിന്നോ ആത്മാവിൽനിന്നോ ദൈവത്വം വേർപെട്ടില്ല.
c. സൃഷ്ടി മുഴുവന്റെയും പാപപരിഹാരാർത്ഥമാണ് യേശു കുരിശിൽ മരിച്ചത്; അതുമൂലം ഇടത്തേതിനടുത്തവരായ (പാപികളായ) നാമേവരും വലത്തേതിനടുത്തവരായി (വിശുദ്ധരായി) രൂപാന്തരം പ്രാപിക്കുന്നു.
d. തന്റെ രക്തച്ചൊരിച്ചിൽകൊണ്ട് യേശു ലോകത്തിൽ യോജിപ്പിച്ചതിനുശേഷം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗീയരെയും ഭൗമികരെയും സ്വജാതികളെയും വിജാതികളെയും തമ്മിൽ നിരപ്പിക്കുവാനുള്ള (reconciliation) ദൈവികശുശ്രൂഷയായിരുന്നു യേശുവിന്റെ കുരിശിലെ ബലി. പട്ടക്കാരൻ രഹസ്യമായി ചൊല്ലുന്ന ഈ പ്രാർത്ഥന അവസാനിക്കുന്നത് "ഇപ്രകാരം ഞങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെ ഞങ്ങൾ ഏറ്റുപറയുന്നു, ഇങ്ങനെ ഞങ്ങൾ ഉറപ്പിച്ചുപറയുകയും ചെയ്യുന്നു" എന്നു ചൊല്ലിയാണ്.

## ലുത്തിനിയാകൾ

'അൻപുടയോനെ...' എന്ന ഗീതമാലപിച്ചശേഷം ശുശ്രൂഷക്കാരൻ ചൊല്ലുന്ന അപേക്ഷകളാണ് ലുത്തിനിയാകൾ (Litanies). സമസ്ത ലോകത്തിനും വേണ്ടി കുരിശിന്മേൽ യാഗമായിത്തീർന്ന നമ്മുടെ കർത്താവിനോടു കൃപകളെ യാചിക്കുന്ന രീതിയിലാണ് ഈ പ്രാർത്ഥനകൾ എഴുതപ്പെട്ടിരിക്കുന്നത്.

## ഉപസംഹാരം

പാപം മൂലം നഷ്ടപ്പെട്ട പറുദീസായിലേയ്ക്ക് നമുക്കുള്ള പ്രവേശനം സാധ്യമാക്കിയ നമ്മുടെ കർത്താവിന്റെ ക്രൂശുമരണത്തെയും ഉയിർപ്പിനെയും അനുസ്മരിച്ചശേഷം മറവലിച്ചുനീക്കി നാം കർത്തൃപ്രാർത്ഥന ചൊല്ലുവാനായി തയ്യാറാകുന്നു. എബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ (എബ്രായർ 10:19-22) "യേശു തന്റെ ദേഹം എന്ന

തിരശീലയിൽക്കൂടി നമുക്കായി പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി തന്റെ രക്തത്താൽ" നാം പിതാവാം ദൈവത്തിങ്കലേയ്ക്ക് അടുത്തുവരുന്നു. "അബ്ബാപിതാവേ..." എന്നു വിളിക്കുവാനുള്ള സ്വാതന്ത്ര്യത്തോടെ (ഗലാത്യർ 4:6-7) നാം "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന ചൊല്ലുന്നു (മത്തായി 6:9-13).

## നമുക്ക് പ്രാർത്ഥിക്കാം

(വി. കുർബ്ബാനാനുഭവത്തിനു മുമ്പുള്ള പ്രാർത്ഥന)

*ദൈവമായ കർത്താവേ, നിന്റെ പരിശുദ്ധ ശരീരം ഭക്ഷിപ്പാനും പാപപരിഹാരം നൽകുന്ന നിന്റെ രക്തം പാനം ചെയ്യുവാനും ഞങ്ങളെ യോഗ്യരാക്കണമെ. എന്റെ കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമേ, നിന്റെ തിരുവിഷ്ടത്തെ പ്രസാദിപ്പിച്ചിട്ടുള്ള സകലരോടും കൂടെ സ്വർഗ്ഗരാജ്യത്തിന് ഞങ്ങൾ അവകാശികളായിത്തീരണമെ. ആമ്മീൻ.*

## നമുക്ക് പാടാം

അഗ്നിമയന്മാർ ആരെ നോക്കിൽ വിറച്ചീടുന്നു
അവനെ മേശയിൽ അപ്പം വീഞ്ഞായ് നീ കാണുന്നു
ആരെ മിന്നലുടുത്തോർ നോക്കുകിൽ എരിയുന്നുടനെ
അവനെ മൺമയർ ഭക്ഷിച്ചു മുഖം തെളിയുന്നേറ്റം

## നിശ്ചയം

**വി. കുർബ്ബാനയിലെ ഖണ്ഡിപ്പിന്റെ ശുശ്രൂഷയുടെ പ്രത്യേകതകൾ ഞങ്ങൾ മനസ്സിലാക്കി. ഇനി മേലിൽ, ഈ ശുശ്രൂഷയുടെ സമയത്ത് ഞങ്ങൾ ഭക്തിയോടെ അതിൽ പങ്കെടുത്ത് പ്രാർത്ഥിക്കും.**

### നമുക്ക് ചിന്തിക്കാം

1. വി. കുർബ്ബാന സ്ഥാപനത്തിൽ കർത്താവു പറഞ്ഞ നാലു ക്രിയാരൂപങ്ങൾ ഏവ? വി. കുർബ്ബാനയെ ഇതനുസരിച്ച് എങ്ങനെ ഘട്ടംഘട്ടമായി വേർതിരിക്കാം?
2. വി. കുർബ്ബാനയിലെ മൂന്ന് ആശീർവാദങ്ങളിൽ രണ്ടാമത്തെ ആശീർവാദത്തിന്റെ പ്രത്യേകത എന്ത്?
3. ഈ ആശീർവാദത്തിനു സമമായി വി. വേദപുസ്തകത്തിൽ നൽകിയിരിക്കുന്ന ആശീർവാദമേത്?
4. 'കാസോലിക്കി' എന്ന സുറിയാനിപദത്തിന്റെ അർത്ഥമെന്ത്?
5. "സ്രാപ്പികളെ കണ്ടേശായാ..." എന്ന ഗീതത്തിന്റെ വേദപുസ്തകാടിസ്ഥാനം എന്ത്?
6. ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ നടക്കുന്ന മൂന്ന് കാര്യങ്ങൾ ഏതെല്ലാം?
7. "ഖണ്ഡിപ്പിന്റെ ശുശ്രൂഷാസമയം കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥന സഭയുടെ മറ്റൊരു വിശ്വാസപ്രഖ്യാപനം കൂടിയാണ്" - സമർത്ഥിക്കുക.
8. ഈ ശുശ്രൂഷയുടെ അവസാനഭാഗത്തെ 'ലുത്തിനിയാ'കളുടെ പ്രത്യേകത എന്ത്?

### പ്രവർത്തനങ്ങൾ

1. "അൻപുടയോനെ..." എന്ന ഗീതത്തിന്റെ ഭാഗങ്ങൾ ഗദ്യരൂപത്തിൽ കൗമായുടെ ഒരു പ്രാർത്ഥനയിലുണ്ട്; കണ്ടുപിടിക്കുക.
2. ഖണ്ഡിപ്പിന്റെ ശുശ്രൂഷാസമയം ചൊല്ലുന്ന ലുത്തിനിയാകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക. അവ ഓരോന്നും ശ്രദ്ധയോടെ വായിച്ച് അർത്ഥം മനസ്സിലാക്കുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

യൂണിറ്റ് 6

# വിശ്വാസസത്യങ്ങൾ

പാഠം 22

## വി. ത്രിത്വം

**പഠനോദ്ദേശ്യങ്ങൾ:** ക്രിസ്തീയ സഭ പിന്തുടരുന്ന ത്രിത്വവിശ്വാസത്തെക്കുറിച്ച് മനസ്സിലാക്കുക. ത്രിത്വവിശ്വാസത്തിന്റെ പഴയനിയമ പുതിയനിയമ അടിസ്ഥാനങ്ങൾ മനസ്സിലാക്കുക. ത്രിത്വവിശ്വാസത്തിന് സഭാജീവിതത്തിലുള്ള പ്രാധാന്യം മനസ്സിലാക്കുക. ദൈവത്തെ ത്രിത്വനാമത്തിൽ സ്തുതിക്കുക.

**മനഃപാഠവാക്യം:** "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട്, യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു" (യെശ. 61:1).

**പഠനസഹായികൾ:** കർത്താവിന്റെ മാമോദീസായുടെ ഒരു ചിത്രം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, കുടുംബാരാധനക്രമം.

### ആമുഖം

ക്രിസ്തീയസഭയുടെ പ്രത്യേകത ത്രിത്വവിശ്വാസമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു ആളത്വങ്ങൾ അടങ്ങിയ ഏകദൈവത്തിലാണ് നാം വിശ്വസിക്കുന്നത്. മൂന്നു ആളത്വങ്ങളും പൂർണ്ണമായും ദൈവത്വമുള്ളവരാണ്. എന്നാൽ ദൈവങ്ങൾ ഉണ്ടെന്ന് ക്രിസ്തീയസഭ പറയുന്നില്ല. ഒരേസമയം ത്രിത്വവും ഏകവുമാണ് ദൈവം. അതുകൊണ്ടാണ് ത്രിയേകദൈവം എന്നു പറയുന്നത്. ദൈവം എണ്ണത്തിനും നിർവചനത്തിനും അതീതനാണ്. ഒരൊറ്റ ദൈവം, മൂന്നു ദൈവങ്ങൾ എന്നിങ്ങനെ ദൈവത്തെ സംഖ്യകളിൽ പരിമിതപ്പെടുത്താനാവില്ല. മനുഷ്യബുദ്ധിക്ക് അതീതമായ രഹസ്യമാണ് ദൈവം. മനുഷ്യബുദ്ധിയെ സൃഷ്ടിച്ചത് ദൈവമാണ്. അതിനാൽ സൃഷ്ടിക്ക് സ്രഷ്ടാവിനെ ഉൾക്കൊള്ളാനാവില്ല. എങ്കിലും വി. ത്രിത്വത്തിന്റെ അടിസ്ഥാന ആശയങ്ങൾ നാം മനസ്സിലാക്കേണ്ടതാണ്. അവയാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

### പാഠഭാഗം

എല്ലാ പ്രാർത്ഥനകളിലും ത്രിത്വവിശ്വാസം നാം ഏറ്റുപറയുന്നുണ്ട്: "പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി" എന്നുള്ള ത്രിത്വസ്തുതിയോടെയാണല്ലോ പ്രാർത്ഥനകളും കൂദാശാനുഷ്ഠാനങ്ങളും ആരംഭിക്കുന്നത്. കാനോനിക പ്രാർത്ഥനകൾക്കും കൂദാശയിലെ ഗീതങ്ങൾക്കും ഇടയിൽ 'ശുബഹോ...' എന്നു സുറിയാനിയിൽ ചൊല്ലുന്നതും മേൽപ്പറഞ്ഞ ത്രിത്വസ്തുതി തന്നെയാണ്. പ്രാർത്ഥനകൾ അവസാനിക്കുന്നതും ത്രിത്വനാമത്തിലുള്ള ആശീർവാദത്തോടെയാണ്. വി. കുർബ്ബാനയിൽ ശോശപ്പാ ആഘോഷം കഴിഞ്ഞ് ത്രിത്വനാമത്തിൽ പട്ടക്കാരൻ ജനങ്ങളെ ആശീർവദിക്കുന്നു. "പിതാവാം ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംബന്ധവും നിങ്ങൾ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ." വി. പൗലൂസ് രണ്ടാം കൊരിന്ത്യലേഖനം അവസാനിപ്പിക്കുന്നത് ഈ ആശീർവാദത്തോടെയാണ് (2 കൊരി. 13:14).

വി. കുർബ്ബാനയിൽ "ഈ വിശുദ്ധതകൾ വിശുദ്ധന്മാർക്കും വെടിപ്പുള്ളവർക്കും മാത്രം" നൽകപ്പെടുന്നു എന്ന പ്രഖ്യാപനത്തോടെ അപ്പവീഞ്ഞുകൾ ഉയർത്തി ആഘോഷിച്ചതിനുശേഷം 'പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ' 'നമ്മോടുകൂടെ' എന്ന പ്രഖ്യാപനം നടത്തുന്നുണ്ട്. വി. കുർബ്ബാനയിലും മറ്റു പ്രാർത്ഥനകളിലും നാം ഒരുമിച്ചുകൂടിയിരിക്കുന്നത് വി. ത്രിത്വത്തിന്റെ സന്നിധിയിൽ ആണെന്നും വി. ത്രിത്വത്തിനാണ് ആരാധന അർപ്പിക്കുന്നതെന്നും ഈ പ്രാർത്ഥനകൾ സൂചിപ്പിക്കുന്നു.

## പരിശുദ്ധ ത്രിത്വം പഴയനിയമത്തിൽ

ഏകദൈവവിശ്വാസികളാണ് യഹൂദന്മാർ. "യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു, യഹോവ ഏകൻ തന്നെ" (ആവ. 6:4). യഹൂദന്മാരുടെ വിശ്വാസപ്രമാണമായിരുന്നു ഈ വാക്യം. എന്നാൽ ത്രിത്വവിശ്വാസത്തിന്റെ സൂചനകൾ പഴയനിയമത്തിലുടനീളം കാണുന്നുണ്ട്. ആദാമിനെ സൃഷ്ടിക്കുന്നതിനുമുമ്പ് ത്രിത്വത്തിലെ ആളത്വങ്ങൾ ഇപ്രകാരം പരസ്പരം സംസാരിച്ചു: "അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" (ഉല്പ. 1:26). "ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു" (ഉല്പ. 1:27). ഇവിടെ ആദ്യത്തെ വാക്യത്തിൽ ബഹുവചനവും ('നാം' 'നമ്മുടെ') രണ്ടാമത്തേതിൽ ഏകവചനവും ('തന്റെ') ഉപയോഗിച്ചിരിക്കുന്നു. ദൈവം ത്രിത്വവും ഏകത്വവും ആണെന്ന് ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നു. പഴയനിയമത്തിൽ ദൈവത്തിന്റെ വചനത്തെപ്പറ്റിയും പരിശുദ്ധാത്മാവിനെപ്പറ്റിയുമുള്ള സൂചനകൾ കാണുന്നു: "യഹോവയുടെ (പിതാവ്) വചനത്താൽ (പുത്രൻ) ആകാശവും അവന്റെ വായിലെ ശ്വാസത്താൽ (റൂഹാ) അതിലെ സകല സൈന്യവും ഉളവായി" (സങ്കീ. 33:6). ഇവിടെ 'ശ്വാസം' എന്നതിന് ഹീബ്രുവിലും സുറിയാനിയിലും റൂഹാ (ആത്മാവ്) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ലോകസൃഷ്ടിയിൽ പിതാവാം ദൈവത്തോടൊപ്പം പ്രവർത്തിച്ച പുത്രനെയും പരിശുദ്ധാത്മാവിനെപ്പറ്റിയുമാണ് ഇവിടെ പരാമർശിക്കുന്നത് (സങ്കീ. 147:18 കാണുക; വചനം കാറ്റ് അഥവാ റൂഹാ എന്നിവയെപ്പറ്റി പരാമർശിക്കുന്നു). "നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയുമരുതേ" (സങ്കീ. 51:11) എന്ന് സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു. "എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു" (യെശ. 61:1). നസ്രേത്തിലെ സുനഗോഗിൽ, ശാബതിൽ ഈ പ്രവചനഭാഗം വായിച്ചുകൊണ്ടാണ് യേശുക്രിസ്തു പരസ്യശുശ്രൂഷ ആരംഭിച്ചത് (ലൂക്കോസ് 4:16-19).

## പരിശുദ്ധ ത്രിത്വം പുതിയനിയമത്തിൽ

വി. ത്രിത്വത്തെപ്പറ്റി ഭാഗികമായ വെളിപാടുകളാണ് പഴയനിയമത്തിലുണ്ടായത്. എന്നാൽ പൂർണ്ണമായ വെളിപാട് പുതിയനിയമത്തിലുണ്ടായി. പിതാവ്, പരിശുദ്ധാത്മാവ് എന്നീ രണ്ട് ആളത്വങ്ങളെപ്പറ്റി യേശുക്രിസ്തു വെളിപ്പെടുത്തി. തുടർന്ന് വി. പൗലൂസ് തുടങ്ങിയ പുതിയനിയമ എഴുത്തുകാർ അവർക്ക് ലഭിച്ച ദൈവികവെളിപാടുകൾ അനുസരിച്ച് വി. ത്രിത്വത്തെപ്പറ്റി പഠിപ്പിച്ചു.

വി. ത്രിത്വം ആദ്യമായി വെളിപ്പെട്ടത് കർത്താവിന്റെ മാമോദീസായിലാണ്. യേശുക്രിസ്തു യോർദ്ദാനിൽ സ്നാനമേൽക്കുമ്പോൾ: "സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ (യോഹന്നാൻ) കണ്ടു; ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദവും ഉണ്ടായി" (മത്താ. 3:16-17; ലൂക്കോസ് 3:21-22; മർക്കോസ് 1:10-11; യോഹ. 1:32-34). പുത്രൻ മനുഷ്യരൂപത്തിലും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിലും പിതാവ് തന്റെ

ശബ്ദത്തിലും യോർദ്ദാനിൽ സാന്നിധ്യം അറിയിച്ചു. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പിതാവാം ദൈവത്തെപ്പറ്റി ധാരാളമായ പരാമർശനങ്ങളുണ്ട്. കർത്തൃപ്രാർത്ഥന 'സ്വർഗ്ഗസ്ഥനായ പിതാവിനെ'യാണല്ലോ സംബോധന ചെയ്തിരിക്കുന്നത്. വി. ത്രിത്വത്തിലെ ഒന്നാമത്തെ ആളത്വത്തെ 'പിതാവ്' എന്ന് യേശുക്രിസ്തു സംബോധന ചെയ്തിരിക്കുന്നുവെങ്കിലും പിതാവിന്റെ വെളിപാട് ശബ്ദത്തിലൂടെ മാത്രമാണ് പുതിയനിയമത്തിലുണ്ടായത്. ദൈവം മനുഷ്യചിന്തയ്ക്കും ബുദ്ധിക്കും അതീതനും അദൃശ്യനുമാണ്.

യോർദ്ദാനിലെ വെളിപാടു കൂടാതെ യേശുക്രിസ്തുവിന്റെ താബോർമലയിലെ മഹത്വപ്രത്യക്ഷീകരണസമയത്തും പിതാവ് ശബ്ദത്തിലൂടെ വെളിപ്പെടുകയും പുത്രനെ സാക്ഷിക്കുകയും ചെയ്തു. "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവനു ചെവികൊടുപ്പീൻ" എന്നു ഒരു ശബ്ദവുമുണ്ടായി (മത്താ. 17:1-9; മർക്കോസ് 9:2-10; ലൂക്കോസ് 9:28-36; 2 പത്രോ. 1:17-18). പരിശുദ്ധാത്മാവും അദൃശ്യനും മനുഷ്യബുദ്ധിക്ക് അതീതനുമാണ്. പ്രാവിന്റെ രൂപത്തിൽ യോർദ്ദാനിലും അഗ്നിനാവുകളുടെ രൂപത്തിൽ പെന്തിക്കോസ്തി ദിനത്തിലും (അ. പ്ര. 2:1-4) കാറ്റിന്റെ രൂപത്തിൽ സൃഷ്ടിയുടെ ആരംഭത്തിലും (ഉല്പ. 1:2) പരിശുദ്ധാത്മാവ് വെളിപ്പെട്ടു. രൂപരഹിതനായതുകൊണ്ടാണ് വ്യത്യസ്ത രൂപങ്ങൾ വെളിപാടിൽ ദൈവാത്മാവ് സ്വീകരിച്ചത്.

## പരിശുദ്ധ ത്രിത്വം സഭാജീവിതത്തിൽ

ത്രിയേക ദൈവം ഒരു 'സമൂഹ'മാണ്. മാമോദീസാ മൂലം ക്രിസ്തുവിനോടു ചേർക്കപ്പെടുകയും വി. കുർബ്ബാന അനുഭവം വഴി ക്രിസ്തുവിൽ വസിക്കുകയും ചെയ്യുന്ന വിശ്വാസികൾ ഈ സമൂഹത്തോട് അടുത്തുചെല്ലുന്നു. അതിനാണ് സംബന്ധം (communion) എന്നു പറയുന്നത്. വി. ത്രിത്വത്തോട് ചേർന്നുള്ള ജീവിതത്തെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. വി. ത്രിത്വത്തോടുള്ള സംബന്ധം സാധ്യമാകുന്നത് പ്രാർത്ഥനയിലൂടെയാണ്. വി. മാമോദീസായിൽ നാം ക്രിസ്തുവിനോടു ചേരുകയും മൂറോൻ അഭിഷേകത്തിലൂടെ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുകയും നാം സ്വർഗ്ഗീയപിതാവിന്റെ മക്കളായിത്തീരുകയും ചെയ്യുന്നു. ഓരോ പ്രാർത്ഥനയും ത്രിത്വത്തോടുള്ള ബന്ധത്തെ ദൃഢമാക്കുന്നു. "നിങ്ങൾ മക്കൾ ആകകൊണ്ട് 'അബ്ബാപിതാവേ' എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു. അങ്ങനെ നീ ഇനി ദാസനല്ല പുത്രനത്രെ; പുത്രനെങ്കിലോ ദൈവഹിതത്താൽ അവകാശിയും ആകുന്നു" (ഗലാ. 4:6-7; റോമർ 8:15).

ത്രിത്വനാമത്തിൽ വി. മാമോദീസാ നൽകുവാനാണ് കർത്താവ് ശിഷ്യന്മാരോടു കല്പിച്ചത് (മത്താ. 28:19). കാരണം പിതാവാം ദൈവത്തിൽനിന്നും പാപം മൂലം അകന്നുപോയ മനുഷ്യവർഗ്ഗത്തെ ദൈവസംസർഗ്ഗത്തിൽ തിരികെ കൊണ്ടുവരികയായിരുന്നു മനുഷ്യാവതാരത്തിന്റെ ലക്ഷ്യം. അതിന്റെ പൂർത്തീകരണമാണ് വി. മാമോദീസായും വി. കുർബ്ബാനാനുഭവവും.

## നമുക്ക് പ്രാർത്ഥിക്കാം

വി. ത്രിത്വത്തോടുള്ള പ്രാർത്ഥന ഇവിടെ എല്ലാവരും ചേർന്ന് ചൊല്ലുക. (കുടുംബാരാധന ക്രമത്തിൽ അവസാനഭാഗത്ത് പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്തെ ആദ്യ പ്രാർത്ഥന)

*പരിശുദ്ധ പിതാവേ (ബാവാ), നിന്റെ പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ നീ കാത്തുകൊള്ളണമെ. രക്ഷിതാവായ പുത്രാ, ജയമുള്ള നിന്റെ സ്ലീബായാൽ ഞങ്ങളെ നീ മറച്ചുകൊള്ളണമേ. പരിശുദ്ധ റൂഹാ, ശുദ്ധമുള്ള നിന്റെ കുടിയിരിപ്പിന്റെ ഭവനങ്ങളായി ഞങ്ങളെ നീ ചമച്ചുകൊള്ളണമെ. ഞങ്ങളുടെ*

*ദൈവമായ കർത്താവേ, എല്ലാ സമയത്തും എല്ലാനേരത്തും നിന്റെ ദൈവത്വത്തിന്റെ ചിറകുകളുടെ നിഴലിൻകീഴിൽ, എന്നേയ്ക്കും ഞങ്ങളെ നീ മറച്ച് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ആമ്മീൻ.*

## നമുക്ക് പാടാം

മരമതിനുയരെ കർത്താവേ
കള്ളനു കിട്ടിയ നിന്റെ വരം
ത്രിത്വത്തെ കൊണ്ടാടി മരി-
ച്ചോരും കൈക്കൊണ്ടീടേണം

## നിശ്ചയം

**വി. ത്രിത്വത്തിന്റെ വേദപുസ്തക അടിസ്ഥാനവും സഭയുടെ ആരാധനയിലും വി. കൂദാശകളിലും വി. ത്രിത്വത്തിനുള്ള പ്രാധാന്യവും ഞങ്ങൾ മനസ്സിലാക്കി ദൈവത്തെ ത്രിത്വനാമത്തിൽ ഞങ്ങൾ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യും.**

### നമുക്ക് ചിന്തിക്കാം

1. ത്രിയേകദൈവം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. നമ്മുടെ ആരാധനയിൽ ത്രിത്വനാമം ഓർക്കുന്ന ഗീതങ്ങൾ ഏവ?
3. വി. കുർബ്ബാനയിൽ വി. ത്രിത്വത്തിനുള്ള പ്രാധാന്യമെന്ത്?
4. വി. ത്രിത്വത്തിന്റെ വേദപുസ്തക അടിസ്ഥാനം പഴയനിയമത്തിൽനിന്ന് ഉദ്ധരിക്കുക.
5. പുതിയനിയമത്തിൽ വി. ത്രിത്വത്തെ സൂചിപ്പിക്കുന്ന ഉദ്ധരണികൾ ഏവ?
6. ത്രിത്വവിശ്വാസം പ്രാർത്ഥനകളിൽ എങ്ങനെയാണ് പ്രകടമാക്കിയിരിക്കുന്നത്?
7. പഴയനിയമത്തിൽ ത്രിത്വത്തെ സംബന്ധിച്ചുള്ള സൂചനകൾ വിവരിക്കുക.
8. പുതിയനിയമത്തിൽ പരി. ത്രിത്വം വെളിപ്പെട്ട രണ്ടു സംഭവങ്ങൾ ഏവ?
9. സംബന്ധം (communion) എന്ന വാക്കിന്റെ ആശയം വിവരിക്കുക.
10. സഭാജീവിതത്തിൽ വി. ത്രിത്വത്തിനുള്ള സ്ഥാനം എന്ത്?

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

പാഠം 23

# ക്രിസ്തീയ പൗരോഹിത്യം

**പഠനോദ്ദേശ്യങ്ങൾ:** ക്രിസ്തീയ പൗരോഹിത്യത്തിന്റെ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുക. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പൗരോഹിത്യത്തിന്റെ പ്രത്യേകതകൾ താരതമ്യം ചെയ്യുക. പുതിയനിയമത്തിലെ വിവിധ പട്ടംകൊടകൾ, അവയുടെ പ്രാധാന്യം മുതലായവ മനസ്സിലാക്കുക. പൗരോഹിത്യസ്ഥാനികളെ ബഹുമാനിക്കുക.

**മനഃപാഠവാക്യം:** "ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽക്കൂടി കടന്നുപോയൊരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊള്ളുക" (എബ്രായർ 4:14).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

നമ്മുടെ സഭയിലെ വിവിധ പൗരോഹിത്യ സ്ഥാനികൾ, ബിഷപ്പന്മാർ (എപ്പിസ്കോപ്പാ), കശ്ശീശാമാർ (വൈദികർ), ശെമ്മാശന്മാർ എന്നിവരാണ്. ഇവരുടെ പ്രത്യേക ചുമതലകൾ എന്തെല്ലാമാണ്? പൗരോഹിത്യ സ്ഥാനികളെ ബഹുമാനിക്കേണ്ടത് നമ്മുടെ കടമയാണ്. ക്രിസ്തീയ പൗരോഹിത്യത്തിന്റെ പ്രത്യേകതകളും പ്രാധാന്യവും ആണ് നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

ക്രിസ്തീയ പൗരോഹിത്യത്തിന്റെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ പൗരോഹിത്യമാണ്. "മൽക്കീസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനായ യേശു" എന്നാണ് എബ്രായലേഖനത്തിൽ ക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നത് (എബ്രാ. 6:20). "വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായ യേശു വന്നു എന്നും (എബ്രാ. 9:11), "നിത്യാത്മാവിൽ ദൈവത്തിന് തന്നത്താൻ നിഷ്കളങ്കനായി സ്വയം അർപ്പിച്ചു" (എബ്രാ. 9:14) എന്നും എബ്രായലേഖനം പറയുന്നു. കാൽവറിയിലെ കുരിശുമരണം, പുരോഹിതൻ എന്ന നിലയിൽ യേശുക്രിസ്തു നടത്തിയ യാഗാർപ്പണമാണ്.

## യിസ്രായേൽ ജനതയും രാജകീയ പൗരോഹിത്യവും

"നിങ്ങൾ എനിക്കു പുരോഹിതരാജത്വവും വിശുദ്ധ ജനവും ആകും" (പുറപ്പാട് 19:6) എന്ന് ദൈവം യിസ്രായേലിനോടു അരുളിച്ചെയ്തു. 'പുരോഹിതരാജത്വം' (Kingdom of Priests) എന്ന വിശേഷണത്തിന്റെ അർത്ഥം യിസ്രായേൽ രാജ്യത്തിലെ ഓരോ പൗരനും 'പുരോഹിതദൗത്യം' നിറവേറ്റണമെന്നാണ്. ദൈവത്തിന്റെ കരുണയും സ്നേഹവും സകല മനുഷ്യരെയും അറിയിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമുള്ള ദൗത്യമാണ് ഓരോ യഹൂദനെയും ദൈവം ഏല്പിച്ചത്. യിസ്രായേൽ ജനതയെ 'പൗരോഹിത്യരാജ്യം' എന്നു വിളിക്കുന്നുവെങ്കിലും, ആരാധന നയിക്കുവാനും യാഗാർപ്പണത്തിനുമായി ലേവ്യരെയും അവരിൽനിന്ന് അഹറോനെയും പുത്രന്മാരെയും ദൈവം തെരഞ്ഞെടുത്തു.

പുതിയനിയമത്തിൽ ക്രിസ്തീയ സഭയെ പുതിയ യിസ്രായേലായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. "നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രോസ് 2:9) എന്നു പറയു

ന്നത് സഭ പുതിയ യിസ്രായേലാണെന്ന് കാണിക്കുവാനാണ്. 'രാജകീയ പുരോഹിത വർഗ്ഗം' എന്ന പദവി സഭയ്ക്ക് ലഭിച്ചിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ സ്നേഹവും കരുണയും ലോകത്തെ അറിയിക്കുവാനും സർവ്വലോകത്തിനും വേണ്ടി പ്രാർത്ഥിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു. പഴയ യിസ്രായേലിലെപ്പോലെ സഭയെ നയിക്കുവാനും ആരാധനയ്ക്ക് നേതൃത്വം നൽകുവാനും വി. കൂദാശകൾ അനുഷ്ഠിക്കുവാനും ക്രിസ്തീയ പൗരോഹിത്യ ശുശ്രൂഷ നമ്മുടെ കർത്താവ് സ്ഥാപിച്ചു.

## യേശു ശിഷ്യന്മാരെ പുരോഹിതന്മാരായി വാഴിക്കുന്നു

യേശു മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനാണെന്ന് എബ്രായ ലേഖനം വിശദമാക്കുന്നു (എബ്രാ. 6:20, 7:26–28; 8:2). വെളിപാടിൽ വി. യോഹന്നാൻ ക്രിസ്തുവിനെ ദർശിച്ചത് മഹാപുരോഹിതന്റെ വേഷത്തിലാണ്. "ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശ്യനായവനെയും കണ്ടു" (വെളി. 1:13). പഴയനിയമപുരോഹിതന്റെ വേഷമായിരുന്നു പാദംവരെയുള്ള കുപ്പായവും (പുറ. 28:4; 28:15), ചിത്രപ്പണിചെയ്ത അരക്കെട്ടും (പുറ. 39:29).

തന്റെ ദൗത്യത്തിലും അധികാരത്തിലും യേശുക്രിസ്തു ശിഷ്യന്മാരെ പങ്കാളികളാക്കി. അതായത് തന്റെ പൗരോഹിത്യത്തിൽ അവരെ പങ്കാളികളാക്കി. താൻ ചെയ്തിരുന്ന ശുശ്രൂഷ അവരെ ഭരമേല്പിച്ചു; "അനന്തരം അവന് തന്റെ പന്ത്രണ്ടു ശിഷ്യന്മാരെയും അടുക്കൽ വിളിച്ചു. അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്ക് അധികാരം കൊടുത്തു" (മത്താ. 10:1–2). അതേരീതിയിൽ പാപങ്ങൾ മോചിക്കുവാനുള്ള അധികാരവും യേശു ശിഷ്യന്മാർക്കു നൽകി. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ. 18:18; യോഹ. 20:21–23). പഴയനിയമകാലത്തെ പുരോഹിതന്മാർ ജനങ്ങളുടെ പാപമോചനത്തിനായി യാഗം കഴിച്ചിരുന്നു. പാപങ്ങൾ മോചിക്കുവാനുള്ള നൽവരം ക്രിസ്തു ശിഷ്യന്മാർക്ക് നൽകി.

വി. കുർബ്ബാന സ്ഥാപനം പുതിയനിയമയാഗത്തിന്റെ സ്ഥാപനമായിരുന്നു: "ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു" (1 കൊരി. 11:25). യഥാർത്ഥ മഹാപുരോഹിതനായ ക്രിസ്തു സ്വന്തം രക്തത്തിൽ പുതിയ ഉടമ്പടി അഥവാ പുതിയനിയമം സ്ഥാപിച്ചു. അതിന്റെ ആഘോഷമാണ് ഓരോ വി. കുർബ്ബാനയും. "എന്റെ ഓർമ്മയ്ക്കായി ചെയ്വീൻ" എന്നുള്ള കല്പനവഴി (1 കൊരി. 11:25), തന്റെ പൗരോഹിത്യ ശുശ്രൂഷ തുടരുവാനുള്ള നിർദ്ദേശം കർത്താവ് ശിഷ്യന്മാർക്ക് നൽകി.

## ശിഷ്യന്മാർ മറ്റുള്ളവരെ പൗരോഹിത്യശുശ്രൂഷയിൽ പങ്കുചേർക്കുന്നു

കർത്താവ്, അപ്പൊസ്തലന്മാരെ തന്റെ ശുശ്രൂഷയിൽ പങ്കുചേർത്തതുപോലെ, അവരും മറ്റുള്ളവരെ പൗരോഹിത്യശുശ്രൂഷയിൽ പങ്കുചേർത്തു. അതിന്റെ ഉദാഹരണമാണ് യൂദായ്ക്കു പകരം, മത്ഥിയാസിനെ തെരഞ്ഞെടുക്കുന്നത് (അ. പ്ര. 1:15–26). പുതിയ സ്ഥാനാർത്ഥികളെ തെരഞ്ഞെടുത്ത് യേശുക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷയിൽ പങ്കുചേർക്കുന്നതിനാണ് പട്ടംകൊട (Ordination) എന്നു പറയുന്നത്. മത്ഥിയാസിന്റെ വാഴ്ച കഴിഞ്ഞ് അധികം താമസിയാതെ, സഭ "ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ തെരഞ്ഞെടുത്തു" (അ. പ്ര. 6:3). അവരെ "അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി; അവർ പ്രാർത്ഥിച്ച് അവരുടെമേൽ കൈവെച്ചു" (അ. പ്ര. 6:6). അപ്പോസ്തലന്മാർ ഏഴു ശെമ്മാശന്മാരെ പട്ടം കൊടുത്തു വാഴിച്ചു. അപ്പോസ്തലിക

കാലം മുതൽ തലയിൽ കൈവെച്ച് പ്രാർത്ഥിച്ചായിരുന്നു സ്ഥാനികളെ വാഴിച്ചിരുന്നത്. അതിനാൽ പട്ടംകൊടയ്ക്ക് കൈവെപ്പ് (Laying on of hands) എന്നും പേരു പറയുന്നു.

## പുതിയനിയമത്തിലെ ഇതര 'പട്ടംകൊട'കൾ

1. ഒന്നാമത്തെ മിഷനറിയാത്രയ്ക്ക് ബർന്നബാസും ശൗലും (വി. പൗലോസ്) പുറപ്പെടുമ്പോൾ അന്ത്യോഖ്യൻ സഭയുടെ ചുമതലക്കാർ അവരുടെമേൽ കൈവെച്ച് അധികാരപ്പെടുത്തി: "അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെമേൽ കൈവെച്ച് അവരെ പറഞ്ഞയച്ചു" (അ. പ്ര. 13:3).

2. ബർന്നബാസും പൗലോസും തങ്ങൾ സ്ഥാപിച്ച സഭകളിൽ മൂപ്പന്മാരെ കൈവെച്ച് വാഴിച്ചു: "അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു" (അ. പ്ര. 14:23). ഇവിടെ മൂപ്പന്മാർ (Presbyters or elders) എന്നതിന് ഗ്രീക്കിൽ Presbyteros എന്നും സുറിയാനിയിൽ 'കശ്ശീശാ' എന്നുമാണ് കാണുന്നത്. പൗലോസും ബർന്നബാസും 'കശ്ശീശാ'മാരെ വാഴിച്ചു എന്നാണ് ഈ വേദഭാഗം പറയുന്നത്.

അപ്പൊസ്തലന്മാർ വാഴിച്ച ബിഷപ്പുമാർ (ഗ്രീക്കിൽ Episcopos) സഭകളെ ഭരിച്ചിരുന്നതിനെപ്പറ്റി പുതിയനിയമത്തിൽ കാണാം (അ. പ്ര. 20:17; 28; ഫിലി. 1:1; തീത്തോസ് 1:7; 1 തീമോ. 3:2). കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പോസ്തലന്മാർ തന്നെ സഭകൾക്ക് നേതൃത്വം നൽകി. അവർ സ്ഥാപിച്ച സഭകളിൽ ബിഷപ്പന്മാരെയും കശ്ശീശാമാരെയും വാഴിച്ചു. അവരുടെ സഹായികളായിട്ടാണ് ശെമ്മാശന്മാരെ വാഴിച്ചത്. എപ്പിസ്കോപ്പാ, കശ്ശീശാ, ശെമ്മാശൻ എന്നീ ത്രിവിധസ്ഥാനികൾ എല്ലാ അപ്പോസ്തലികസഭകളിലും സഭാഭരണത്തിലും കൂദാശാനുഷ്ഠാനങ്ങളിലും നേതൃത്വം നൽകുന്നു. സഭയുടെ ഐക്യവും വിശ്വാസവും നിലനിർത്തുവാൻ കർത്താവ് സ്ഥാപിച്ചതാണ് ക്രിസ്തീയ പൗരോഹിത്യം.

## നമുക്ക് പ്രാർത്ഥിക്കാം

പട്ടക്കാരുടെ ഞായറാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്തുചൊല്ലുന്ന പ്രാർത്ഥന.

*കർത്താവേ, കരുണയോടുകൂടിയ നിന്റെ കൽപനകളെ ആചരിക്കുകയും എല്ലാറ്റിനെയുംകാൾ അധികം നിന്റെ വാത്സല്യത്തെ സമ്പാദിക്കയും ചെയ്ത വരായ ആചാര്യന്മാർക്ക് സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമ്മ നൽകണമെ. നിന്റെ രാജ്യത്തിലെ വിരുന്നിൽ അവരെ പങ്കുകാരാക്കണമെ. അവരുടെ ജീവകാലത്തും മരണസമയത്തും തങ്ങളുടെ ആത്മാക്കളെ നിങ്കലേയ്ക്ക് ഏല്പിച്ചിരിക്കയാൽ നിന്റെ ശ്രേഷ്ഠത വെളിപ്പെടുന്ന ദിവസത്തിൽ അവരെ മഹത്വം ധരിപ്പിക്കയും ചെയ്യണമെ. ബാറെക്മോർ...*

## നമുക്ക് പാടാം

ആദ്യാചാര്യത്വം കൈക്കൊ-
ണ്ടഹറോൻ മൂശയോടൊന്നിച്ച്
സ്കറിയായ്ക്കതു നൽകി മൂശാ
സ്കറിയാ യോഹന്നാനേകി
യോഹന്നാൻ കർത്താവിനും
കർത്താ തൻ ശ്ലീഹന്മാർക്കും
നാനാ സൃഷ്ടി വിഭാഗങ്ങൾക്കേകി ശ്ലീഹന്മാർ

## നിശ്ചയം

**ക്രിസ്തീയ പൗരോഹിത്യത്തിന്റെ അടിസ്ഥാന ആശയങ്ങൾ ഞങ്ങൾ മനസ്സിലാക്കി. സഭയിലെ പട്ടംകൊട ശുശ്രൂഷകളിൽ ഞങ്ങൾ ഭക്തിയോടെ പങ്കെടുക്കും. പൗരോഹിത്യസ്ഥാനികളെ ഞങ്ങൾ ബഹുമാനിക്കും.**

### നമുക്ക് ചിന്തിക്കാം

1. പഴയനിയമസംവിധാനത്തിലെ 'പുരോഹിത' സങ്കല്പത്തിലുള്ള വ്യത്യാസങ്ങൾ ഏവ?
2. യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
3. സഭ രാജകീയ പുരോഹിതവർഗ്ഗമാണെങ്കിൽ, കൂദാശാനുഷ്ഠാനത്തിന് പ്രത്യേക പൗരോഹിത്യത്തിന്റെ ആവശ്യകത എന്താണ്?
4. യേശുക്രിസ്തു ശിഷ്യന്മാരെ പുരോഹിതന്മാരായി വാഴിച്ചത് എപ്പോഴാണ്?
5. അപ്പൊസ്തലന്മാർ വിവിധ വ്യക്തികൾക്ക് പൗരോഹിത്യ പദവി നൽകിയതിനെപ്പറ്റി ലഘുവായി വിവരിക്കുക.
6. ക്രിസ്തീയ പൗരോഹിത്യത്തിലെ ത്രിവിധ സ്ഥാനികൾ ഏവ?

### പ്രവർത്തനങ്ങൾ

1. മൽക്കീസദേക്ക് എന്ന പുരോഹിതന്റെ പ്രത്യേകതകൾ എബ്രായർ 7:1-4 വരെ വായിച്ച് തയ്യാറാക്കുക.
2. പൗരോഹിത്യത്തിലെ ത്രിവിധസ്ഥാനികളെ ഒരു ത്രികോണരൂപത്തിൽ വരച്ച് ചിത്രീകരിക്കുക.
3. 'ക്രിസ്തീയ പൗരോഹിത്യത്തിന്റെ പ്രത്യേകതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ഒരു ചർച്ച നടത്തുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും നടത്തുക.**

പാഠം 24

# യുഗാന്ത്യദർശനം

**പഠനോദ്ദേശ്യങ്ങൾ:** യുഗാന്ത്യ ദർശനത്തെപ്പറ്റി മനസ്സിലാക്കുക. യുഗാന്ത്യ ദർശനത്തിന്റെ പുതിയനിയമ പശ്ചാത്തലം മനസ്സിലാക്കുക. സഭാജീവിതത്തിൽ ഈ ദർശനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. യുഗാന്ത്യദർശനത്തെ മരിച്ചവരുടെ ഉയിർപ്പുമായി താരതമ്യം ചെയ്യുക. ദൈവരാജ്യത്തിലെ ജീവിതത്തിന്റെ പ്രത്യേകതകൾ സഭയിലെ ആരാധനയുമായി താരതമ്യംചെയ്ത് മനസ്സിലാക്കുക. നിത്യജീവന്റെ അനുഭവത്തിനായി ഒരുങ്ങി കാത്തിരിക്കുക.

**മനഃപാഠവാക്യം:** "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല" (വെളി. 21:1).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

ലോകാവസാനത്തെ 'യുഗാന്ത്യം' എന്നു പറയും. കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുന്നതാണ് യുഗാന്ത്യം. അന്ത്യന്യായവിധി, നിത്യജീവൻ എന്നിവയെല്ലാം യുഗാന്ത്യമായി ബന്ധപ്പെട്ടവയാണ്. ഈ ചിന്തകളാണ് യുഗാന്ത്യദർശനം. ഇത് പുതിയനിയമ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാനാണ് നമ്മൾ ശ്രമിക്കുന്നത്.

## പാഠഭാഗം

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേകദൈവം, വി. സഭ, ഏക മാമോദീസാ, വരുവാനിരിക്കുന്ന ലോകത്തിലെ നിത്യജീവൻ എന്നിവയിലുള്ള വിശ്വാസമാണ് നിഖ്യാ-കുസ്തന്തീനോസ് പോലീസ് വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നത്. കാരണം ഇവ സഭയുടെ അടിസ്ഥാനവിശ്വാസസത്യങ്ങളാണ്.

## യുഗാന്ത്യദർശനം പുതിയനിയമത്തിൽ

യുഗാന്ത്യത്തിന്റെ പ്രാധാന്യം കർത്താവിന്റെ രണ്ടാമത്തെ വരവാണ്. സ്വർഗ്ഗാരോഹണസമയത്ത്, രണ്ടു മാലാഖമാർ ശിഷ്യന്മാരോട് "നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു" (അ. പ്ര. 1:11). "ആമേൻ. കർത്താവായ യേശുവേ, വരേണമെ" (വെളി. 22:20) എന്ന പ്രാർത്ഥനയോടെയാണ് വി. വേദപുസ്തകം അവസാനിക്കുന്നത്.

കർത്താവിന്റെ ഒന്നാമത്ത വരവ് (തന്റെ ജനനം) അധികംപേർ അറിഞ്ഞില്ലെങ്കിലും ചരിത്രത്തിലെ വഴിത്തിരിവായിത്തീർന്നു. ചരിത്രത്തെ ക്രിസ്തുവിനുമുമ്പും (Before Christ) ശേഷവും (A. D. = Anno Domini = Year of the Lord) എന്ന് തിരിച്ചിരിക്കുന്നത് മനുഷ്യാവതാരത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ രണ്ടാമത്തെ വരവ്, ചരിത്രത്തിന്റെ അന്ത്യവും നിത്യജീവന്റെ ആരംഭവും ആയിരിക്കും. "അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും തേജസ്സോടും കൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും" (മർക്കോസ് 13:26) എന്നു പറയുന്നതിന്റെ അർത്ഥം, ലോകം മുഴുവനും രണ്ടാമത്തെ വരവ് കാണുമെന്നാണ്.

പുതിയനിയമത്തിൽ 150-ഓളം ഭാഗങ്ങളിൽ രണ്ടാമത്തെ വരവിനെപ്പറ്റി പരാമർശിക്കുന്നുണ്ട്. കർത്താവിന്റെ വരവിനെപ്പറ്റി പറയുമ്പോൾ സാധാരണ ഉപയോഗിച്ചിരിക്കുന്നത് 'Parousia' എന്ന ഗ്രീക്കുവാക്കാണ്. 'ആഗമനം' അഥവാ 'സാന്നിധ്യം' എന്നാണ് ഈ വാക്കിന്റെ അർത്ഥം. ചക്രവർത്തിയുടെയോ, ഉന്നതാധികാരികളുടെയോ സന്ദർശനത്തിനാണ് 'പറൂസിയാ' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. മഹത്വത്തോടെയുള്ള വരവാണ് കർത്താവിന്റേത് എന്ന് ഈ വാക്ക് സൂചിപ്പിക്കുന്നു (ഓശാന നാളിലെ ദേവാലയപ്രവേശനം ഇതിന്റെ സൂചനയായി കരുതപ്പെടുന്നു, മത്താ. 24:3; 27; 39). കർത്താവിന്റെ രണ്ടാമത്തെ വരവിന് വെളിപാട് (Revelation), പ്രത്യക്ഷപ്പെടൽ (Manifestation) എന്നീ വാക്കുകളും പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു. ജീവിതത്തിന്റെ അർത്ഥവും മരണശേഷമുള്ള അവസ്ഥയും നിത്യജീവന്റെ സാരവും രണ്ടാമത്തെ വരവിൽ വെളിപ്പെടും. ഇന്ന് മനുഷ്യർക്ക് അദൃശ്യവും അജ്ഞാതവുമായ കാര്യങ്ങൾ വെളിപ്പെടുമെന്നാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്.

## യുഗാന്ത്യദർശനം സഭാജീവിതത്തിൽ

യേശുക്രിസ്തു രണ്ടാമതു വരുമെന്നു പറഞ്ഞാൽ ഇപ്പോൾ തന്റെ സാന്നിധ്യം സഭയിലും ലോകത്തിലുമില്ലെന്ന് അർത്ഥമാകുന്നില്ല. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 18:20). ഓരോ ആരാധനയിലും യേശുക്രിസ്തു സന്നിഹിതനാണ്. സഭയിൽ, തലവനായി, മണവാളനായി, ആടുകളുടെ ഇടയനായി ക്രിസ്തു സന്നിഹിതനാണ്. മാമോദീസായേറ്റ്, വി. കുർബ്ബാന അനുഭവിച്ച് ക്രിസ്തുവിനോടുള്ള സജീവബന്ധത്തിൽ ജീവിക്കുന്ന ഓരോ വിശ്വാസിയുടെ ജീവിതത്തിലും ക്രിസ്തു ഉണ്ട്. നമ്മുടെ ജീവനായി ക്രിസ്തു നമ്മിൽ വസിക്കുന്നു. "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്" (യോഹ. 6:54).

എന്നാൽ ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെയും ജീവന്റെയും സമ്പൂർണ്ണത നമുക്കു ലഭ്യമാകുന്നത് രണ്ടാമത്തെ വരവിലാണ്. ആ പ്രത്യാശയിൽ ജീവിക്കുവാനും പ്രാർത്ഥിക്കുവാനും പുതിയനിയമം ആഹ്വാനം ചെയ്യുന്നു. കർത്തൃപ്രാർത്ഥനയിൽ "നിന്റെ രാജ്യം വരേണമെ" എന്നു പ്രാർത്ഥിക്കുന്നത് ഈ പ്രത്യാശയിലാണ്. വി. കുർബ്ബാനയിൽ രണ്ടാമത്തെ വരവിന്റെ പ്രത്യാശ ഏറ്റുപറയുന്നുണ്ട്: "ഞങ്ങളുടെ കർത്താവേ! നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു."

രണ്ടാമത്തെ വരവ് നിശ്ചയമാണെങ്കിലും എപ്പോഴാണ് അത് സംഭവിക്കുകയെന്ന് വ്യക്തമാക്കിയിട്ടില്ല. "നിങ്ങളുടെ കർത്താവ് ഏതുദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ" (മത്താ. 24:42) എന്നു കർത്താവു കല്പിക്കുന്നു. ഉണർവ്വിന്റെ അടയാളമാണ് പ്രാർത്ഥന. ഓരോ പ്രാർത്ഥനയും കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ പ്രത്യാശയിലാണ് നാം നടത്തുന്നത്. രണ്ടാമത്തെ വരവ് കിഴക്കുനിന്നായിരിക്കുമെന്നുള്ള സൂചന കർത്താവു നൽകുന്നുണ്ട്: "മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും" (മത്താ. 24:27). ഈ പ്രത്യാശയിലാണ് നാം കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർത്ഥിക്കുന്നതും വാങ്ങിപ്പോയവരെ കിഴക്കോട്ടു മുഖംതിരിച്ച് കല്ലറയിൽ സംസ്കരിക്കുന്നതും. 'നീതിസൂര്യനായ ക്രിസ്തു' (മലാഖി. 4:2) യുഗാന്ത്യത്തിൽ കിഴക്കുനിന്നും ഉദിക്കുമെന്നുള്ള പ്രത്യാശ കാനോനിക പ്രാർത്ഥനകളിലും പിതാക്കന്മാരുടെ ലേഖനങ്ങളിലും കാണുന്നുണ്ട്. യുഗാന്ത്യത്തെ 'ഉയിർപ്പിന്റെ പ്രഭാതം' എന്നാണ് പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. കാരണം ഒരു പുതിയ യുഗത്തിന്റെ ഉദയമാണ് കർത്താവിന്റെ രണ്ടാമത്തെ വരവ്.

## യുഗാന്ത്യവും വാങ്ങിപ്പോയവരുടെ ഉയിർപ്പും

രണ്ടാമത്തെ വരവിലെ ഏറ്റവും പ്രധാന സംഭവം മരിച്ചവരുടെ ഉത്ഥാനമാണ്. പുതിയനിയമത്തിൽ വ്യക്തമായി ഇതിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. "കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും, ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16-17, സ്ത്രീകളുടെ ശവസംസ്കാരത്തിൽ ഈ ഭാഗം വായിക്കുന്നുണ്ട്).

ഇന്നത്തേതിൽനിന്നും വ്യത്യസ്തമായ ശരീരവും ജീവിതവുമാണ് ഉയിർപ്പിനുശേഷം നമുക്ക് ലഭ്യമാകുന്നത് (1 കൊരി. 15:35-57). ഉത്ഥാനത്തോടൊപ്പം ന്യായവിധിയും ഉണ്ടാകും. "കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദംകേട്ട്, നന്മചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുന്ന നാഴിക വരുന്നു" (യോഹ. 5:29). 'നിത്യജീവൻ' അഥവാ സ്വർഗ്ഗത്തിലെ ജീവിതം, വിശുദ്ധരുടെ വലിയ സംഘത്തോടു കൂടിയുള്ളതാണ്. സ്വർഗ്ഗരാജ്യത്തെ ഒരു വിവാഹവിരുന്നിനോടു ഉപമിക്കുമ്പോൾ, കൂട്ടായ ജീവിതത്തെയാണ് സൂചിപ്പിക്കുന്നത് (മത്താ. 8:11-12; 22:1-14).

സ്വർഗ്ഗത്തിലെ ജീവിതത്തിന്റെ പ്രത്യേകത നിത്യമായ ആരാധനയാണ്: "യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും" (വെളി. 22:3). സ്വർഗ്ഗത്തിലെ നിത്യമായ ആരാധനയുടെ മുൻകുറിയാണ് സഭയിലെ ആരാധന. സ്വർഗ്ഗത്തിലെ ജീവിതം ദൈവത്തെ കേന്ദ്രീകരിച്ചുള്ളതായിരിക്കും: "അവർ അവന്റെ മുഖം കാണും" (വെളി. 22:4). ദൈവമുഖം നിത്യമായി ദർശിച്ചുകൊണ്ടുള്ള നിത്യജീവിതത്തിന്റെ ചെറിയ അനുഭവമാണ് സഭയിൽ ആരാധനയിലും കൂദാശകളിലും കൂടി നമുക്ക് ലഭ്യമാകുന്നത്.

### നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ! നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും, നിന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെയും മേൽ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.*

### നമുക്ക് പാടാം

(പുരുഷന്മാരുടെ ശവസംസ്കാരം: ഒന്നാം ശുശ്രൂഷ)

ഹേ-മൃതിഗതരേ-ഉത്ഥാനം-ദ്രുതമെത്തും
ഖേ-ദിക്കേണ്ടാ-ദേഹത്തിൻ-നാശത്തിൽ
സുന്ദരമായ്-നിങ്ങളെ നിർമ്മിച്ചോൻ
ഗാത്രത്തി-ന്നുത്ഥാനം നൽകി
സർവ്വർക്കും-പ്രതിദാനം-യോഗ്യതപോലരുളീടും

### നിശ്ചയം

**യുഗാന്ത്യത്തെപ്പറ്റിയുള്ള വേദപുസ്തകാടിസ്ഥാനം ഞങ്ങൾ മനസ്സിലാക്കി. സഭയിലെ സത്യ ആരാധനയിലും പ്രാർത്ഥന, നോമ്പ്, ഉപവാസം മുതലായ അനുഷ്ഠാനങ്ങളിലും ഞങ്ങൾ കൃത്യമായി പങ്കെടുക്കുകയും അവ അനുഷ്ഠിക്കുകയും ചെയ്യും. നിത്യജീവന്റെ അനുഭവത്തിനായി ഞങ്ങൾ ഒരുങ്ങി കാത്തിരിക്കും.**

## നമുക്ക് ചിന്തിക്കാം

1. സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളേവ?
2. കർത്താവിന്റെ ജനനം ചരിത്രത്തിലെ വഴിത്തിരിവാണ്. എന്തുകൊണ്ട്?
3. 'പറൂസിയ' എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥമെന്ത്?
4. രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുവാൻ പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ഏവ? അവയുടെ അർത്ഥം ചുരുക്കമായി വിവരിക്കുക.
5. കിഴക്കോട്ടുതിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നത് എന്തുകൊണ്ട്?
6. ദൈവരാജ്യത്തിലെ ജീവിതത്തിന്റെ പ്രത്യേകതകൾ ഏവ?
7. 'യുഗാന്ത്യദർശനം' ആരാധനയിൽ പ്രകടമാക്കിയിരിക്കുന്നത് എങ്ങനെയെന്ന് ചുരുക്കമായി വിവരിക്കുക.

## പ്രവർത്തനങ്ങൾ

1. യുഗാന്ത്യദർശനത്തെപ്പറ്റി വി. വേദപുസ്തകത്തിൽനിന്നും ഉദ്ധരണികൾ ശേഖരിച്ച് ഡയറിയിൽ എഴുതുക.
2. യുഗാന്ത്യത്തെപ്പറ്റിയുള്ള ചിന്തകൾ മനസ്സിലാക്കുവാൻ സഹായിക്കുന്ന ചർച്ചകൾ ക്ലാസ്സിൽ നടത്തുക.
3. ഈ വിഷയത്തെപ്പറ്റി വേദപുസ്തക പണ്ഡിതരുമായി ഒരു അഭിമുഖം നടത്തുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

യൂണിറ്റ് 7

# മഹദ്വ്യക്തി പരിചയം

പാഠം 25

# പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (1874–1964)

**പാഠോദ്ദേശ്യങ്ങൾ:** പരി. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജീവചരിത്രം മനസ്സിലാക്കുക. ആ പിതാവിന്റെ നല്ല മാതൃകകൾ ജീവിതത്തിൽ പിന്തുടരുക.

**മനഃപാഠവാക്യം:** വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു (എബ്രായർ 11:4).

**പഠനസഹായികൾ:** ഇസഡ്. എം. പാറേട്ട്, ഡോ. ജോസഫ് ചീരൻ തുടങ്ങിയവരുടെ സഭാചരിത്രപുസ്തകങ്ങൾ, ഡോ. സാമുവൽ ചന്ദനപ്പള്ളി - മലങ്കരസഭാപിതാക്കന്മാർ, ഡോ. ജോസഫ് ചീരൻ - സഭാചരിത്രവിജ്ഞാനകോശം, സഭാവിജ്ഞാനകോശം, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം, പരി. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ചിത്രം

## ആമുഖം

മലങ്കരസഭയിൽ 1876 വരെ ഒരു മെത്രാപ്പോലീത്തായെ ഉണ്ടായിരുന്നുള്ളൂ. 'മലങ്കര മെത്രാപ്പോലീത്താ' എന്ന സ്ഥാനപ്പേരിൽ ആ കാലത്ത് അറിയപ്പെട്ടിരുന്നു. പൊതുവായ ആധികാരങ്ങളെല്ലാം ഒരാളിൽതന്നെ കേന്ദ്രീകരിച്ചിരുന്നു. 1876-ലെ മുളന്തുരുത്തി സുന്നഹദോസോടുകൂടി ഈ സ്ഥിതിക്കു മാറ്റം വന്നു. മലങ്കര മെത്രാപ്പോലീത്തായോടൊപ്പം മറ്റു ആറു മെത്രാപ്പോലീത്താമാർ കൂടി ഉണ്ടായി. 1912-ൽ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ 'കാതോലിക്കാ' എന്ന സ്ഥാനം സ്വീകരിച്ച് പുതിയ ഭരണക്രമം ഉണ്ടായി. സഭയുടെ ചരിത്രത്തിലെ ആധുനികഘട്ടം അവിടെ ആരംഭിച്ചു.

1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിനുശേഷം ഒൻപത് കാതോലിക്കാമാർ സഭയെ നയിച്ചു. കാതോലിക്കാമാരുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം (36 വർഷം) സഭയെ നയിച്ച പിതാവാണ് പരി. ഗീവറുഗീസ് ദ്വിതീയൻ ബാവാ. ഈ പിതാവ് സഭയ്ക്കു നൽകിയിട്ടുള്ള സംഭാവനകളെപ്പറ്റി പഠിക്കാം.

## പാഠഭാഗം

### ജീവചരിത്രം

1874 ജൂൺ 16-ാം തീയതി കുറിച്ചി കല്ലാശ്ശേരിയിൽ ഉലഹന്നാൻ-ആച്ചിയമ്മ ദമ്പതികളുടെ മകനായി ജനിച്ചു. പുന്നൂസ് എന്നായിരുന്നു ഓമനപ്പേര്. ഗീവർഗീസ് എന്ന് മാമോദീസാ പേരും പിൽക്കാലത്ത് 'കല്ലാശ്ശേരി ബാവാ' എന്നും 'കുറിച്ചി ബാവാ'യെന്നും വിളിക്ക

പ്പെട്ടത് വീട്ടുപേരിന്റെയും ജനനസ്ഥലത്തിന്റെയും അടിസ്ഥാനത്തിൽ ആയിരുന്നു. ചെറുപ്പത്തിൽ മാരകമായ അസുഖമുണ്ടായപ്പോൾ പ്രത്യേകം പ്രാർത്ഥനയാൽ സൗഖ്യം ലഭിച്ചപ്പോഴേ പൂർണ്ണസമയ ദൈവിക ശുശ്രൂഷയ്ക്കായി മാതാപിതാക്കൾ അദ്ദേഹത്തെ സമർപ്പിച്ചു. ആ ജീവിതനിഷ്ഠയിൽ തന്നെ അദ്ദേഹം തുടർന്നു.

ആ കാലത്തിന്, മലങ്കരസഭയുടെ ചരിത്രത്തിൽ ചില സവിശേഷതകളുണ്ടായിരുന്നു. മലങ്കര മെത്രാപ്പോലീത്തായായി പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ (ദീവന്നാസ്യോസ് അഞ്ചാമൻ) വളരെ പുരോഗമനപരമായ നിലയിൽ സഭയെ നയിക്കുന്നു. ആത്മീയ ശക്തിയുടെ ഒരു കേന്ദ്രമായി പരുമല തിരുമേനി പരിലസിക്കുന്നു. പരുമല തിരുമേനിയുടെ ശിഷ്യന്മാരായി വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനും പുന്നൂസ് റമ്പാനും പ്രവർത്തിക്കുന്നു. ശക്തമായ ഈ ആത്മീയനേതൃത്വമാണ് അന്ന് സഭയ്ക്കെതിരെ ആഞ്ഞുവീശിയ നവീകരണപ്രസ്ഥാനത്തിന്റെ കൊടുങ്കാറ്റിൽനിന്ന് സഭയെ രക്ഷിച്ചത് എന്ന് പറയാം.

1892-ൽ ശെമ്മാശനായി, 1898-ൽ വൈദികനായി. വൈദികനായതിന്റെ മൂന്നാം നാൾ തന്നെ പൂർണ്ണ സന്യാസാശ്രമത്തിന്റെ അടയാളമായി റമ്പാൻസ്ഥാനം സ്വീകരിച്ചു. പരുമല തിരുമേനിയോടൊപ്പം താമസിച്ച് അദ്ദേഹത്തിൽനിന്ന് താപസനിഷ്ഠകൾ അഭ്യസിക്കുകയും അദ്ദേഹത്തെ ശുശ്രൂഷിക്കുകയും ചെയ്തു. 1902 നവംബർ 2-ാം തീയതി പരുമല തിരുമേനി കാലം ചെയ്തു കഴിഞ്ഞപ്പോൾ പരുമല സെമിനാരി മാനേജരായി അദ്ദേഹം നിയമിക്കപ്പെട്ടു. ആ കാലത്ത് യെറുശലേം സന്ദർശനം വളരെ ക്ലേശകരമായ ഒരു യാത്ര തന്നെയായിരുന്നു. അതോടൊപ്പം ആത്മീയസംവർദ്ധകവും. 1908-ൽ അദ്ദേഹം യെറുശലേം സന്ദർശിച്ചു. 1912 സെപ്റ്റംബർ 8-ാം തീയതി അദ്ദേഹം ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായത്. ഇതിനും ഒരു പ്രത്യേകത ഉണ്ട്. ഏതാനും ദിവസം കഴിഞ്ഞപ്പോൾ അതായത് സെപ്റ്റംബർ 15-ാം തീയതി മലങ്കരയിലെ ഇദംപ്രഥമ കാതോലിക്കാ വാഴ്ചനടന്നപ്പോൾ മെത്രാപ്പോലീത്തായായി അതിന്റെ നടത്തിപ്പുകൾക്കു നേതൃത്വം നൽകി. രണ്ടാമത്തെ കാതോലിക്കായെ വാഴിക്കുമ്പോഴും അദ്ദേഹം അതിലും തന്റെ പങ്കുവഹിച്ചു.

1929 ഫെബ്രുവരി 15-ാം തീയതി അദ്ദേഹത്തെ മൂന്നാം കാതോലിക്കായായി വാഴിച്ചു. ഈ സമയങ്ങളിൽ നിരണം, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതല വഹിക്കുകയും കുണ്ടറ സെമിനാരി ആരംഭിച്ച് ആ പ്രദേശങ്ങളിൽ വലിയ ആത്മീയ ഉണർവ്വു വരുത്തുകയും ചെയ്തു. നവീകരണ ഉപദേശങ്ങൾ കൂടുതൽ സ്വാധീനം ചെലുത്തിയത് ആ പ്രദേശങ്ങളിലായിരുന്നു. തിരുമേനിയുടെ വിശുദ്ധ ജീവിതവും സത്യവിശ്വാസത്തെക്കുറിച്ചുള്ള ആധികാരികമായ പഠിപ്പിക്കലും അനേകരെ സത്യവിശ്വാസത്തിൽ പിടിച്ചുനിർത്താൻ പര്യാപ്തമായി. 'രഹസ്യപ്രാർത്ഥനകൾ', 'സഹദേന്മാരുടെ ചരിത്രം', 'പെങ്കീസാ സുറിയാനി നമസ്കാരങ്ങൾ', 'പറുദൈസാ' മുതലായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിലൂടെയും വലിയ സംഭാവന അദ്ദേഹം നൽകി. ഇന്നത്തെപ്പോലെ അച്ചടി സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലമാണെന്നും ഓർക്കണം.

1934 ഫെബ്രുവരി 23-ാം തീയതി വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനി കാലം ചെയ്തു. അതേവർഷം ഡിസംബർ 25-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി അദ്ദേഹത്തിന് നൽകി. അങ്ങനെ ആദ്യമായി മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കാസ്ഥാനവും കൂടി ഒരുമിച്ചു വന്നുചേർന്നത് ഈ തിരുമേനിയിലായിരുന്നു. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം പരമ്പരാഗതമായി, സഭയുടെ ഭൗതികമായ ഭരണക്രമങ്ങളുടെ അധികാരത്തെ സൂചിപ്പിക്കുന്നു. 1912-ൽ സ്ഥാപിക്കപ്പെട്ട കാതോലിക്കാ സ്ഥാനം, മേൽപ്പട്ടക്കാരെ വാഴി

ക്കുക, വി. മൂറോൻ കൂദാശ ചെയ്യുക, പരിശുദ്ധ സുന്നഹദോസിൽ അദ്ധ്യക്ഷത വഹി ക്കുക മുതലായ ആത്മീയ അധികാരത്തെയും സൂചിപ്പിക്കുന്നു. ചരിത്രപരമായ കാരണ ങ്ങളാൽ ഇതു രണ്ടായി നിലനിന്നെങ്കിലും സഭയുടെ സുഗമമായ ഭരണത്തിന് ഈ രണ്ടു സ്ഥാനങ്ങളും ഒരാളിൽ നിക്ഷിപ്തമാകുന്നതാണ് നല്ലതെന്ന് പിന്നീടുള്ള കാലം തെളി യിച്ചുകൊണ്ടിരിക്കുന്നു.

മേൽപ്പട്ടക്കാരനായി 52 വർഷം അദ്ദേഹം ജീവിച്ചതിൽ 35 വർഷം കാതോലിക്കാ യായും അതിൽ 30 വർഷം മലങ്കര മെത്രാപ്പോലീത്തായായും കൂടിയായിരുന്നു. ഈ തരത്തിൽ സ്ഥാനങ്ങൾ വഹിച്ച് സഭയെ നയിച്ച മറ്റൊരു മെത്രാപ്പോലീത്താ സഭയ്ക്കു ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ബഹുമുഖമായ സംഭാവനകളെ പരിഗണിക്കുമ്പോൾ 'മലങ്കരസഭയുടെ നവോത്ഥാനശില്പി' എന്ന് പലരും വിശേഷിപ്പിച്ചിട്ടുള്ളത് അന്വർത്ഥ മാണ്. 90-ാം വയസ്സിൽ 1964 ജനുവരി 3-ാം തീയതി അദ്ദേഹം ദൈവസന്നിധിയി ലേയ്ക്ക് കടന്നുപോയി. ഈ പിതാവിന്റെ കാലത്തു വാങ്ങിയ ദേവലോകം അരമന യിൽ തന്നെ അദ്ദേഹത്തെ കബറടക്കി. അവിടെ കബറടക്കപ്പെട്ട ആദ്യത്തെ കാതോലി ക്കായും അദ്ദേഹംതന്നെ.

## ഈ പിതാവിന്റെ ശ്രേഷ്ഠമായ സംഭാവനകൾ

സംഭവബഹുലമായ ഈ പിതാവിന്റെ ജീവിതത്തെപ്പറ്റി വിശദമായി ഒട്ടേറെ കാര്യ ങ്ങൾ പഠിക്കാനുണ്ട്. ചുരുക്കമായി ചില കാര്യങ്ങൾകൂടി കൂട്ടിച്ചേർക്കട്ടെ.

### താപസശ്രേഷ്ഠൻ

പ്രധാനമായിട്ടുള്ളത് അദ്ദേഹത്തിന്റെ ആത്മീയനിഷ്ഠകളും താപസചര്യകളുമാണ്. ഗുരുവായ പരുമലതിരുമേനിയായിരുന്നു ഈ കാര്യത്തിൽ മാതൃക. യാമപ്രാർത്ഥനകൾ, നോമ്പ്, ഉപവാസ ആചരണങ്ങൾ, കൂദാശാനുഷ്ഠാനങ്ങൾ ഇവയിലൊക്കെ അലസത ലേശമില്ലാതെ, തീവ്രവും തീക്ഷ്ണവുമായി പിന്തുടരുന്നതിൽ അതീവ ജാഗ്രത പാലിച്ചു. ഏകാന്തപ്രാർത്ഥനകളിലും മൗനത്തിലും ദൈവികശബ്ദം കേൾക്കത്തക്ക നിലയിൽ ആഴമേറിയ ആത്മീയ അനുഭവങ്ങൾ അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ദർശനവും വാക്കും വിശ്വാസികൾക്ക് ഒരു ആത്മീയാനുഭവമായി. പ്രൊട്ട സ്റ്റന്റ് വിശ്വാസത്തോട് ആഭിമുഖ്യവും തോന്നിയവർക്ക്, പൗരസ്ത്യ ഓർത്തഡോക്സ് ആത്മീയതയുടെ സൗരഭ്യം ആസ്വദിക്കുവാൻ അദ്ദേഹത്തിന്റെ ജീവിതവും കൂദാശാനു ഷ്ഠാനങ്ങളും സഹായകമായി.

### ശക്തമായ ക്രിസ്തീയ സാക്ഷ്യം

മലങ്കരസഭയിൽ കക്ഷിവഴക്കു രൂക്ഷമായ കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചത്. കേസുകൾ നടക്കുന്നുണ്ടെങ്കിലും ദൈവകൃപയിലായിരുന്നു അദ്ദേഹത്തിന്റെ ആശ്രയം. അതുകൊണ്ട് 1951-ൽ കേസ് തോറ്റപ്പോഴും അദ്ദേഹം നിരാശനായില്ല. "സത്യം ജയിക്കും" എന്ന ശുഭാപ്തി വിശ്വാസത്തോടെ സഭാവിശ്വാസികളെ ധൈര്യപ്പെടുത്തി. എതിരുനിന്ന വരോടു അദ്ദേഹത്തിന് യാതൊരു വിദ്വേഷവുമുണ്ടായില്ല എന്നു മാത്രമല്ല, അവരെയെല്ലാം സ്നേഹിക്കുവാനും കൂടി അദ്ദേഹത്തിനു കഴിഞ്ഞു. 1958-ൽ സുപ്രീംകോടതി വിധിയിൽ സഭയ്ക്കു വിജയമുണ്ടായെങ്കിലും അതിൽ അഹങ്കരിക്കുകയോ, എതിരുനിന്നവരെ ചെറുതാക്കുകയോ, പരിഹസിക്കുകയോ ചെയ്തില്ല. ക്രിസ്തീയമായ സ്നേഹത്തോടെ അവരെ സ്വീകരിക്കുവാനും ഒന്നായ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി ജീവിതാന്ത്യം വരെ നിലനിൽക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

### സമൂഹത്തിൽ ലഭിച്ച അംഗീകാരം

അംഗസംഖ്യയിൽ ചെറുതെങ്കിലും ഒരു വലിയ സഭയുടെ മേലദ്ധ്യക്ഷനെപ്പോലെ യാണ് അദ്ദേഹം അംഗീകരിക്കപ്പെട്ടത്. പ്രത്യേകിച്ചും 1937-ൽ എഡിൻബറോയിൽ നടന്ന ഫെയിത്ത് ആൻഡ് ഓഡറിന്റെ രണ്ടാം സമ്മേളനത്തിൽ സംബന്ധിച്ച അദ്ദേഹത്തിന് അതിൽ സംബന്ധിച്ച എല്ലാവരുടെയും അംഗീകാരവും ശ്രദ്ധയും ലഭിച്ചു. പൗരസ്ത്യ ദൈവാശ്രയത്തിൽ ഉയർത്തിക്കാട്ടുന്ന ദൈവമനുഷ്യർക്കു ലഭിക്കുന്ന 'മുഖപ്രസന്നത'യാണ് അദ്ദേഹത്തിങ്കലേയ്ക്കു അനേകരെ ആകർഷിച്ചത്. അലക്സാണ്ട്രിയ, യൂഗോസ്ലേവിയ, സെർബിയാ ഇവിടങ്ങളിലെ പാത്രിയർക്കീസന്മാരെയും അദ്ദേഹം സന്ദർശിച്ചു. അദ്ദേഹ ത്തിന്റെ കാലത്ത് എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയും സൈപ്രസ് ഭര ണാധിപനും പാത്രിയർക്കീസുമായ മക്കാറിയോസും അർമ്മീനിയൻ പാത്രിയർക്കീസ് വസ്ക്കനും മലങ്കരസഭ സന്ദർശിച്ചു.

ഭാരതം അടിമത്വത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേയ്ക്ക് നീങ്ങുന്ന കാലത്താണ് പരി. ബാവാ സഭയ്ക്ക് നേതൃത്വം നൽകിയത്. വിവിധ രാഷ്ട്രീയ, മതനേതാക്കൾ തിരുമേനി യോടു വളരെ ആദരവും സ്നേഹവും പുലർത്തിയിരുന്നു. ശ്രീ. മന്നത്തു പത്മനാഭൻ, ശ്രീ. ആർ. ശങ്കർ മുതലായവർ ആ കൂട്ടത്തിൽപെടുന്നു. സഭയിൽ പത്രാധിപർ ജേക്കബ് കുര്യൻ (കേരളാഭിമാനി, കേരളസേവകൻ), കെ. സി. മാമ്മൻ മാപ്പിള, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, എ. എം. വർക്കി തുടങ്ങി അനേകം നേതാക്കന്മാർ അദ്ദേഹത്തോടുചേർന്ന് സഭയ്ക്കു നേതൃത്വം നൽകി ആദ്ധ്യാത്മിക സംഘടനകൾക്ക് നവോന്മേഷം നൽകി. 1930-ൽ ആരംഭിച്ച റീത്തു പ്രസ്ഥാനത്തിന്റെ കടന്നാക്രമണങ്ങളെയും ചെറുക്കാൻ അദ്ദേഹത്തിനു സാധിച്ചു. 1947-ൽ പരിശുദ്ധ പരുമല തിരുമേനിയെയും കോതമംഗലം യൽദോ മാർ ബസേലിയോസ് മഫ്രിയാനായെയും ബാവായെയും അദ്ദേഹം അദ്ധ്യക്ഷനായിരുന്ന പ. പുന്നഹദോസ് പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. പിൻഗാമിയായി പരി. ഔഗേൻ ബാവാ യെയും തെരഞ്ഞെടുത്തശേഷം പൂർണ്ണസമാധാനത്തോടും പ്രത്യാശയോടും കൂടിയാണ് ഈ പരിശുദ്ധ പിതാവ് കാലം ചെയ്തത്. അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ജനുവരി 3-ാം തീയതി ദേവലോകത്ത് കൊണ്ടാടുന്നു.

## നമുക്ക് പ്രാർത്ഥിക്കാം

*പരിശുദ്ധ പിതാക്കന്മാരെ! നിങ്ങളെ തെരഞ്ഞെടുത്ത പിതാവിനു സ്തുതി. നിങ്ങളെ ശക്തിപ്പെടുത്തിയ പുത്രനു വന്ദനം. നിങ്ങളെ കിരീടം ധരിപ്പിച്ച റൂഹായ്ക്കു സ്തോത്രം. നിങ്ങളുടെ പ്രാർത്ഥനകളാൽ ബലഹീനരും പാപി കളുമായ ഞങ്ങളുടെമേൽ എന്നേയ്ക്കും ദൈവകരുണയുണ്ടാകട്ടെ.*

## നമുക്ക് പാടാം

(അൻപുടയോനെ... എന്ന രീതി)

എപ്പീസ്കോപ്പന്മാരാകും-ആചാര്യാധീശന്മാരെ<br>
നാഥൻ നിർമ്മലസഭ തന്നിൽ-ഇടയന്മാരായ് നിയമിച്ചു<br>
...................................................................................................<br>
...................................................................................................<br>
സർവ്വേശാ! എന്നെന്നേക്കും-സ്തുതിയങ്ങേയ്ക്കുണ്ടാകട്ടെ

## നിശ്ചയം

**ദീർഘമായ കാലഘട്ടം സഭയുടെ പ്രതിസന്ധികളിൽ ധൈര്യപൂർവ്വം സഭയെ നയിച്ച പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ ഞങ്ങൾ എന്നാളും സ്മരിക്കും. ആ പിതാവിന്റെ നല്ല മാതൃകകൾ ഞങ്ങൾ ജീവിതത്തിൽ പിന്തുടരും.**

### നമുക്ക് ചിന്തിക്കാം

1. നാം ഇന്നു പഠിക്കുന്ന പിതാവിനെ 'കുറിച്ചി ബാവാ'യെന്നും 'കല്ലാശ്ശേരി ബാവായെന്നും' വിളിക്കുവാനുള്ള കാരണം എന്താണ്?
2. അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ സവിശേഷകൾ എന്താണ്?
3. കുണ്ടറ ആസ്ഥാനമായി ഈ തിരുമേനി ചെയ്ത പ്രവർത്തനങ്ങൾ എന്തായിരുന്നു?
4. "കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനങ്ങൾ ഒരാളിൽ ഒരുമിച്ചുചേർന്നു" എന്നു പറയുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് നാം മനസ്സിലാക്കേണ്ടത്?
5. മലങ്കര സഭയുടെ 'നവോത്ഥാന ശില്പി' എന്നറിയപ്പെടുന്നത് ആരാണ്?
6. തിരുമേനിയുടെ 'താപസശ്രേഷ്ഠൻ' എന്ന നിലയിലുള്ള ഗുണങ്ങൾ എന്തെല്ലാം?
7. ആ പിതാവിന്റെ ശക്തമായ ക്രിസ്തീയ സാക്ഷ്യത്തിന് ഉദാഹരണം ചൂണ്ടിക്കാട്ടുക.
8. പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ സംഭാവനകളെ സമഗ്രമായി നിലയിരുത്തുക.
9. പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ സ്വഭാവങ്ങൾ അദ്ദേഹത്തിൽ എങ്ങനെയെല്ലാം കാണപ്പെടുന്നു?
10. എഡിൻബറോ സമ്മേളനത്തിന്റെ പ്രത്യേകത എന്താണ്?
11. 'മലങ്കരസഭയുടെ നവോത്ഥാനശില്പി' എന്ന് പരി. ബാവായെ വിളിക്കാനുള്ള കാരണങ്ങൾ ഏവ?

### പ്രവർത്തനങ്ങൾ

1. മലങ്കരസഭയിലെ കാതോലിക്കാമാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബത്തിൽ ചേർക്കുക.
2. സഭാചരിത്രപുസ്തകങ്ങളും സഭാപിതാക്കന്മാരെപ്പറ്റിയുള്ള പുസ്തകങ്ങളും വായിക്കുക.
3. ഈ പിതാവിന്റെ മാതൃക ജീവിതത്തിൽ പിന്തുടരുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈ ആഴ്ചയും തുടരുക.**

പാഠം 26

# ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1922–1996)

**പാഠോദ്ദേശ്യം:** നിസ്സായിലെ മാർ ഗ്രീഗോറിയോസ്, നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് എന്നീ കപ്പദോക്യൻ പിതാക്കന്മാരെക്കുറിച്ച് നാം നേരത്തെ പഠിച്ചിട്ടുണ്ടല്ലോ. 'ഇന്ത്യയിലെ മാർ ഗ്രീഗോറിയോസ്' എന്നു വിളിക്കപ്പെടാവുന്ന വലിയ ഒരു പണ്ഡിതന് നമ്മുടെ സഭ ജന്മം നൽകിയിട്ടുണ്ട്. ആ പിതാവിനെ മനസ്സിലാക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

**മനഃപാഠവാക്യം:** "വെള്ളിയേക്കാൾ എന്റെ പ്രബോധനവും മേൽത്തരമായ പൊന്നിനേക്കാൾ പരിജ്ഞാനവും കൈക്കൊൾവിൻ" (സദൃശ്യ. 8:10).

**പഠനസഹായികൾ:** സഭാവിജ്ഞാനകോശം, മലങ്കരസഭാപിതാക്കന്മാർ (സാമുവൽ ചന്ദനപ്പള്ളി), ഗുരു ഗ്രീഗോറിയോസ് (ഫാ. ഡോ. കെ. എം. ജോർജ്), തിരുമേനിയുടെ ആത്മകഥ മുതലായ ഗ്രന്ഥങ്ങൾ.

## പാഠഭാഗം

മഹാത്മാഗാന്ധി, രക്തസാക്ഷിയായപ്പോൾ പ്രസിദ്ധനായ ആൽബർട്ട് ഐൻസ്റ്റയിൻ രേഖപ്പെടുത്തിയ അനുശോചനക്കുറിപ്പ് വിശ്വപ്രസിദ്ധമാണ്. അത് ഇപ്രകാരമാണ് "മജ്ജയും മാംസവുമുള്ള ഇതുപോലെയൊരു മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരുന്നു എന്ന് വരുംതലമുറ വിശ്വസിക്കുകയില്ല." അത്രമാത്രം അസാധാരണമായിരുന്നല്ലോ ഗാന്ധിജിയുടെ ജീവിതം. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതവും അസാധാരണമായിരുന്നു. പ്രത്യേകിച്ച് ബൗദ്ധികതലത്തിൽ. മലങ്കരസഭയുടെ 2000 വർഷത്തെ ചരിത്രത്തിൽ ഇത്രയും പാണ്ഡിത്യം നേടിയ ഒരു വ്യക്തി ഉണ്ടായിട്ടില്ല. മലങ്കരസഭയുടെ ചരിത്രത്തിൽ മാത്രമല്ല ഭാരതത്തിലെ ക്രിസ്തീയ സഭകളുടെ ചരിത്രത്തിൽ തന്നെ തിരുമേനിയെപ്പോലെ വളർന്ന ഒരു പ്രതിഭാശാലി ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ബൗദ്ധികതയെ മനസ്സിലാക്കുവാൻ നിങ്ങൾക്കു ഈ പ്രായത്തിൽ സാധിച്ചു എന്നിരിക്കയില്ല. അതിനാൽ അദ്ദേഹത്തിന്റെ ജീവചരിത്രം ഇപ്പോൾ പഠിക്കാം. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിച്ച് കൂടുതൽ അറിവുനേടാം.

## ബാല്യവും വിദ്യാഭ്യാസവും

ക്ലേശങ്ങൾ നിറഞ്ഞ ബാല്യം പിന്നിട്ട് വളർന്ന ഏബ്രഹാം ലിങ്കനെപ്പോലുള്ള മഹാത്മാക്കളെക്കുറിച്ച് കേട്ടിരിക്കുമല്ലോ. തിരുമേനിയുടെ ബാല്യവും ക്ലേശങ്ങൾ നിറഞ്ഞതായിരുന്നു. തൃപ്പൂണിത്തുറയിൽ തടിക്കൽ കുടുംബത്തിൽ പൈലി മാസ്റ്ററുടെയും ഏലി പൈലിയുടെയും മകനായിട്ട് 1922 ആഗസ്റ്റ് 9-ന് അദ്ദേഹം ജനിച്ചു. പോൾ വർഗീസ് എന്നായിരുന്നു പേര്. വിശ്വപ്രസിദ്ധമായ സർവ്വകലാശാലകളിൽ പഠിച്ചുവെങ്കിലും എന്റെ വേദശാസ്ത്രപഠനത്തിന്റെ ആദ്യാക്ഷരങ്ങൾ കുറിച്ചത് അമ്മയിൽനിന്നാണ് എന്ന് അദ്ദേഹം ആത്മകഥയിൽ (സ്നേഹത്തിന്റെ സ്വാതന്ത്ര്യം ഒരു വലിയ രഹസ്യം) കുറിച്ചിട്ടുണ്ട്. പ്രാർത്ഥനയും സ്നേഹവും പകർന്നുകൊടുത്ത ആ അമ്മ പിന്നീട് മാനസികരോഗിയായിത്തീർന്നതായിരുന്നു പോൾ വർഗീസിന്റെ ബാല്യകാലജീവിതത്തിലെ വലിയ ദുരന്തം. പിതാവും വീട്ടിലെ മറ്റു നാലു സഹോദരങ്ങളും ഈ കാര്യത്തിൽ വളരെ ദുഃഖിക്കുകയും ഭക്ഷണം ഉണ്ടാക്കുന്നതു മുതലുള്ള വീട്ടിലെ എല്ലാകാര്യങ്ങളും താളംതെറ്റുകയും ചെയ്തു.

പ്രയാസങ്ങളുടെ നടുവിലാണ് പോൾ പത്താം ക്ലാസ്സിൽ പരീക്ഷയെഴുതുന്നത്. റാങ്കോടുകൂടി ഫസ്റ്റ് ക്ലാസ്സിൽ പരീക്ഷ പാസ്സായി. ഉന്നതമായ വിജയത്തിന്റെ സന്തോഷം ആസ്വദിക്കാനായില്ല. കാരണം കോളേജിൽ തുടർന്നുപഠിക്കാനുള്ള ആഗ്രഹം നിവർത്തിക്കാൻ സ്കൂൾ ടീച്ചറായ പിതാവിന് സാമ്പത്തിക സൗകര്യമില്ലായിരുന്നു. ഇളയ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകണമല്ലോ. പ്രയാസമുണ്ടായെങ്കിലും പോൾ വർഗീസ് നിരാശനായില്ല. ദൈവം ഒരു വഴി തുറക്കുമെന്ന് വിശ്വസിച്ചുകൊണ്ട് സ്വന്തമായി ജീവിക്കാനുള്ള പരിശ്രമം തുടങ്ങി. പിന്നീടുള്ള പത്ത് വർഷക്കാലം ആ വഴിക്കാണ് നീങ്ങിയത്. ഒരു പത്രത്തിനുവേണ്ടി ജേർണലിസ്റ്റ് ആയും പിന്നീട് ട്രാൻസ് പോർട്ടിംഗ് കമ്പനിയിലും ജോലി ചെയ്തു. ഇതിനിടയിൽ സ്വന്തമായി പഠിക്കുവാനും വായിക്കുവാനും സമയം കണ്ടെത്തിയിരുന്നു. അതിനാൽ പോസ്റ്റ് ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിലെ പരീക്ഷ എഴുതി പാസ്സാകാനും ജോലി സമ്പാദിക്കാനും അനായാസം സാധിച്ചു. ജീവിതക്ലേശങ്ങളുടെ നടുവിൽ വളർന്നതുകൊണ്ട് എപ്പോഴും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പ്രയാസങ്ങളെ നന്നായി മനസ്സിലാക്കിയിരുന്നു. തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ യൂണിയൻ നേതാവായി പ്രവർത്തിച്ചു. ഉന്നതവിദ്യാഭ്യാസത്തിനുള്ള മോഹം അപ്പോഴും മനസ്സിൽ നിറഞ്ഞുനിന്നിരുന്നു.

## എത്യോപ്യയിലെ അധ്യാപകൻ

ജീവിതത്തിലെ വലിയ വഴിത്തിരിവായിരുന്നു എത്യോപ്യയിലെ അധ്യാപകനായി നിയമിതനായത്. യാദൃച്ഛികമായിട്ടാണത് സംഭവിച്ചത്. ഒരുദിവസം ഒരു വിദേശിയെ പരിചയപ്പെടുകയും പോൾ വറുഗീസിന്റെ പെരുമാറ്റരീതിയിൽ അദ്ദേഹത്തിൽ മതിപ്പ് ഉളവാക്കുകയും ചെയ്തു. ഈ വിദേശി എത്യോപ്യയിലക്കു അദ്ധ്യാപകരെ നിയമിക്കുവാൻ നിയോഗിക്കപ്പെട്ട ആളായിരുന്നു. എത്യോപ്യയിൽ പഠിപ്പിക്കാൻ ഡിഗ്രിപഠനം കഴിഞ്ഞവരെ തെരഞ്ഞെടുക്കുവാൻ വന്നവർ കേവലം മെട്രിക്കുലേഷൻ മാത്രമുള്ള പോൾ വർഗീസിനെ തെരഞ്ഞെടുക്കണമെങ്കിൽ അത്രമാത്രം ആ ചെറുപ്പക്കാരന്റെ കഴിവിനെ അവർ മനസ്സിലാക്കിയിരിക്കണം. പിന്നീടുള്ള മൂന്നു വർഷങ്ങൾ എത്യോപ്യയിൽ അധ്യാപകനായി പ്രവർത്തിച്ചു. എത്യോപ്യയിലെ അംഹാരിക് ഭാഷ പഠിച്ചു. ആ ഭാഷയ്ക്കുവേണ്ടി ഗ്രാമർ എഴുതി സർവ്വരുടെയും പ്രശംസ നേടി. എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ ശ്രദ്ധയിലും ഈ ചെറുപ്പക്കാരൻ ചെന്നെത്തി. സഹപ്രവർത്തകരുടെ അസൂയമൂലം പല പ്രയാസങ്ങളും ഇവിടെ സഹിക്കേണ്ടിവന്നു.

## ഉപരിപഠനങ്ങൾ അമേരിക്കയിലും ഇംഗ്ലണ്ടിലും

യോഗ്യതയ്ക്കപ്പുറം ലഭിച്ച ജോലിയിൽ തൃപ്തനാകാതെ ജീവിതത്തിലെ വലിയ ലക്ഷ്യമായ വേദശാസ്ത്രപഠനം നടത്താനുള്ള അവസരം ദൈവം ഒരുക്കി. അമേരിക്കയിലെ 'ഗോഷൻ' കോളേജിൽ ഡിഗ്രി പഠനത്തിനു ചേർന്നു. പിന്നീട് ഒക്‌ലഹോമയിലും ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിലും പിന്നീട് പ്രിൻസ്റ്റൺ സെമിനാരിയിലും പഠിച്ച് വേദശാസ്ത്രത്തിൽ ബിരുദവും മാസ്റ്റർ ഡിഗ്രിയും സമ്പാദിച്ചു. പിന്നീടുള്ള രണ്ടുവർഷം കേരളത്തിൽ ആലുവാ ഫെലോഷിപ്പ് ഹൗസിലും വിദ്യാർത്ഥിപ്രസ്ഥാനത്തിലും സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റിലും (എസ്. സി. എം.) പ്രവർത്തിച്ചു. ചുരുങ്ങിയ രണ്ടു വർഷംകൊണ്ട് മികച്ച വേദപഠനകർത്താവ് എന്ന നിലയിലും വേദശാസ്ത്രജ്ഞൻ എന്ന നിലയിലും കേരളത്തിലുടനീളം ശ്രദ്ധിക്കപ്പെട്ടു.

## വീണ്ടും എത്യോപ്യയിലേയ്ക്കും വിദേശത്തേയ്ക്കും

ഈ പ്രാവശ്യം എത്യോപ്യയിലേയ്ക്കു ക്ഷണിച്ചത് എത്യോപ്യൻ ചക്രവർത്തിതന്നെയാണ്. 1956-ൽ ഇന്ത്യാ ഗവൺമെന്റിന്റെ അതിഥിയായി എത്തിയ ഹെയ്‌ലി സെലാസി

ചക്രവർത്തി സഭയുമായിട്ടുള്ള ബന്ധത്തിൽ, ചേപ്പാടു തിരുമേനിയുടെ 100-ാം ശ്രാദ്ധപ്പെരുന്നാളിലും മറ്റു ചില പരിപാടികളിലും സംബന്ധിച്ചു. അന്നത്തെ പരിശുദ്ധ കാതോലിക്കാ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അനുവാദം വാങ്ങിച്ചാണ് പോൾ വർഗീസിനെ ചക്രവർത്തി എത്യോപ്യയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയത്. തൃപ്പൂണിത്തുറയിലെ ഗ്രാമത്തിൽ ജനിച്ച ഒരു സാധാരണക്കാരൻ, ഒരു വിദേശരാജ്യത്തെ ചക്രവർത്തിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉപദേഷ്ടാവായി നിയമിക്കപ്പെടുക എത്ര വലിയ ഒരു ദൈവനടത്തിപ്പാണ്. ഭൗതികവളർച്ചയ്ക്കുള്ള പല സാധ്യതകളും പ്രലോഭനങ്ങളുമുണ്ടായെങ്കിലും അവയ്ക്കൊന്നും പോൾ വർഗീസ് കീഴ്പ്പെട്ടില്ല. തന്റെ സഭയെയും അതുവഴി മാനവരാശിയെത്തന്നെയും സേവിക്കണമെന്ന ഉന്നതലക്ഷ്യം എപ്പോഴും ഹൃദയത്തിൽ സൂക്ഷിച്ചു. അതിനുള്ള അവസരം നോക്കിപ്പാർത്തിരുന്നു. എത്യോപ്യൻ ചക്രവർത്തിയുടെ ഭരണം തകരുന്നതിനുമുൻപുതന്നെ അദ്ദേഹം എത്യോപ്യ വിട്ടു.

ഉപരിപഠനം 'യേൽ' വഴി ഓക്സ്ഫോർഡിൽ എത്തി. കപ്പദോക്യൻ പിതാക്കന്മാരെ പ്രത്യേകിച്ച് നിസ്സായിലെ ഗ്രീഗോറിയോസിനെക്കുറിച്ചുള്ള പഠനത്തിൽക്കൂടി ലോകത്തിൽ അന്നു ജീവിച്ചിരുന്ന വേദശാസ്ത്രജ്ഞന്മാരുടെ മുൻനിരയിലെത്തി. പതുക്കെ അദ്ദേഹം വിശ്വപൗരനായി മാറുകയായിരുന്നു. സഭകളുടെ അഖിലലോക കൗൺസിലിലെ അസ്സോസിയേറ്റ് സെക്രട്ടറിയായി. ഇതിനോടകം സഭയിൽ സമാധാനം ഉണ്ടാകുകയും 1958-ൽ ശെമ്മാശ്ശനായി. 1962-ൽ വൈദികനാവുകയും ചെയ്തു.

അഖിലലോക സഭാകൗൺസിലിലെ വേദപഠനക്ലാസ്സുകൾക്ക് ഫാ. പോൾ വർഗീസ്, രണ്ടാമനില്ലാത്ത ഒന്നാമനായി മാറി. പാശ്ചാത്യരെ വെല്ലുന്ന ഇംഗ്ലീഷ് പരിജ്ഞാനം, കൂട്ടത്തിൽ സുറിയാനി, ഗ്രീക്ക്, ലാറ്റിൻ, ജർമ്മൻ, ഫ്രഞ്ച്, സംസ്കൃതം, തമിഴ്, ഹിന്ദി, മലയാളം മുതലായി നിരവധി ഭാഷകളുടെ സഹായത്തോടെ പാശ്ചാത്യവും പൗരസ്ത്യവുമായ തത്വശാസ്ത്രവും വേദശാസ്ത്രവും വിശകലനം ചെയ്യുമ്പോൾ കേൾവിക്കാർക്ക് മറ്റാരിൽനിന്നും ലഭിക്കാത്ത പുത്തൻ ഉണർവായി മാറുകയായിരുന്നു. ഏതെങ്കിലും ഒരു ശാഖയിൽ മാത്രമായി അദ്ദേഹത്തിന്റെ അറിവ് ഒതുങ്ങിനിന്നിരുന്നില്ല. മറ്റാരേക്കാളും അദ്ദേഹത്തെ അനന്യനാക്കിയത് ഈ സിദ്ധിയായിരുന്നു. പാശ്ചാത്യ, പൗരസ്ത്യ ദൈവശാസ്ത്രം, ഹിന്ദുമതം, ഇസ്ലാം, ബുദ്ധജൈനമതങ്ങൾ, കൺഫ്യൂഷനിസം, താവോയിസം, മാർക്സിസം, കല, സാഹിത്യം, രാഷ്ട്രമീമാംസ എല്ലാറ്റിനുമുപരി ശാസ്ത്രം, അതിന്റെ പുതിയ സിദ്ധാന്തങ്ങൾ, അതിന്റെ പിന്നിലുള്ള ദാർശനിക മാനങ്ങൾ ഇവയെല്ലാം എങ്ങനെ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാര്യകാരണ സഹിതം വിവരിച്ചുകൊടുക്കാനുള്ള അപാരമായ സംവദേന ക്ഷമതയും അദ്ദേഹത്തിനുണ്ടായിരുന്നു.

അഖിലലോക സഭാകൗൺസിലിൽ, സെൻട്രൽ കമ്മിറ്റി അംഗം മുതൽ അനേകം സമിതികളിലും ഒടുവിൽ അതിന്റെ പ്രസിഡന്റുമായി. യു. എൻ. ജനറൽ അസംബ്ലി സോവിയറ്റ് യൂണിയനിൽ ഗോർബച്ചേവ് നടത്തിയ പെരിസ്ട്രോയിക്ക, നിരായുധീകരണം, ആഗോള ഭക്ഷ്യക്ഷാമം, കുടിവെള്ളപ്രശ്നം, പ്രകൃതിസംരക്ഷണം മുതലായി മനുഷ്യരാശിയെ ബാധിക്കുന്ന ഒട്ടേറെ വിഷയങ്ങളിൽ അന്തർദ്ദേശീയമായി നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ അദ്ദേഹം പങ്കാളിയായി. അനവധി ഡോക്ടറേറ്റുകളും പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി.

## വൈദികസെമിനാരി പ്രിൻസിപ്പൽ, ഡൽഹി ഭദ്രാസനാധിപൻ

ദേശീയവും അന്തർദ്ദേശീയവുമായ വിഷയങ്ങളിൽ വ്യാപൃതനായപ്പോഴും മാതൃസഭയെ മറന്നില്ല. 1967-ൽ ഓർത്തഡോക്സ് വൈദികസെമിനാരി പ്രിൻസിപ്പലായ അദ്ദേഹം മരണം വരെ അതു തുടർന്നു. 1975-ൽ മെത്രാപ്പോലീത്തായായി ഡൽഹി ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു. സെമിനാരി പ്രിൻസിപ്പലായി വേദശാസ്ത്രത്തിലും ഡൽഹി ഭദ്രാസനാധിപ

നായി സാമൂഹ്യ, മത, രാഷ്ട്രീയ രംഗങ്ങളിലും സജീവമായി അദ്ദേഹം പ്രവർത്തിച്ചു. യേശുക്രിസ്തു വെളിപ്പെടുത്തിയ ദൈവരാജ്യത്തിലേയ്ക്കു സർവ്വ മനുഷ്യരെയും ജാതി മതഭേദമെന്യേ രൂപാന്തരപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളിലാണ് അദ്ദേഹം മുഴുകിയത്. ഇതിൽ എല്ലാ മതങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും ശാസ്ത്രത്തിനും കലയ്ക്കും സാഹിത്യത്തിനും രാഷ്ട്രീയത്തിനുമൊക്കെ പങ്കുവഹിക്കാനുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ആത്യന്തികമായി ലോകത്തെ രൂപാന്തരപ്പെടുത്തുന്നത് ദൈവമാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. എന്നാൽ ഈ പ്രക്രിയയിൽ എല്ലാവർക്കും അവരുടേതായ പങ്കുവഹിക്കാനുണ്ട്. നന്മ എവിടെയെല്ലാം ഉണ്ടോ അതിന്റെ ഉറവിടം ദൈവമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. ഭൂഖണ്ഡങ്ങളും മിക്ക രാജ്യങ്ങളും സന്ദർശിച്ച അദ്ദേഹം, ഇംഗ്ലണ്ടിൽനിന്ന് ജർമ്മനിയിലേയ്ക്കുള്ള യാത്രയിൽ വിമാനത്തിൽ വച്ച് 1993-ൽ സ്ട്രോക്കുണ്ടായി. പിന്നീടുള്ള മൂന്നുവർഷവും ഈ പക്ഷാഘാതത്തിന്റെ പരിമിതികളിൽനിന്നുകൊണ്ടു പ്രവർത്തിച്ചു. പിന്നെയും യാത്രകൾ അനവധി നടത്തി. അവസാനനിമിഷം വരെ, ശരീരം ബലഹീനമായെങ്കിലും മനസ്സിനും ബുദ്ധിക്കും ഒരു കോട്ടവും സംഭവിച്ചില്ല. 1996 നവംബർ 24-ന് ഡൽഹിയിൽവച്ച് കാലംചെയ്തു. 26-ന് പഴയസെമിനാരിയുടെ വടക്കുവശത്തുള്ള കബറിൽ അടക്കം ചെയ്തു. അത്ഭുതകരവും അവിശ്വസനീയമെന്നും തോന്നാവുന്ന അദ്ദേഹത്തിന്റെ ജീവിതത്തെ കൂടുതൽ ആഴത്തിൽ നാം പഠിക്കേണ്ടിയിരിക്കുന്നു. ദിവ്യബോധനം പഠനപദ്ധതി, പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഉത്സാഹത്തിൽ സഭയിലെ വിശ്വാസികൾ വേദശാസ്ത്രത്തിലും വേദപുസ്തകത്തിലും ആഴമായ അറിവു നേടണമെന്ന ഉദ്ദേശ്യത്തിൽ 1984ൽ ആരംഭിച്ചതാണ്.

## നമുക്കു പ്രാർത്ഥിക്കാം

*കർത്താവേ, പ്രതിസന്ധികളെ അതിജീവിച്ചു മുന്നേറുവാൻ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതം ഞങ്ങളെ പഠിപ്പിക്കുന്നു. അങ്ങ് അതിനു ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

### നമുക്കു ചിന്തിക്കാം

1. ചെറുപ്പകാലത്ത് പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി എന്തായിരുന്നു?
2. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി വഹിച്ച പദവികൾ എന്തെല്ലാം?
3. അദ്ദേഹത്തിന്റെ ചരിത്രത്തിൽ നിങ്ങളെ ഏറ്റവും സ്വാധീനിച്ച വസ്തുത എന്ത്?
4. വേദശാസ്ത്രപഠനത്തിന്റെ ആദ്യാക്ഷരങ്ങൾ അമ്മയിൽനിന്നാണ് പഠിച്ചത് എന്ന് അദ്ദേഹം പറയുന്നു. നിങ്ങളെ അങ്ങനെ ആരെങ്കിലും സ്വാധീനിച്ചിട്ടുണ്ടോ?

പാഠം 27

# ഫാ. ഡോ. വി. സി. സാമുവൽ
# (1912–1998)

**പാഠോദ്ദേശ്യം:** നിഖ്യാസുന്നഹദോസിൽ (325) സത്യവിശ്വാസത്തിനുവേണ്ടി പോരാടിയ ഒരു അത്താനാസ്യോസ് ശെമ്മാശ്ശനെപ്പറ്റി നാം കേൾക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ടല്ലോ. ആ തരത്തിൽ മലങ്കരസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിലെ പ്രഗത്ഭനായ വൈദികനെ നാം ഈ പാഠത്തിൽ പരിചയപ്പെടുന്നു.

**മനഃപാഠവാക്യം:** "യഹോവേ നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ വിശുദ്ധ പർവ്വതത്തിൽ ആർ വസിക്കും? നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ" (സങ്കീ. 15:1–2).

**പഠനസഹായികൾ:** സഭാവിജ്ഞാനകോശം, മലങ്കര സഭാപിതാക്കന്മാർ - സാമുവൽ ചന്ദനപ്പള്ളി, വി. സി. സാമുവൽ അച്ചന്റെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും.

## ജീവചരിത്രം

1912 ഏപ്രിൽ 6–ന് ഓമല്ലൂർ ഇടയിൽ കുടുംബത്തിൽ ഇ. ജെ. ചെറിയാന്റെയും അന്നമ്മയുടെയും ഒൻപതു മക്കളിൽ അഞ്ചാമനായി ജനിച്ചു. പിതാവ് സ്കൂൾടീച്ചറും. വിദ്യാഭ്യാസരംഗത്ത് പ്രത്യേകം താല്പര്യം കാട്ടിയ ആളുമായിരുന്നു. പ്രാഥമികവിദ്യാഭ്യാസം പത്തനംതിട്ടയിൽ പിതാവിനോടൊപ്പവും ഹൈസ്കൂൾ വിദ്യാഭ്യാസം കോഴഞ്ചേരിയിലും പൂർത്തിയാക്കി. പഠനത്തിൽ വളരെ സമർത്ഥനായിരുന്നെങ്കിലും അന്നത്തെ സാമൂഹ്യപശ്ചാത്തലത്തിൽ കുറേനാളുകളിലേയ്ക്ക് തുടർവിദ്യാഭ്യാസം മുടങ്ങിപ്പോയി.

## മഞ്ഞിനിക്കര ദയറായിലുള്ള ജീവിതം

ജീവിതത്തെക്കുറിച്ചുള്ള ദർശനവും കാഴ്ചപ്പാടും എല്ലാം രൂപപ്പെടുത്തിയതായിരുന്നു മഞ്ഞിനിക്കര ദയറായിലെ വാസം. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ഭൗതികശരീരം അവിടെ അടക്കം ചെയ്തതിനുശേഷം മിക്കപ്പോഴും പാത്രിയർക്കീസിന്റെ ഒരു പ്രതിനിധി അവിടെയുണ്ടായിരുന്നു. അങ്ങനെ അവിടെ താമസിച്ചിരുന്ന അബ്ദുൾ ആഹാദ് റമ്പാനും (പിന്നീട് അദ്ദേഹം യാക്കൂബ് തൃതീയൻ പാത്രിയർക്കീസായി) ഏലിയാസ് മാർ യൂലിയോസ് മെത്രാനുമായുള്ള സമ്പർക്കം സുറിയാനി, ഹീബ്രു ഭാഷയിൽ ആഴമേറിയ പഠനം സാധ്യമാക്കി. അതോടൊപ്പം സ്വന്തമായി ഇംഗ്ലീഷ് ഭാഷയും പരന്ന വായനയിൽകൂടി സ്വായത്തമാക്കി. ഭാഷാപഠനങ്ങളുടെ ആരംഭമായിരുന്നു ഇത്. പിൽക്കാലത്ത് ഗ്രീക്ക്, ലാറ്റിൻ, ജർമൻ, കന്നഡ, തമിഴ് മുതലായ നിരവധി ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി.

## ഉപരിപഠനങ്ങൾ

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 13 വർഷങ്ങൾ കഴിഞ്ഞാണ് തുടർപഠനങ്ങൾ നടന്നത്. 1944–ൽ തുടങ്ങിയ ആ പഠനം 1957 വരെ തുടർന്നു. ആലുവാ യു. സി. കോളേജിൽനിന്ന് ഫിലോസഫിയിൽ ഡിഗ്രിപഠനം തുടങ്ങിയ അച്ചൻ മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്ന് ഫിലോസഫിയിൽ എം. എ. യും തുടർന്ന് ബാംഗ്ലൂർ യു. റ്റി. സി. നിന്ന് ബി. ഡി. യും ന്യൂയോർക്ക് യൂണിയൻ സെമിനാരിയിൽനിന്ന് എസ്. റ്റി. എം.ഉം ഒടുവിൽ

പ്രശസ്തമായ യേൽ യൂണിവേഴ്സിറ്റിയിൽനിന്ന് പി. എച്ച്. ഡി. യും കരസ്ഥമാക്കി. ഉന്നതമായ റാങ്കുകളോടെയാണ് എല്ലാ പഠനങ്ങളും പൂർത്തിയാക്കിയത്.

## സത്യാന്വേഷിയായ വിദ്യാർത്ഥി

അന്ത്യോഖ്യൻ പക്ഷപാതിത്വമുള്ള കുടുംബത്തിലാണ് ജനിച്ചുവളർന്നതെങ്കിലും വസ്തുനിഷ്ഠമായും സത്യമായും കാര്യങ്ങൾ ഗ്രഹിക്കണമെന്ന താല്പര്യം ചെറുപ്പം മുതലേ അദ്ദേഹത്തിനുണ്ടായിരുന്നു. പൗരസ്ത്യ ഓറിയന്റൽ ഓർത്തഡോക്സ് വിഭാഗങ്ങളെ 'ഏകസ്വഭാവവാദികൾ' (Monophysites) എന്നു വിളിച്ചിരുന്നതിൽ സത്യമുണ്ടോ എന്ന് അന്വേഷിക്കണമെന്ന് പ്രത്യേകമായ ഒരു താല്പര്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനാൽ മുഖ്യമായ പഠനം ആ വഴിക്കാണ് നീങ്ങിയത്. ക്രൈസ്തവസഭയിലെ ആദ്യത്തെ പിളർപ്പ് സംഭവിച്ച കൽക്കദോൻ സുന്നഹദോസിന്റെ പശ്ചാത്തലവും ഏകസ്വഭാവ, ദ്വിസ്വഭാവ തർക്കങ്ങളുടെ നിജസ്ഥിതിയും അദ്ദേഹം അന്വേഷിച്ചു. ആകമാന ക്രൈസ്തവസഭയ്ക്ക് പിൽക്കാലത്ത് പ്രയോജനപ്രദമായ കണ്ടെത്തലിലേയ്ക്കാണ് അദ്ദേഹത്തിന്റെ അന്വേഷണങ്ങൾ ചെന്നെത്തിയത്. ഏകസ്വഭാവം, ദ്വിസ്വഭാവം എന്ന രീതിയിലുള്ള വേർതിരിവ് അന്നത്തെ രാഷ്ട്രീയ സാമൂഹ്യ പരിസ്ഥിതികളിൽ സംഭവിച്ചതും പരസ്പരം അർത്ഥം മനസ്സിലാകാഞ്ഞതുമൂലവുമാണെന്നു പണ്ഡിതോചിതമായി അദ്ദേഹം സമർത്ഥിച്ചു. ആകമാന ക്രൈസ്തവസഭ, തന്നെ ഈ കാര്യത്തിൽ ബഹു. വി. സി. സാമുവൽ അച്ചനോടു ഏറെ കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഡോക്ടറൽ പ്രബന്ധമാണ് 'Council of Chalcedon - Reexamined' എന്ന പുസ്തകത്തിൽ പ്രതിപാദ്യവിഷയമാക്കിയിരിക്കുന്നത്.

## ഒരു ഇന്ത്യൻ സഭയെക്കുറിച്ചുള്ള അന്വേഷണം

പാശ്ചാത്യസഭകളുടെയും അന്ത്യോഖ്യൻ സുറിയാനിസഭയുടെയും അധിനിവേശമില്ലാത്ത തനതായ ഒരു ഇന്ത്യൻ ക്രൈസ്തവസഭ ഉണ്ടാകണമെന്ന് അദ്ദേഹത്തിന് വളരെ താല്പര്യവും ദർശനവും ഉണ്ടായിരുന്നു. ആ വഴിക്കുള്ള രൂപരേഖകൾ തയ്യാറാക്കാനായി പ്രത്യേകമായ പഠനങ്ങൾ അദ്ദേഹം നടത്തി. ഈ സമയത്ത് ഡോ. പി. ഡി. ദേവാനന്ദൻ ബാംഗ്ലൂരിൽ ആരംഭിച്ച ഭാരതീയ പഠനങ്ങൾക്കുവേണ്ടിയുള്ള ക്രിസ്തീയ സ്ഥാപന (CISRS)ത്തിൽ ചേർന്നു പഠിച്ചു. പോസ്റ്റ് ഡോക്ടറൽ പഠനം നടത്താൻ റോക്ഫെല്ലർ ഫൗണ്ടേഷന്റെ സ്കോളർഷിപ്പും ലഭിച്ചു. ഇൻഡ്യൻ ഫിലോസഫിയിലെ വേദാന്തപഠനങ്ങൾ, വിവേകാനന്ദൻ, ശ്രീരാമകൃഷ്ണമിഷൻ, മഹാത്മാഗാന്ധി, ഇന്ത്യൻ ദേശീയ പ്രസ്ഥാനം മുതലായവയെപ്പറ്റി ആഴത്തിൽ പഠിച്ചു. ഇന്ത്യയിലെ സഭകൾക്ക് ദേശീയ സ്വഭാവം വന്നുചേരണമെന്ന് ശക്തമായി വാദിക്കുകയും ആ വഴിക്ക് അനേകം ലേഖനങ്ങളും പുസ്തകങ്ങളും എഴുതുകയുമുണ്ടായി. അതിൽ പ്രധാനമാണ് 'ഇത് ഒരു ഇന്ത്യൻ സഭയോ?' എന്ന് സ്വയം വിമർശനാത്മകമായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെക്കുറിച്ച് എഴുതിയ ഗ്രന്ഥം. ദശകങ്ങൾക്കുമുൻപ് എഴുതിയ ആ ഗ്രന്ഥം ഉയർത്തിയ വെല്ലുവിളികൾ ഇന്നും യാഥാർത്ഥ്യമാകാതെ നിലനിൽക്കുന്നു.

## ഉത്തമനായ അധ്യാപകൻ

മഞ്ഞിനിക്കര ദയറായിൽ സുറിയാനി മല്പാനായി പഠിപ്പിക്കുവാൻ തുടങ്ങിയത് വിവിധ മഹാവിദ്യാലയങ്ങളിലേയ്ക്കു വ്യാപിച്ചു. സെറാംപൂർ, ബാംഗ്ലൂർ യു. റ്റി. കോളേജ്, ആഡീസ് അബാബ് (എത്യോപ്യ)യിലെ ഹോളിട്രിനിറ്റി തിയോളജിക്കൽ കോളേജ്, വൈറ്റ് ഫീൽഡ് എക്യൂമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഒടുവിൽ ഒരു ദശകത്തോളം പഴയസെമിനാരിയിലും Federated Faculty for Research in Religion and Cultureലും അദ്ദേഹം സ്തുത്യർഹമായി പ്രവർത്തിച്ചു. എല്ലാ സഭകളിലും പെട്ട വിദ്യാർത്ഥികൾക്ക് അദ്ദേഹത്തിന്റെ പാണ്ഡിത്യവും അതിലുപരി താഴ്മയോടും സ്നേഹത്തോടുംകൂടിയ സമീപനവും വളരെ ദൃശ്യമായിരുന്നു.

## എക്യൂമെനിക്കൽ പ്രവർത്തനങ്ങളിൽ

സഭകൾ തമ്മിലുള്ള വിശ്വാസപരമായ അകലം കുറയ്ക്കുവാൻ അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിച്ചു. ഉപരിപഠനങ്ങളെല്ലാം ആ ലക്ഷ്യംവെച്ചുകൊണ്ടായിരുന്നു. അഖില ലോക സഭാകൗൺസിലിന്റെ നാലു സമ്മേളനങ്ങളിൽ അദ്ദേഹം പ്രബന്ധങ്ങൾ അവതരിപ്പിച്ച് നേതൃത്വം നൽകി. 1954-ൽ ഇവാൻസ്റ്റൺ (യു. എസ്. എ.), 1961 ന്യൂഡൽഹി, 1968 ഉപ്സാല (സ്വീഡൻ), 1976 നെയ്റോബി (കെനിയ) എന്നിവയാണ് ആ സമ്മേളനങ്ങൾ.

## ഫെയ്ത്ത് ആന്റ് ഓർഡർ

റോമൻ കത്തോലിക്കാ സഭ കൂടി അംഗമായ ഫെയ്ത്ത് ആന്റ് ഓർഡർ എന്ന വേദശാസ്ത്ര കൂട്ടായ്മയിൽ ദീർഘമായി 23 വർഷങ്ങളിൽ സേവനമനുഷ്ഠിച്ചു (1961-1984). അതിനിടയിലുള്ള ഏഴു സമ്മേളനങ്ങളിലും അദ്ദേഹം ഈടുറ്റ പ്രബന്ധങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. റോമൻ കാതോലിക് - ഓർത്തഡോക്സ് സഭകളുടെ ഡയലോഗിലും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാസഭയും തമ്മിലുള്ള കൂട്ടായ്മയായ 'പ്രോഓറിയന്റോയിലും' അദ്ദേഹം സജീവമായ നേതൃത്വം നൽകി. അന്തർദ്ദേശീയ കൂട്ടായ്മകൾക്കു നേതൃത്വം നൽകിയപ്പോൾ ഭാരതത്തിലെ എക്യൂമെനിക്കൽ സംരംഭങ്ങളെ അദ്ദേഹം മറന്നില്ല. കേരളാ കൗൺസിൽ ഓഫ് ചർച്ചസ് (കെ. സി. സി.), നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് (എൻ. സി. സി.) എന്നിവയിലും സജീവമായ നേതൃത്വം നൽകിയിരുന്നു.

## സഭയ്ക്കുള്ളിലെ പ്രവർത്തനങ്ങൾ

സൺഡേസ്കൂൾ ഇൻസ്പെക്ടറായിട്ടാണ് സഭയിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. 1935-ൽ ശെമ്മാശ്ശനായും ആ വർഷംതന്നെ വൈദികനായും പട്ടംകെട്ടപ്പെട്ടു. സെറാംപൂർ, ബാംഗ്ലൂർ, എത്യോപ്യ എന്നീ സ്ഥലങ്ങളിലെല്ലാം പ്രവർത്തിച്ചപ്പോൾ അവിടെയെല്ലാം ആരാധനാലയങ്ങളും പള്ളികളും സ്ഥാപിക്കാൻ നേതൃത്വം നൽകി. ആ നിലയിൽ കൂടുതൽ പ്രവർത്തിച്ചിട്ടുള്ളത് ബാംഗ്ലൂരിലാണ്. സെന്റ് ജോർജ് (ട്രിനിറ്റി), ഹൊഡൂർ സെന്റ് ഗ്രീഗോറിയോസ് (മരിക്കുമ്പോൾ ആ ഇടവകാംഗമായിരുന്നു), ജാലഹള്ളി സെന്റ് മേരീസ്, ബാംഗ്ലൂർ ഈസ്റ്റ് സെന്റ് തോമസ്, വിജയനഗർ സെന്റ് സ്റ്റീഫൻസ് മുതലായ പള്ളികളുടെ സ്ഥാപനം മുതൽ അദ്ദേഹം നേതൃത്വം നൽകിയിരുന്നു. കേരളത്തിലും ചില ഇടവകകളിൽ ശുശ്രൂഷ നടത്തിയിട്ടുണ്ട്.

## എഴുത്തുകാരൻ, പണ്ഡിതൻ, വാഗ്മി

അദ്ദേഹം കൺവൻഷൻ പ്രസംഗകനെന്ന നിലയിലുള്ള വാഗ്മിയല്ലായിരുന്നു. പണ്ഡിതോചിതമായ പ്രഭാഷണങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. നിരവധി ഗ്രന്ഥങ്ങളും എണ്ണമറ്റ ലേഖനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. 'സത്യം വിജയിക്കുന്നു' (Truth Triumps) എന്നത് വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനിയെക്കുറിച്ച് രചിച്ച ഒരു വേറിട്ട ഗ്രന്ഥം ആണ്. 'സ്വാനുഭവവേദിയിൽ' എന്ന ആത്മകഥയും സത്യസന്ധമായ ഒരു ജീവിതത്തിന്റെ നേർവഴിക്കുള്ള ഒരു രേഖാചിത്രമാണ്. കാപട്യം ഒട്ടും തീണ്ടിയിട്ടില്ലാത്ത പരമാർത്ഥമായ ഒരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സ്നേഹത്തിന് ജാതിമത, സഭ, ദേശീയതയുടെ അതിർവരമ്പുകളില്ലായിരുന്നു. ക്രിസ്തുവിജ്ഞാനീയത്തിൽ അദ്ദേഹം രചിച്ച 'യേശുക്രിസ്തു ആര്' എന്ന ഗ്രന്ഥം പ്രശസ്തമാണ്. സി. എൽ. എസ്. തിരുവല്ലയാണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. മലങ്കരസഭയുടെ ദിവ്യബോധന സീരിസ്സുകളിലും ഈടുറ്റ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

വാർദ്ധക്യകാലം ബാംഗ്ലൂരിലാണ് കഴിച്ചുകൂട്ടിയത്. 86-ാം വയസ്സിൽ 1998 നവംബർ 18-ന് അദ്ദേഹം ദൈവസന്നിധിയിലേയ്ക്കു കടന്നുപോയി. അദ്ദേഹത്തെക്കുറിച്ച് വിശദ

മായി പഠിക്കുവാൻ മലങ്കരസഭാമക്കൾ ഉത്സാഹിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു ആമുഖമായി ഈ പഠനം സഹായകമാകണം.

## നമുക്ക് പ്രാർത്ഥിക്കാം

*ഞങ്ങളുടെ കർത്താവേ, വി. സി. ശമുവേലച്ചനെപ്പോലെ സഭയുടെ സത്യവിശ്വാസത്തിനുവേണ്ടി എന്നും നിലകൊള്ളുവാൻ ഞങ്ങളെ സഹായിക്കണമേ. എല്ലാം ദൈവയിഷ്ടപ്രകാരവും അവിടുത്തെ മഹത്വത്തിനും ഉതകണമേ. ആമ്മീൻ.*

### നമുക്ക് ചിന്തിക്കാം

1. വി. സി. സാമുവൽ അച്ചനെപ്പറ്റി ഏതെല്ലാം കാര്യങ്ങളാണ് നിങ്ങളെ ആകർഷിച്ചത്?
2. സുറിയാനി ഭാഷാപഠനത്തിന് അനുകൂലമായി അദ്ദേഹത്തിന് ലഭിച്ച സാഹചര്യങ്ങൾ എന്തായിരുന്നു?
3. ആകമാന ക്രൈസ്തവസഭയ്ക്ക് അദ്ദേഹത്തിന്റെ ഗവേഷണഫലം എങ്ങനെയാണ് പ്രയോജനപ്പെട്ടത്? കൂട്ടായി ചർച്ചചെയ്യുക.
4. "ഇത് ഒരു ഇന്ത്യൻ സഭയോ?" ബഹു. വി. സി. ശമുവേലച്ചൻ ഉന്നയിച്ച ഈ ചോദ്യത്തോടുള്ള നിങ്ങളുടെ പ്രതികരണം ചർച്ച ചെയ്യുക.
5. താഴെപ്പറയുന്നവ എന്ത്?

   CISRS ..........................................................................................

   FFRRC..........................................................................................

   KCC..............................................................................................

   NCCI.............................................................................................

### പ്രവർത്തനങ്ങൾ

വി. സി. ശമുവേലച്ചന്റെ രചനകളുടെ ഒരു പട്ടിക തയ്യാറാക്കുക.

യൂണിറ്റ് എട്ട്

# നല്ല ശീലങ്ങൾ

പാഠം 28

# സമ്പത്തിന്റെ നീതിപൂർവ്വമായ വിനിയോഗം

**പഠനോദ്ദേശ്യങ്ങൾ:** സമ്പത്ത് നീതിപൂർവ്വമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുക. സമ്പത്തിന്റെ ശരിയായ വിനിയോഗം സാധ്യമാക്കുന്ന വിവിധ മാർഗ്ഗങ്ങൾ മനസ്സിലാക്കുക. ഈ മാർഗ്ഗങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക.

**മനഃപാഠവാക്യം:** ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇത് ചിലർ കാംഷിച്ചിട്ട് വിശ്വാസം വിട്ടുഴന്നു, ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു (1 തീമോത്തിയോസ് 6:10).

**പഠനസഹായികൾ:** വി. വേദപുസ്തകം, പ്രാർത്ഥനാക്രമം

## ആമുഖം

ആധുനികയുഗത്തിൽ മനുഷ്യൻ മറ്റെന്തിനേക്കാളും സമ്പത്തിന് പ്രാധാന്യം നൽകുന്നു. സമ്പത്തുണ്ടെങ്കിൽ എല്ലാമായി എന്നു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സമ്പത്ത് ഉണ്ടാക്കുന്നതും വിനിയോഗിക്കുന്നതും കരുതിവെയ്ക്കുന്നതും എപ്രകാരമാണെന്നുള്ള വേദപുസ്തകചിന്ത എന്തെന്ന് നമുക്ക് മനസ്സിലാക്കാം.

## പാഠഭാഗം

മനുഷ്യജീവിതത്തിൽ സമ്പത്ത് തീർച്ചയായും ആവശ്യമുള്ളതാണ്. സമ്പത്ത് ഉണ്ടാക്കുന്നതോ, ഉപയോഗിക്കുന്നതോ, കരുതിവെയ്ക്കുന്നതോ ഒരു തെറ്റല്ല. എന്നാൽ സമ്പത്തു നേടാൻ സ്വീകരിക്കുന്ന മാർഗ്ഗം ശരിയാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. സമ്പത്തിനെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് തെറ്റാണ്. അവ ദൈവം തന്നതാണ് എന്നുള്ള ചിന്ത നമ്മെ ഭരിക്കണം. ഇക്കാര്യം നാം വിലയിരുത്തേണ്ടിയിരിക്കുന്നു. സമ്പത്ത് എന്തിനായി നമ്മെ ഏല്പിച്ചിരിക്കുന്നു എന്ന് ദൈവചിന്തയിൽ വിലയിരുത്തുവാൻ നമുക്ക് ചുമതലയുണ്ട്.

സമ്പത്തിനെ വിവിധ രൂപങ്ങളിൽ നമുക്ക് ദർശിക്കാം. താമസിക്കുന്ന വീട്, സ്വന്തമായുള്ള വാഹനം, സ്ഥലങ്ങൾ, ആടുമാടുകൾ, വാണിജ്യസ്ഥാപനങ്ങൾ, ഫാക്ടറികൾ, ബാങ്ക് നിക്ഷേപങ്ങൾ, ഷെയർ നിക്ഷേപം, സ്വർണ്ണം, പണം മുതലായവ സമ്പത്തിന്റെ പല രൂപങ്ങളാണ്. എന്തു ഭക്ഷിക്കുന്നു, എന്തു കുടിക്കുന്നു, എന്തുതരം വായു ശ്വസിക്കുന്നു എന്നുള്ളതുപോലും ഇന്നു സമ്പത്താണ് നിർണ്ണയിക്കുന്നത്. ബന്ധങ്ങളെ നിർവ്വചിക്കുന്നതിനും സൗഹൃദങ്ങളെ വിപുലപ്പെടുത്തുകയോ, പരിമിതപ്പെടുത്തുകയോ ചെയ്യുന്നതിനും അതുപോലെ സമൂഹത്തിൽ സ്റ്റാറ്റസ് നിർണ്ണയിക്കുന്നതിനുമുള്ള പ്രധാന ഘടകം സമ്പത്ത് തന്നെ എന്നു പലരും ചിന്തിക്കുന്നു. സമ്പത്ത് വിനിയോഗത്തിന്റെ വിവിധ വശങ്ങൾ മനസ്സിലാക്കാം:

**1. ധനസമ്പാദനം**

സമ്പത്ത് ദൈവം തരുന്നതാണ്. ദൈവേഷ്ടപ്രകാരം നാം അദ്ധ്വാനിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദൈവം നൽകുന്ന പ്രതിഫലമാണ് സമ്പത്ത്. ദൈവേഷ്ടപ്രകാരം സമ്പത്ത് ഉണ്ടാക്കുന്നതിൽ ദൈവം സന്തോഷിക്കുന്നു. അങ്ങനെയുള്ളവനെ കർത്താവ് വിളിച്ചത് "നന്ന് നല്ല ദാസനേ, നീ അത്യല്പത്തിൽ വിശ്വസ്തൻ" (വി. ലൂക്കോ. 19:17). താലന്തു വിഭജിച്ചുകൊടുത്തശേഷം അതു ഉപയോഗിച്ച് നല്ലത് നേടിയവനെ കർത്താവ് ശ്ലാഘിക്കുന്നതാണ് മുകളിൽ പറഞ്ഞ വാക്യം.

മുൻകാലങ്ങളിൽ കൃഷി, കച്ചവടം, ഗവൺമെന്റ് - പ്രൈവറ്റ് സ്ഥാപനങ്ങളിലെ ജോലി, ഫാക്ടറികളിലെ ജോലി മുതലായവയായിരുന്നു പ്രധാന വരുമാനമാർഗ്ഗങ്ങൾ. ഇന്ന് എവിടെയായാലും ജീവിക്കാനാവശ്യമായ വരുമാനമെന്നതിൽ ഉപരിയായി സമ്പത്ത് വർദ്ധിപ്പിക്കുന്നതിലാണ് ഏവരുടെയും ശ്രമം. ഇതിനായി മടികൂടാതെ ആളുകൾ അമിതപലിശ, കൈക്കൂലി, അഴിമതി, കള്ളക്കടത്ത്, കരിഞ്ചന്ത, കള്ളപ്പണം, അമിതലാഭം മുതലായ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. അന്യായമായി സമ്പത്തുണ്ടാക്കുവാൻ ശ്രമിക്കുമ്പോൾ സമൂഹത്തിൽ മോഷണം, പിടിച്ചുപറി, കൊലപാതകം, കവർച്ച മുതലായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. "എന്റെ സമ്പത്തെന്ന് ചൊല്ലുവാൻ - വേറെയില്ലൊന്നും യേശു മാത്രം സമ്പത്താകുന്നു" ഈ ഗാനം ക്രൈസ്തവഭവനങ്ങളിൽ ഉയർന്നു കേൾക്കാമായിരുന്നു. യേശു മാത്രം എന്റെ സമ്പത്തെന്ന് ആത്മാർത്ഥമായി പറയുവാൻ നമുക്കു കഴിയുമോ?

**2. ധനം എങ്ങനെ ചെലവഴിക്കുന്നു?**

സമ്പത്ത് സമ്പാദിക്കുന്നതിൽ മാത്രമല്ല, ചെലവഴിക്കുന്നതിലും നീതിബോധമുണ്ടാകണം. ഇന്ത്യയിലെ സമ്പത്തിന്റെ 75% ഭാഗവും ജനസംഖ്യയുടെ 25% ആളുകളുടെ കൈവശമാണത്രെ. റോഡിൽ നിറയെ ആഡംബരവാഹനങ്ങൾ. ഒരാൾക്ക് യാത്രചെയ്യുവാൻ പോലും ഒരു ബസ്സിന്റെ വിലയുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നവർ. രണ്ടോ മൂന്നോ പേർക്ക് താമസിക്കുവാൻ അതിവിശാലമായ കോടിക്കണക്കിന് പണം ചെലവാക്കിയുള്ള വീടുകൾ ഉണ്ടാക്കുന്നവർ. ജന്മദിനങ്ങൾ, മാമോദീസാ, വിവാഹം മാത്രമല്ല ശവസംസ്കാരം പോലും തങ്ങളുടെ സമ്പത്തിന്റെ നിലവാരം കാണിക്കുന്ന അവസരമായി തീർന്നിരിക്കുന്നു. ഇതെല്ലാം ധനം ധൂർത്തടിക്കുന്നതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്. വ്യക്തികൾ മാത്രമല്ല, സ്ഥാപനങ്ങളും പള്ളികളും സഭകളും വിവിധ മതസ്ഥാപനങ്ങളും ഇക്കാര്യത്തിൽ ഒട്ടും പിറകിലല്ല. പള്ളിപ്പെരുന്നാളിൽപോലും ആചാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും (മുൻപതിവിന്റെ) പേരു പറഞ്ഞു ആത്മീയ അടിസ്ഥാനം തീരെയില്ലാത്ത കാര്യങ്ങൾക്കു പണം ചെലവഴിക്കുന്നതും ധൂർത്തുതന്നെ.

**3. ദൈവം തരുന്ന സമ്പത്ത് എല്ലാവർക്കും അവകാശപ്പെട്ടതാണ്**

നാം സ്വന്തമായി മാത്രം അനുഭവിക്കുകയും ധൂർത്തടിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള എല്ലാ സമ്പത്തും ഈ ലോകത്തിലുള്ള എല്ലാവർക്കും അവകാശപ്പെട്ടതാണ്. നമുക്ക് ദൈവം തന്ന സമ്പത്ത് നമ്മുടെ കഴിവനുസരിച്ച് മറ്റുള്ളവരെ സഹായിക്കുവാൻ ഉപയോഗിക്കുന്നതിനു കൂടിയുള്ളതാണ്. നാം സുഭിക്ഷതയിൽ കഴിയുമ്പോൾ നമ്മുടെ സമീപത്തുള്ളവർ പട്ടിണികിടക്കുകയാണെങ്കിൽ അതിൽ നാം ദൈവസന്നിധിയിൽ ഉത്തരം പറയേണ്ടിവരും. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ധനവാനായ ചെറുപ്പക്കാരനോട് യേശു പറയുന്നത് "നിനക്കുള്ളത് ഒക്കെയും വിറ്റു ദരിദ്രന്മാർക്ക് പകുത്തുകൊടുക്കൂ. എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ

അനുഗമിക്കുക" എന്നാണ് (വി. ലൂക്കോസ് 18:22). നമ്മുടെ സമ്പത്തിന്റെ ദശാംശം മറ്റുള്ളവരെ സഹായിക്കുവാൻ നീക്കിവയ്ക്കേണ്ടത് ആവശ്യമാണെന്ന് വി. ബൈബിൾ പഠിപ്പിക്കുന്നു. ജീവിതശൈലിയിൽ ആർഭാടങ്ങൾക്ക് സ്വയംനിയന്ത്രണം ഏർപ്പെടുത്തണം.

**4. സമൂഹത്തിന്റെ സ്വാധീനം**

ഇന്ന് നാം ജീവിക്കുന്നത് കൺസ്യൂമർ സൊസൈറ്റിയിലാണ്. പരസ്യങ്ങളുടെ സ്വാധീനവലയത്തിൽപെട്ട ഉപഭോഗസംസ്കാരത്തിനടിമകളായി അനാവശ്യമായി പണം ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ജീവിതശൈലിയിൽ മറ്റുള്ളവരെ അനുകരിക്കുവാനും പൊങ്ങച്ചം കാണിക്കുവാനും കടം വാങ്ങിപോലും പണം ചെലവഴിക്കുന്നവരുണ്ട്. മറ്റുള്ളവരുടെ സ്വാധീനത്തിൽ മദ്യപാനം തുടങ്ങി അതിനടിമകളായിത്തീർന്നിട്ടുള്ള ധാരാളം ആളുകൾ നമുക്കു ചുറ്റും കാണാം. ഇത് മാനനഷ്ടത്തിനും പട്ടിണിക്കും മാത്രമല്ല, മാറാരോഗങ്ങളിലേയ്ക്കും ആത്മഹത്യയിലേയ്ക്കും വരെ ചെന്നെത്തിക്കും എന്നത് വാസ്തവമാണ്. പല കുട്ടികളും രാസവസ്തുക്കൾ കൂടുതലായി അടങ്ങിയിരിക്കുന്ന പായ്ക്കറ്റ് ഭക്ഷണങ്ങൾ വാങ്ങുന്നതിന് ധാരാളം പണം ചെലവഴിക്കുന്നുണ്ട്. ആരോഗ്യത്തിന് ഒരു ഗുണവും ചെയ്യുകയില്ലായെന്നു മാത്രമല്ല, ഇത് വളരെ ദോഷകരവുമാണ്. സമ്പത്ത് ഉള്ളപ്പോൾ സുഹൃത്തുക്കൾ ധാരാളമുണ്ടാകും. പണം തീർന്നുകഴിഞ്ഞാൽ എല്ലാവരും ഉപേക്ഷിച്ചു പോവുകയും ചെയ്യും.

**5. സമ്പാദ്യം ഭാവിയിലേയ്ക്ക് ആവശ്യമോ?**

കളപ്പുരയിൽ അമിതമായി ധാന്യം കരുതിവയ്ക്കുന്ന ധനവാനോട് നമ്മുടെ കർത്താവ് പറയുന്നതായി വിശുദ്ധ വേദപുസ്തകത്തിൽ നാം കാണുന്നു. "മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും; പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും?" (വി. ലൂക്കോസ് 12:20). ലോകത്തിന്റെ നല്ലൊരു ഭാഗം കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തി തന്റെ മരണത്തിൽ താൻ ഒന്നും കൂടെ കൊണ്ടുപോകുന്നില്ലായെന്ന് ലോകത്തിന് കാണിച്ചുകൊടുത്തു. സമ്പാദ്യമായി കൂട്ടിവയ്ക്കുന്നത് പണമല്ല. സമ്പത്ത് വിനിമയം ചെയ്യപ്പെടണം. എങ്കിലേ അത് ധനമാകൂ. മണ്ണിൽ കുഴിച്ചിട്ട 'ഒരു കാശ്' ധനമല്ലെന്ന് കർത്താവ് പറഞ്ഞു. അഞ്ചും രണ്ടും കിട്ടിയവർ പത്തും നാലുമാക്കി. അത് കർത്താവിനെ തിരികെ ഏല്പിക്കുമ്പോൾ അത് സമ്പത്തായി മാറുന്നു. നമുക്ക് ലഭിക്കുന്നത് കൂട്ടിവയ്ക്കാതെയും കുഴിച്ചുവയ്ക്കാതെയും അതുകൊണ്ട് വിനിമയം ചെയ്തു വർദ്ധിപ്പിച്ച് സമൂഹത്തിന്റെ നന്മയ്ക്കായി സമർപ്പിക്കുകയാണ് വേണ്ടത്.

നമ്മുടെ പല വീടുകളിലും മക്കളും കൊച്ചുമക്കളുമായി പല തലമുറകൾക്ക് സുഖമായി ജീവിക്കുവാനുള്ള സമ്പാദ്യം കരുതിവച്ചിരിക്കയാണ്. ഇത് നമ്മുടെ നാടിന്റെ സാമൂഹ്യ വ്യവസ്ഥിതിയാണ്. പ്രായമാകുമ്പോൾ ചെറിയൊരു സമ്പാദ്യമുള്ളത് ഗുണം ചെയ്യുമെങ്കിലും ജീവിതംതന്നെ സമ്പാദിച്ചുകൂട്ടുക എന്ന പ്രക്രിയയ്ക്കുവേണ്ടി മാറ്റിവയ്ക്കുന്നത് ശരിയല്ല.

ഒരു വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങൾക്ക് ഇക്കാര്യത്തിൽ എന്ത് ചെയ്യുവാൻ കഴിയും? ഇപ്പോൾ തന്നെ ചില തീരുമാനങ്ങൾ ചെയ്യണം. അത് എപ്രകാരം എന്ന് നോക്കാം.

i. ഒരു കുട്ടി എന്ന നിലയിൽനിന്നും സമൂഹത്തിലെ ഉത്തരവാദിത്വമുള്ള വ്യക്തി എന്ന നിലയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന വളർച്ചാഘട്ടത്തിലാണിപ്പോൾ നിങ്ങൾ. വീട്ടിൽ ധനം സമ്പാദിക്കുന്നതും ചെലവഴിക്കുന്നതും സൂക്ഷിച്ചുവയ്ക്കുന്നതും നീതിപൂർവ്വമായിട്ടാണോ എന്ന് ശ്രദ്ധിക്കുവാൻ ശ്രമിക്കുക.

ii. കൈവശം ലഭിക്കുന്ന പണം അത് പോക്കറ്റ് മണിയായി ലഭിക്കുന്നതാണെങ്കിൽ പോലും അനാവശ്യമായ കാര്യങ്ങൾക്കു ഉപയോഗിക്കാതെ മറ്റുള്ളവർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ വിനിയോഗിക്കുക.

iii. വരുമാനത്തിന്റെ ദശാംശം മറ്റുള്ളവർക്കുവേണ്ടി പ്രത്യേകിച്ച് ഇടവകയിലും സഭയിലും സമൂഹത്തിലും നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുവാൻ കുടുംബാംഗങ്ങളെ ഓർപ്പിക്കുക. സ്വന്തമായി വരുമാനം ലഭിച്ചുതുടങ്ങുമ്പോൾ ഈ രീതിയിൽ ദശാംശം (വരുമാനത്തിന്റെ പത്തിലൊന്നെങ്കിലും) മാറ്റിവച്ച് ഉപയോഗിക്കുവാൻ ശ്രമിക്കുകയും ചെയ്യുക (മലാഖി 3:8 വായിക്കുക).

iv. അന്യായമായി പണം ഉണ്ടാക്കുവാൻ ഒരിക്കലും ശ്രമിക്കാതിരിക്കുക. ധനത്തിന്റെ അടിസ്ഥാനത്തിൽ ആരെയും വേർതിരിച്ച് കാണാതിരിക്കുക. ദൈവമുമ്പാകെ എല്ലാവരും ഒരുപോലെയാണെന്ന് ഉറച്ചു വിശ്വസിക്കുക.

v. ധനത്തെ മാത്രം സമ്പാദ്യമായി കാണാതെ ദൈവം നമുക്ക് തന്നിരിക്കുന്ന കഴിവുകളെയും സമ്പാദ്യമായി കണ്ട് ആ കഴിവുകൾ വളർത്തിയെടുക്കുവാൻ സ്വയം ശ്രമിക്കുകയും മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുക.

vi. നേടുന്ന സമ്പാദ്യം 'നിക്ഷേപമാക്കി' വിനിമയസാധ്യതയില്ലാതെ 'കുഴിച്ചുവയ്ക്കുന്ന' സ്വഭാവം വിട്ട് വിനിമയം ചെയ്ത് വർദ്ധിപ്പിച്ച് അനേകരുടെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

ദൈവത്തിന്റെ ദാനമായ സമ്പത്തിനെ ദൈവേഷ്ടമറിഞ്ഞ് വിനിയോഗിക്കുവാൻ പ്രാർത്ഥനാപൂർവ്വം ശ്രമിക്കുമ്പോൾ മനസ്സ് സന്തോഷിക്കും. അതിൽകൂടെ എന്നും സമാധാനവും സന്തോഷവും ഉൾക്കൊണ്ട് ജീവിതം നയിക്കുവാൻ സാധിക്കും.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ, സമ്പത്തിൽ ആശ്രയിക്കാതെ അവിടുത്തെ കൃപയിൽ മാത്രം ആശ്രയിച്ച് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ലഭിച്ചിരിക്കുന്ന എല്ലാ നല്ല ദാനങ്ങളും അവിടുത്തെ കരുണയാണെന്നു തിരിച്ചറിഞ്ഞ് പങ്കുവയ്ക്കുന്ന അനുഭവത്തിലേയ്ക്കു ഞങ്ങളെ നയിക്കണമെ. ആമ്മീൻ.*

## നമുക്ക് പാടാം

(പുരുഷന്മാരുടെ ശവസംസ്കാരം - ഒന്നാം ശുശ്രൂഷ)

ഭ്രാതാക്കന്മാരേ-സാ-ശ്രദ്ധം
കേട്ടറിവിൻ നിങ്ങൾ-സ-മ്പത്തും
സൗന്ദര്യവുമാജ്ഞാശ-ക്തിയതും
പൊയ്പ്പോയ് നിശേഷം-മാ-ഞ്ഞീടും
നിത്യം വാഴുന്നോൻ-താ-ൻ-ധന്യൻ

## നിശ്ചയം

**സമ്പത്തിന്റെ നീതിപൂർവ്വമായ വിനിയോഗം എങ്ങനെ സാധ്യമാക്കാം എന്ന് ഞങ്ങൾ മനസ്സിലാക്കി. ഇവ ഞങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കും. ധൂർത്തും ആർഭാടജീവിതവും ഞങ്ങൾ ഉപേക്ഷിക്കും. ദശാംശം നീക്കിവച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും. ദൈവംതരുന്ന സമ്പത്തിൽ മാത്രം ആശ്രയിച്ച് ജീവിക്കും.**

**നമുക്ക് ചിന്തിക്കാം**

1. സമ്പത്തിന്റെ വിവിധ രൂപങ്ങളേവ?
2. സമ്പത്ത് നന്നായി സമ്പാദിക്കുന്നവരെ ദൈവം വിളിക്കുന്ന പേരെന്ത്?
3. 'എന്റെ സമ്പത്തെന്നു ചൊല്ലുവാൻ' എന്ന ഗാനശകലം നൽകുന്ന സന്ദേശം എന്ത്?
4. സമ്പത്ത് ശരിയായി വിനിയോഗിക്കേണ്ടത് എങ്ങനെയെല്ലാം?
5. സമ്പത്ത് മനുഷ്യന് എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നു?
6. "സമ്പത്ത് ഒരു നല്ല ദാസനാണ്. എന്നാൽ മോശം യജമാനനും." ഈ ചൊല്ലിന്റെ അർത്ഥം വ്യക്തമാക്കാമോ?
7. സമ്പത്ത് വിനിയോഗിക്കുന്നതിന്റെ വിവിധ വശങ്ങൾ വിശദമാക്കുക.
8. "സമ്പത്ത് ദൈവം തരുന്ന പ്രതിഫലമാണ്." സമർത്ഥിക്കുക.
9. ഇന്ന് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ധൂർത്ത് ഏതെല്ലാം? അവയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത്?
10. ലളിതജീവിതം നയിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ ഏവ?
11. നമുക്ക് ദൈവം തന്നിരിക്കുന്ന താലന്തുകളെ വർദ്ധിപ്പിച്ച് 'ധന'മാക്കി മാറ്റുന്നതെങ്ങനെ?
12. സമ്പത്തിന്റെ ശരിയായ വിനിയോഗം സാധ്യമാക്കുവാൻ ഒരു വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങൾക്ക് എന്തെല്ലാം ചെയ്യുവാൻ കഴിയും?

**പ്രവർത്തനങ്ങൾ**

1. അന്യായമായി ധനം സമ്പാദിക്കുന്നതിനെപ്പറ്റിയും ദ്രവ്യാഗ്രഹത്തെപ്പറ്റിയുമുള്ള വാക്യങ്ങൾ വി. വേദപുസ്തകത്തിൽനിന്ന് കണ്ടെത്തി ഡയറിയിൽ എഴുതിവയ്ക്കുക.
2. 'സമ്പത്തിന്റെ നീതിപൂർവമായ വിനിയോഗം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ചർച്ചനടത്തുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

പാഠം 29

# കൗൺസിലിംഗിന്റെ പ്രസക്തി

**പാഠോദ്ദേശ്യങ്ങൾ:** കൗൺസിലിംഗിന്റെ പ്രാധാന്യം മനസ്സിലാക്കുക. മാനസിക, വൈകാരിക പ്രശ്നങ്ങൾ നേരിടേണ്ടിവരുമ്പോൾ കുറുക്കുവഴികൾ തേടി ജീവിതം നശിപ്പിക്കാതെ കൗൺസിലിംഗിലൂടെ ജീവിതസമാധാനം നേടുവാൻ കഴിയുക. മറ്റുള്ളവർക്ക് ഈവക പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ അവർക്ക് കൗൺസിലിംഗ് ലഭിക്കുവാൻ മാർഗ്ഗനിർദ്ദേശം നൽകുക.

**മനഃപാഠവാക്യം:** "മകനെ, എന്റെ ഉപദേശം മറക്കരുത്. നിന്റെ ഹൃദയം എന്റെ കല്പനകളെ കാത്തുകൊള്ളട്ടെ" (സദൃശ. 3:1).

**പഠനസഹായികൾ:** ഫാ. ഡോ. ഒ. തോമസ് എഴുതിയ 'ജീവിതപാതയിൽ', 'മനസ്സും ജീവിതവും' എന്നീ ദിവ്യബോധനഗ്രന്ഥങ്ങൾ, വി. വേദപുസ്തകം, പ്രാർത്ഥനാക്രമം.

## ആമുഖം

മാനസിക വൈകാരികപ്രശ്നങ്ങൾ ഇല്ലാത്തവർ ആരും കാണുകയില്ല. ശരിയായ കൗൺസിലിംഗ് ഈ സന്ദർഭത്തിൽ പ്രയോജനം ചെയ്യും. കൗൺസിലിംഗ് ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതുതരത്തിലുള്ള കൗൺസിലറെയാണ് സമീപിക്കേണ്ടത് എന്നൊക്കെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇവയാണ് നാം പഠിക്കുന്നത്.

## പാഠഭാഗം

### കൗൺസിലിംഗ് ഒരു ആമുഖം

വേദപുസ്തകത്തിൽ കൗൺസിലർ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടോ? മലയാള വേദപുസ്തകത്തിൽ അങ്ങനെയൊരു വാക്കു കാണുന്നില്ല. എന്നാൽ ഇംഗ്ലീഷിൽ ഈ പ്രയോഗം പല ഭാഗങ്ങളിൽ കാണുന്നുണ്ട് (Paraclete: Counsellor). പരിശുദ്ധാത്മാവിനെയാണ് പുതിയനിയമത്തിൽ കൗൺസിലറായി ചിത്രീകരിച്ചിരിക്കുന്നത്. മാനുഷിക ബുദ്ധിക്കതീതമായി ദൈവത്തിന്റെ ആലോചന വിശ്വാസികൾക്ക് ആവശ്യമാണ്. ദൈവം തമ്പുരാൻ നേരിട്ടു വെളിപ്പാടു തരണമെന്ന് എപ്പോഴും നാം ശഠിക്കരുത്. എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വിശ്വാസികളുടെ ഹൃദയങ്ങളിൽ വസിച്ച് മനുഷ്യബുദ്ധിക്കതീതമായ കാര്യങ്ങൾ ആലോചകളിലും ചിന്തകളിലും വെളിപ്പെടുത്തിത്തരും. ദൈവം മനുഷ്യരെയും ഈ കാര്യങ്ങളിൽ മുഖാന്തരങ്ങളാക്കാറുണ്ട്.

കുടുംബങ്ങളിലെ പ്രായംചെന്നവർ, പട്ടക്കാർ, ഗുരുക്കന്മാർ മുതലായവരൊക്കെ നല്ല കൗൺസിലറന്മാരായിരുന്നു. ഇളംതലമുറയെ നേർവഴിയിൽ നടത്തുവാനുള്ള നല്ല ആലോചനകൾ പങ്കിടുവാൻ ഇവർ കഴിവുള്ളവരുമായിരുന്നു. അവരുടെ ആലോചനകളിൽ ആത്മീയസത്യങ്ങൾ ഉൾക്കൊണ്ടിരുന്നു. ജ്ഞാനിയായ ശലോമോന്റെ സദൃശ്യവാക്യങ്ങൾ മുഴുവനും ആ തരത്തിൽ എങ്ങനെ ശരിയായി ജീവിക്കണമെന്നുള്ള ആത്മീയപ്രബോധനങ്ങളാണല്ലോ. എന്നാൽ മനഃശാസ്ത്രം എന്ന വിജ്ഞാനശാഖ വളർന്നതോടുകൂടി, അതിന്റെ സാധ്യതകൾ കൂടി ഉപയോഗിച്ച് പ്രശ്നപരിഹാരങ്ങൾ കണ്ടെത്തണമെന്ന ആശയത്തിന് പ്രാബല്യമുണ്ടായി. ആധുനിക കൗൺസിലിംഗ് ആ വിധത്തിൽ വളർന്നിട്ടുള്ളതാണ്. ദൈവത്തെയും ആത്മീയ അടിസ്ഥാനങ്ങളെയും മാറ്റിനിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് വിശ്വാസസമൂഹത്തിനു ചേർന്നതല്ല. ആത്മീയതയെയും മനഃശാസ്ത്രം തരുന്ന അറിവിനെയും

ആരോഗ്യകരമായി ബന്ധിപ്പിക്കുന്ന കൗൺസിലിംഗിനായിരിക്കണം വിശ്വാസികൾ പ്രാധാന്യം നൽകേണ്ടത്.

## കൗൺസിലിംഗ് എന്നാൽ എന്താണ്?

പക്വതയുള്ള മാതാപിതാക്കൾ, ഗുരുക്കന്മാർ, ആചാര്യന്മാർ മുതലായവർ മാനസിക, വൈകാരിക പ്രയാസങ്ങൾ ഉള്ളവർക്കു ഉപദേശം കൊടുക്കുന്ന രീതിയാണ് മുൻപ് ഉണ്ടായിരുന്നത്. എന്നാൽ ഉപദേശം സ്വീകരിക്കാൻ മനസ്സില്ലാത്തവർക്ക് ഈ രീതി പ്രയോജനം ചെയ്യുകയില്ല. അതിനാൽ ആ രീതിക്ക് ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. അതായത് വൈകാരിക, മാനസിക, ആത്മീയ പ്രശ്നങ്ങൾ ഉള്ളവർക്കും, സ്വയം തീരുമാനമെടുക്കാൻ ഉള്ള കഴിവു പൂർണ്ണമായും നഷ്ടപ്പെട്ടിട്ടില്ല. തന്നെയുമല്ല, സ്വയം ഉത്തരവാദിത്വത്തോടു കൂടി തീരുമാനങ്ങൾ എടുത്താൽ അവർക്ക് അതു നടപ്പാക്കാനുള്ള താല്പര്യമുണ്ടാകും. തീരുമാനങ്ങൾ അടിച്ചേല്പിക്കുന്നത് പലർക്കും ഇഷ്ടപ്പെടുകയില്ല. പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുവാനുള്ള കഴിവ് എല്ലാവർക്കും കാണുകയുമില്ല. അതിനാൽ ഇപ്പോഴത്തെ കൗൺസിലിംഗിൽ രണ്ടു കാര്യങ്ങളെ സംയോജിപ്പിച്ചിരിക്കുന്നു.

ഒന്നാമത് മാനസിക പ്രശ്നങ്ങളെ വിലയിരുത്താനുള്ള കൗൺസിലറുടെ കഴിവ്, രണ്ടാമത് ഉത്തരവാദിത്വത്തോടുകൂടി സ്വയംതീരുമാനമെടുക്കാനുള്ള വ്യക്തികളുടെ കഴിവ്. ഇതു രണ്ടും കൂടി സംയോജിപ്പിക്കുന്ന ശൈലിയാണ് ആധുനിക കൗൺസിലിംഗിന്റെ അടിസ്ഥാനം. കണ്ണാടിയിൽ നോക്കുന്നതുപോലെ ഈ പ്രക്രിയയെ ഉപമിക്കാം. കണ്ണാടിയിൽ നോക്കുമ്പോൾ, അവരവരുടെ മുഖം എങ്ങനെയിരിക്കുന്നു എന്നു കണ്ടെത്തുന്നു. തനിയെ സ്വന്തം മുഖം കാണാൻ സാധിക്കാത്ത അവസ്ഥയാണല്ലോ ഏവർക്കുമുള്ളത്. അങ്ങനെ കണ്ടെത്തുന്ന പ്രതിബിംബങ്ങളിൽ അപാകതയുള്ളത് പരിഹരിക്കുവാൻ സ്വയം സാധിക്കുന്നു. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ കൗൺസിലിംഗിനെ ഈ വിധത്തിൽ നിർവ്വചിക്കാവുന്നതാണ്. മനസ്സിന്റെ വിവിധ വശങ്ങളെ അപഗ്രഥിക്കാനറിയാവുന്നവരുമായി മനസ്സു പങ്കിടുകയും അതിൽകൂടി ലഭിക്കുന്ന ഉൾക്കാഴ്ചകൾ കൊണ്ട് പ്രശ്നങ്ങളെ പരിഹരിക്കാൻ സ്വയം തീരുമാനങ്ങൾ എടുക്കുന്നതിനെയാണ് കൗൺസിലിംഗ് എന്ന് നിർവ്വചനം ശ്രദ്ധേയം. മനസ്സിനെ അപഗ്രഥിക്കുന്നവർക്ക് ആത്മീയ ഉൾക്കാഴ്ചകൾകൂടി ഉണ്ടെങ്കിൽ അവരുടെ കൗൺസിലിംഗായിരിക്കും വിശ്വാസികൾക്ക് ഏറെ പ്രയോജനപ്പെടുന്നത്.

മനസ്സിനെ അലട്ടുന്ന പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിശകലനം ചെയ്ത് സ്വയം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കുന്ന പ്രക്രിയയാണ് കൗൺസിലിംഗ് എന്നു പറയാം.

## ആർക്കെല്ലാമാണ് കൗൺസിലിംഗ് ആവശ്യമായിരിക്കുന്നത്?

കൗൺസിലിംഗിനെക്കുറിച്ച് ചിലർക്കെങ്കിലും തെറ്റായ ധാരണയുണ്ട്. അതായത് മാനസിക രോഗികളാണ് കൗൺസിലിംഗിന് പോകുന്നത്. ഇത് ഒട്ടും ശരിയല്ല. മാനസികരോഗികൾക്ക്, മരുന്ന് ഉപയോഗിച്ചുള്ള ചികിത്സ ആവശ്യമായി വരും. കൂട്ടത്തിൽ കൗൺസിലിംഗും പ്രയോജനപ്പെടും. എന്നാൽ കൗൺസിലിംഗ് മാനസികരോഗികൾക്കുള്ളതാണ് എന്ന ചിന്ത ഒട്ടുമേ ശരിയല്ല. ജീവിതത്തിൽ എന്തെങ്കിലും ക്ലേശങ്ങളിൽക്കൂടി കടന്നുപോകാത്തവർ ഉണ്ടാകുമോ? അതുപോലെ മാനസികസമ്മർദ്ദങ്ങൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ഇതൊക്കെ മനസ്സിൽ അടിച്ചമർത്താൻ തുടങ്ങിയാൽ വൈഷമ്യങ്ങൾ കൂടുകയേയുള്ളൂ. എന്തു പ്രയാസങ്ങളായാലും ആരോടെങ്കിലും ഉള്ളുതുറന്ന് പങ്കിടുവാൻ സാധിച്ചാൽ മനസ്സിന് വളരെ ആശ്വാസം നൽകുന്ന

അനുഭവമാണ്. അതിൽകൂടി സംഭവിക്കുന്നതും കൗൺസിലിംഗ് ആണ്. ഒട്ടേറെ മനഃക്ലേശങ്ങളിൽകൂടി കടന്നുപോകുമ്പോൾ അത് പങ്കിടുവാൻ നല്ല ഒരു കൗൺസിലറെ ലഭിച്ചാൽ മനസ്സ് കൂടുതൽ അസ്വസ്ഥമാകാതെയിരിക്കാൻ സഹായിക്കും.

ഒരുവിധത്തിൽ വ്യക്തികളുടെ സ്വാഭാവിക വളർച്ചയിൽ തന്നെ സംഘർഷങ്ങൾ അനവധിയുണ്ട്. കൊച്ചുകുഞ്ഞിനെ വീട്ടിലാക്കി ജോലിക്കുപോകുമ്പോൾ അമ്മയും കുഞ്ഞും മാനസികസമ്മർദ്ദം അനുഭവിക്കുന്നു. കുട്ടികൾ സ്കൂളിൽ പോകുമ്പോൾ, അവിടെ വിദ്യാലയാന്തരീക്ഷവുമായി ഇഴുകിച്ചേരുന്ന പ്രക്രിയയിൽ സംഘർഷം അനുഭവിക്കുന്നു. പരീക്ഷകൾ കുട്ടികൾക്ക് മനഃപ്രയാസങ്ങളുണ്ടാക്കുന്ന സന്ദർഭങ്ങളാണ്. കൗമാരയൗവനത്തിലേയ്ക്കു വളരുമ്പോൾ ഒട്ടനവധി സമ്മർദ്ദങ്ങൾ ഉണ്ടാകുന്നു. അപക്വമായ പ്രേമബന്ധങ്ങൾ, തെറ്റായ കൂട്ടുകെട്ടുകളുടെ ഫലമായിട്ടുണ്ടാകുന്ന സ്വഭാവദൂഷ്യങ്ങൾ, മദ്യം, മയക്കുമരുന്ന്, അശ്ലീലസാഹിത്യം മുതലായവയോടുള്ള അഭിനിവേശം ഇതൊക്കെ യൗവനത്തിലെ സംഘർഷങ്ങളാണ്. കുടുംബജീവിതത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ വേണ്ടത്ര യോജിപ്പുണ്ടാകാത്തതും മറ്റൊരു സംഘർഷമേഖലയാണ്. മാതാപിതാക്കൾ പിണക്കത്തിലാണെങ്കിൽ കുട്ടികളുടെ പിരിമുറുക്കം വർദ്ധിക്കുന്നു. വാർദ്ധക്യത്തിലായവർ അവഗണിക്കപ്പെടുമ്പോൾ അവർ അസ്വസ്ഥരാകുന്നു. സാമ്പത്തികഞെരുക്കം, കടഭാരം, മഹാരോഗം ഇവയുണ്ടാക്കുന്ന മാനസികസംഘർഷങ്ങൾ ഏറെ ആഴമുള്ളതാണ്. ചില സംഘർഷങ്ങൾ ചിലരെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നു. ഇങ്ങനെ സാമൂഹ്യജീവിതത്തിൽ മാനസിക, വൈകാരികസംഘർഷങ്ങളുടെ ഒട്ടനവധി മേഖലകൾ കാണാം.

മദ്യപർ മൂലം അനേകം വീട്ടമ്മമാരും കുഞ്ഞുങ്ങളും അനുഭവിക്കുന്ന സംഘർഷങ്ങളും സമൂഹത്തിൽ കൂടിവരുന്നു. ഇവയൊക്കെ നേരിടാൻ മനഃശാസ്ത്രകേന്ദ്രീകൃതമായ കൗൺസിലിംഗ് മാത്രം മതിയാവുകയില്ല. മനുഷ്യനിലെ തിന്മയുടെ വർദ്ധനവു മൂലം ഒട്ടനവധി സംഘർഷങ്ങളുണ്ടാകുന്നുണ്ട്. അതുകൊണ്ട് മനഃശാസ്ത്രം തരുന്ന അറിവുമാത്രം പോരാ, മനുഷ്യർ ദൈവികരായി രൂപാന്തരപ്പെടാനുള്ള ആത്മീയ ചിന്തകളും ഉൾക്കാഴ്ചകളും കൂടി ആവശ്യമായിരിക്കുന്നു. അത്തരത്തിൽ ആത്മീയവും സാങ്കേതികവുമായ അറിവും സംയോജിപ്പിച്ചുകൊണ്ടുള്ള കൗൺസിലിംഗ് ഇന്നത്തെ കാലഘട്ടത്തിൽ ആവശ്യമായിരിക്കുന്നു. മാനസികസംഘർഷവും സ്വഭാവവൈകൃതവും വൈകാരിക അപക്വതയും പ്രകടമാക്കുന്ന കുട്ടികൾക്ക് എല്ലാ സൺഡേസ്കൂളുകളിലും കൗൺസിലിംഗിനുള്ള സൗകര്യം ഒരുക്കേണ്ടതും ആവശ്യമായിരിക്കുന്നു.

## കൗൺസിലിംഗിന്റെ പ്രസക്തി

ഇംഗ്ലീഷ് വാക്കാണെങ്കിലും തർജ്ജമചെയ്യാതെ, മലയാളഭാഷയിലെ ഒരു വാക്കായി ഇന്ന് കൗൺസിലിംഗ് തീർന്നിരിക്കുന്നു. മാനസിക വിഷമമുള്ളവർക്കു നൽകുന്ന അഭിമുഖത്തിനും കുട്ടികൾ പ്രൊഫഷണൽ കോളേജിൽ ചേരുവാനായി പോകുന്ന മുഖാമുഖത്തിനും (interview) കൗൺസിലിംഗ് എന്ന പേരുതന്നെ നൽകിയിരിക്കുന്നു. അതിനാൽ സന്ദർഭത്തിനനുസരിച്ച് ഈ വാക്കിന് അർത്ഥഭേദം ഉണ്ടാകാൻ സാധ്യതയുണ്ട്. മാനസിക വിഷമം അനുഭവിക്കുന്നവർക്കു നൽകുന്ന കൗൺസിലിംഗിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.

## കൗൺസിലിംഗ് മാനസികരോഗികൾക്കുള്ളതല്ല

പലർക്കും ഉള്ള തെറ്റിദ്ധാരണയാണ് കൗൺസിലിംഗ് മാനസികരോഗികൾക്കുവേണ്ടിയാണെന്നുള്ള ചിന്ത. അതു ശരിയല്ല. മാനസിക രോഗികൾക്ക് ചികിത്സയോടൊപ്പം കൗൺസിലിംഗ് നൽകേണ്ടിവരും. എന്നാൽ സാധാരണ ജീവിതത്തിലെ പ്രയാസങ്ങൾക്കും

പ്രശ്നങ്ങൾക്കും പ്രതിവിധി നൽകാനാണ് കൗൺസിലിംഗ് നൽകുന്നത്. ഒരുപക്ഷേ, അത്തരം ഇടപെടൽ യഥാസമയം ഉണ്ടാകാതിരുന്നാൽ ചില വ്യക്തികൾ മനസികരോഗത്തിലേയ്ക്കു വഴുതിവീഴാനും സാധ്യതയുണ്ട്. മാനസികസംഘർഷങ്ങൾ ഏതൊരു ജീവിതത്തിന്റെയും ഒഴിവാക്കാനാവാത്ത ഘടകമാണ്. ശീലിച്ചുവന്നിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ ചില സന്ദർഭങ്ങളിൽ അപര്യാപ്തമായേക്കാം. അപ്പോഴാണ് പരിശീലനം ലഭിച്ച കൗൺസിലറുടെ സഹായം പ്രയോജനമാവുന്നത്. അതിനാൽ സ്വയം പരിഹരിക്കാൻ സാധ്യമല്ലാ എന്നു തോന്നുന്ന ഏതു ഘട്ടത്തിലും കൗൺസിലറുടെ സഹായം തേടുന്നതിൽ തെറ്റില്ല. അതുകൊണ്ട് ആരും മാനസികരോഗിയായി തീരുന്നുമില്ല.

## കൗൺസിലിംഗിന്റെ ആദ്യരൂപം എന്തായിരുന്നു?

എല്ലാ സംസ്കാരങ്ങളിലും ജ്ഞാനികളായവർ, മാതാപിതാക്കൾ, ഗുരുജനങ്ങൾ, വൈദികർ, സന്യസ്തർ, ഋഷിമാർ മുതലായവർ തങ്ങളുടെ അടുക്കൽ വരുന്നവരുടെ പ്രയാസങ്ങൾ മാറ്റാൻ നല്ല ഉപദേശങ്ങൾ കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നു. നല്ല ആത്മീയ നിലവാരവും ജീവിതത്തെക്കുറിച്ച് പക്വമായ വീക്ഷണവും ഉള്ള ജ്ഞാനവൃദ്ധരുടെ ഉപദേശത്തെ അതേപടി കേട്ടനുസരിക്കുവാൻ ഇളംതലമുറയ്ക്കു മടിയുമില്ലായിരുന്നു. കൂട്ടുകുടുംബങ്ങളിൽ വാർദ്ധക്യത്തിലെത്തിയവരുടെ ഗുണദോഷങ്ങൾ ഇളംതലമുറ സ്വീകരിക്കുകയും അത് അവർക്ക് ഗുണപ്രദമാവുകയും ചെയ്തു. കാലം മാറിയപ്പോൾ ഈ സംഗതിക്കു മാറ്റം വന്നു. ആത്മീയവളർച്ചയിൽ വേണ്ടത്ര പക്വത മുതിർന്ന തലമുറയ്ക്കുണ്ടോ എന്ന സന്ദേഹം ഉണ്ടായിത്തുടങ്ങി. അവരുടെ ഉപദേശങ്ങൾക്ക് ആധികാരികത നൽകാൻ ഇളംതലമുറ പഴയതുപോലെ തയ്യാറുമല്ല. അതിനാൽ "ഉപദേശങ്ങൾ കൊടുക്കേണ്ട. അതു വ്യക്തിത്വവികാസത്തിനു തടസ്സമാണ്; സ്വയം തീരുമാനങ്ങൾ എടുക്കുന്നതാണ് ഏറ്റം നല്ലത്" എന്ന ചിന്താഗതി പ്രബലമായി. തന്നെയുമല്ല പാശ്ചാത്യരുടെ വ്യക്തിപ്രാധാന്യമുള്ള താത്വികപ്രമാണം, മറ്റുള്ളവരുടെ ജീവിതത്തിൽ കൈകടത്തരുത് എന്ന ചിന്തയ്ക്ക് അടിസ്ഥാനമിട്ടു.

ഇതുകൊണ്ടൊക്കെ കൗൺസിലിംഗ് വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താത്ത ഒരു ഇടപെടലായി മാറി. തന്നെയുമല്ല, വ്യക്തിക്ക് ഉപദേശം നൽകാതെ, സ്വയം തീരുമാനമെടുക്കാൻ സഹായിച്ചാൽ മതി എന്ന് നിശ്ചയിക്കുകയും ചെയ്തു. ഒരു തരത്തിൽ കൗൺസിലിംഗിന്റെ രീതികൾ മാറി എന്നല്ലാതെ, തികച്ചും നൂതനമായ ഒരു സമ്പ്രദായമായി അതിനെ കാണേണ്ടതില്ല. ഭാരതീയ പശ്ചാത്തലത്തിൽ 'ഗീതോപദേശത്തെ' കൗൺസിലിംഗായി കണക്കാക്കാം. കുരുക്ഷേത്രയുദ്ധക്കളത്തിൽ തീരുമാനെടുക്കാൻ അറച്ചുനിന്ന അർജ്ജുനനെ ഗീതോപദേശത്തിലൂടെ ശ്രീകൃഷ്ണൻ ക്രിയാത്മകമാക്കുകയാണ്. വിശുദ്ധ വേദപുസ്തകത്തിൽ കർത്താവ്, വ്യക്തിപരമായി ഇടപെട്ട സന്ദർഭങ്ങളിലെല്ലാം (ശമര്യാക്കാരി, സക്കായി, നഥാനയേൽ) കൗൺസിലിംഗിന്റെ അടിസ്ഥാനമായ ചില ഭാവങ്ങൾ കാണാൻ കഴിയും. വി. കുമ്പസാരത്തിൽ പാപമോചനം നൽകുന്നതോടൊപ്പം കൗൺസിലിംഗിൽ സംഭവിക്കാവുന്ന, മാനസിക പ്രയാസങ്ങളിൽനിന്നു കരകയറുവാൻ സഹായിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കാണുവാൻ കഴിയും. കേവലം പാശ്ചാത്യരുടെ നിർവ്വചനത്തിൽ മാത്രം കൗൺസിലിംഗിനെ ഒതുക്കേണ്ടതില്ല. വ്യക്തികളുടെ മാനസിക പ്രയാസങ്ങളിൽ പങ്കുചേർന്ന് അവരെ സഹായിക്കുന്ന രീതികൾ എല്ലാ സംസ്കാരത്തിലും വളർന്നിട്ടുണ്ട്.

## കൗൺസിലിംഗ് ആർക്കെല്ലാം ആവശ്യമാണ്

മാനസികരോഗികൾക്കുള്ളതായി കൗൺസിലിംഗിനെ കാണേണ്ടതില്ല. വ്യക്തികളുടെ ബാല്യം മുതൽ സംഘർഷങ്ങളുണ്ട്. അമ്മയുടെ മാറിൽനിന്ന് അടർന്നുമാറുമ്പോൾ,

വീട്ടിൽനിന്നും സ്കൂളിലേയ്ക്കു മാറ്റപ്പെടുമ്പോൾ, കൗമാരത്തിലേയ്ക്കു കടക്കുമ്പോൾ, കുട്ടികൾ വിദൂരസ്ഥലങ്ങളിൽ പോകേണ്ടിവരുമ്പോൾ, പഠനം ആഗ്രഹിക്കുന്ന രീതിയിൽ നടക്കാതെ വരുമ്പോൾ, ജോലി ലഭിക്കാതെ വരുമ്പോൾ, ലഭിച്ച ജോലിയിൽ സമ്മർദ്ദങ്ങൾ ഉണ്ടാകുമ്പോൾ പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ, കുടുംബപ്രശ്നങ്ങളിൽ, മക്കളുമായി അഭിപ്രായവ്യത്യാസങ്ങളുണ്ടാവുമ്പോൾ, രോഗികളാകുമ്പോൾ, സാമ്പത്തിക ഞെരുക്കവും കഷ്ടങ്ങളുണ്ടാകുമ്പോൾ, ജീവിത നൈരാശ്യത്തിൽ ആത്മഹത്യചെയ്യണമെന്ന് ചിന്തവരുമ്പോൾ, വാർദ്ധക്യത്തിൽ, മരണത്തെ അഭിമുഖീകരിക്കുമ്പോൾ, ഉറ്റപ്പെട്ടവരുടെ വേർപാടിൽ ദുഃഖിക്കുമ്പോൾ മുതലായി ജീവിതത്തിന്റെ അനേക സംഘർഷങ്ങളിൽ ആശ്വാസം ലഭിക്കുവാനും ധൈര്യമായി മുന്നോട്ടുപോകുവാനും ശരിയായ കൗൺസിലിംഗ് സഹായകമാകും.

### ആരുടെയടുക്കലാണ് കൗൺസിലിംഗിന് പോകേണ്ടത്?

ഈ കാര്യത്തിൽ വിവേചനം വിശ്വാസികൾക്കാവശ്യമാണെന്നു തോന്നുന്നു. മനഃശാസ്ത്രത്തിൽ മാത്രം അടിസ്ഥാനമാക്കിയുള്ള 'സെക്കുലർ കൗൺസിലിംഗ്' വിശ്വാസിക്കു ചേരുന്നതല്ല. ദൈവാശ്രയത്തിനും ആദ്ധ്യാത്മികാനുഭവത്തിനും അത്തരം കൗൺസിലിംഗിൽ വലിയ സ്ഥാനം കാണുന്നില്ല. മനുഷ്യൻ ആത്യന്തികമായി ദൈവസൃഷ്ടിയാകയാൽ ദൈവത്തോടുള്ള ബന്ധത്തിൽ ജീവിതത്തിന്റെ പ്രശ്നങ്ങളെ വിലയിരുത്താനും പരിഹാരം കണ്ടെത്താനും ശ്രമിക്കണം. ദൈവാശ്രയബോധത്തോടൊപ്പം മനഃശാസ്ത്രം തരുന്ന ഉൾക്കാഴ്ചകളെ ഉപയോഗിക്കാം. അതിനാൽ വേദശാസ്ത്രവും മനഃശാസ്ത്രവും തമ്മിൽ അർത്ഥവത്തായി സംയോജിപ്പിച്ച് പരിശീലനം നേടിയിട്ടുള്ള പാസ്റ്ററൽ കൗൺസിലറെ സമീപിക്കുന്നതായിരിക്കും വിശ്വാസികൾക്ക് നല്ലത്. ഏതായാലും പ്രശ്നങ്ങളെ യഥാസമയം പരിഹരിക്കാതെ വലിയ പ്രതിസന്ധികളാക്കി മാറ്റാതിരിക്കാൻ യഥാസമയം കൗൺസിലിംഗിന് വിധേയമാകുന്നത് ഉത്തമമാണ്.

## നമുക്ക് പ്രാർത്ഥിക്കാം

*മഹാകരുണയുള്ള ദൈവമേ, നിന്റെ മഹാകരുണയുടെ കടലിലേയ്ക്ക് നോക്കിക്കൊണ്ട് നിന്നെ ഞങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നു. മാനസിക പ്രയാസവും ദുഃഖവും അനുഭവിക്കുന്ന എല്ലാവരെയും ഞങ്ങൾ തൃക്കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. മഹാവൈദ്യനായ കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനെ അയച്ച് അവരെ സൗഖ്യമാക്കണമെ. കർത്താവേ, ഞങ്ങളുടെയോ, അവരുടെയോ പാപങ്ങൾ നിമിത്തം അവരെ കൈവിട്ടുകളയാതെ രക്ഷിച്ചു സൗഖ്യമാക്കണമെ. ആമ്മീൻ.*

### നിശ്ചയം

**അത്യാവശ്യമെങ്കിൽ കൗൺസിലിംഗ് സ്വീകരിച്ച്**
**ജീവിതത്തിൽ മുന്നേറും.**

### നമുക്കു ചിന്തിക്കാം

1. കൗൺസിലിംഗ് എന്ന പദം വേദപുസ്തകത്തിൽ ഉണ്ടോ? എങ്കിൽ എന്തർത്ഥത്തിലാണ് അത് ഉപയോഗിച്ചിട്ടുള്ളത്?
2. കൗൺസിലിംഗിന്റെ ആദ്യരൂപങ്ങൾ എന്തായിരുന്നു? ആരൊക്കെയാണ് കൗൺസിലിംഗ് നടത്തിയിരുന്നത്? ഉപദേശങ്ങൾ കൊടുക്കുന്ന പഴയ രീതിയിലുള്ള കൗൺസിലിംഗിന്റെ അപാകതകൾ എന്താണ്?

3. സ്വയംതീരുമാനങ്ങൾ എടുക്കാനുള്ള വ്യക്തികളുടെ കഴിവിനെ എങ്ങനെയാണ് പ്രോത്സാഹിപ്പിക്കുന്നത്?
4. ആധുനിക കൗൺസിലിംഗിന്റെ പ്രത്യേകതകൾ എന്താണ്?
5. കൗൺസിലിംഗിന് ഒരു നിർവ്വചനം കണ്ടെത്തുക.
6. കൗൺസിലിംഗിന്റെ പ്രാധാന്യം ഇന്നത്തെ സാഹചര്യങ്ങളിൽ എത്രമാത്രമുണ്ട്?
7. കൗൺസിലിംഗ് മാനസികരോഗികൾക്കുള്ളതാണോ? എപ്പോഴെല്ലാം ഇത് ആവശ്യമാണ്?
8. ആർക്കെല്ലാം കൗൺസിലിംഗ് ആവശ്യമായിരിക്കുന്നു? ആരെയാണ് ഇതിനായി സമീപിക്കേണ്ടത്?

## പ്രവർത്തനങ്ങൾ

1. മനഃശാസ്ത്ര സങ്കേതങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ടുള്ള കൗൺസിലിംഗ് സ്വീകാര്യമാണോ? ആത്മീയതയുമായി എങ്ങനെ കൗൺസിലിംഗിനെ ബന്ധിപ്പിക്കണം? ചർച്ചചെയ്യുക.
2. സൺഡേസ്കൂളിൽ കൗൺസിലിംഗ് സൗകര്യം ഒരുക്കുന്നതിനെപ്പറ്റി ആലോചിക്കുക. നിങ്ങളുടെ നിർദ്ദേശങ്ങൾ ഹെഡ്മാസ്റ്ററും അദ്ധ്യാപകരുമായി പങ്കുവയ്ക്കുക.
3. കൗൺസിലിംഗിന്റെ പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക.
4. നിങ്ങൾ നേരിടുന്ന ഒരു പ്രശ്നം ചിന്തിക്കുക. അവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ ഈ പാഠഭാഗം പഠിച്ചതിന്റെ വെളിച്ചത്തിൽ ശ്രമിക്കുക.
5. പ്രശ്നങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ദൈവത്തോടു പരിഹാരത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക.

## തുടർവായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

പാഠം 30

# ദൈവം നമ്മെ വിളിക്കുന്നു

**പാഠോദ്ദേശ്യങ്ങൾ:** ഇപ്പോൾ നമ്മൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളാണ്. പഠനാനന്തരം നാം എല്ലാവരും ഏതെങ്കിലും ഒരു ജോലിയിൽ ഏർപ്പെടും. വിവിധങ്ങളായ ജോലികളും ഉത്തരവാദിത്വങ്ങളും നമ്മുടെ മുമ്പിൽ കാണാം. അതിന് നമ്മെ വിളിച്ചു നിയോഗിക്കുന്നത് ദൈവമാണ്. ആയതിനാൽ ദൈവത്തിന്റെ വിളി പ്രാർത്ഥനയോടെ കേട്ട് ജീവിതനിയോഗങ്ങളെ സ്വീകരിപ്പാൻ നമ്മെ പ്രാപ്തരാക്കണം.

**മനഃപാഠവാക്യം:** "അനന്തരം, ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട്: അടിയൻ ഇതാ അടിയനെ അയയ്ക്കേണമേ എന്നു ഞാൻ പറഞ്ഞു" (യെശയ്യാവ് 6:8).

**പഠനസഹായികൾ:** മോശയുടെ സമീപത്ത് മുൾപ്പടർപ്പ് വെന്ത് എരിയുന്നതിന്റെ ചിത്രം, പത്രോസ് മാർ ഒസ്താത്തിയോസ്, ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നീ തിരുമേനിമാരുടെയും ചിത്രം.

## ആമുഖം

എപ്പോഴും ദൈവം നമ്മളെയെല്ലാം വിളിക്കുന്നു. നമ്മോടു എന്തൊക്കെയോ പറയുന്നതിനാണ് അവിടന്നു വിളിക്കുന്നത്. നമുക്ക് ആ വിളിയൊന്നു ശ്രദ്ധിക്കാം. ചിലരെ ദൈവം വിളിച്ച് ഉത്തരവാദിത്വങ്ങളും ചുമതലകളും ഏല്പിച്ചുകൊടുത്തിട്ടുണ്ട്. ജീവിതത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തരാനാവാം വിളിക്കുന്നത്. സങ്കടകാലത്ത് നമ്മെ ആശ്വസിപ്പിക്കാനായിരിക്കാം. കുഴപ്പങ്ങൾ കാണിക്കുമ്പോൾ ശാസിക്കാനായിരിക്കാം. ഏതു കാര്യത്തിന് ദൈവം വിളിച്ചാലും വിളി കേൾക്കാനും മറുപടി പറയാനും കേട്ട് അനുസരിക്കുവാനും നാം തയ്യാറായിരിക്കണം. ഓരോരുത്തരെയും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ദൈവം വിളിക്കുന്നു. ദൈവവിളിയുടെ സാംഗത്യം നമുക്ക് പഠിക്കാം.

## പാഠഭാഗം

ദൈവരാജ്യത്തിന്റെ പ്രവർത്തകരാണ് നമ്മൾ. എവിടെയായിരുന്നാലും എന്തു ചെയ്താലും നാം യേശുവിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ദൈവം നമുക്ക് ഒരു ജീവിതം തന്നത് എന്തിനാണെന്നോ? അത് ദൈവത്തിനുവേണ്ടി ചെലവിടാനാണ്. അങ്ങനെ മാത്രമേ ദൈവത്തോടു നന്ദി പ്രകടിപ്പിക്കാനും ജീവിതത്തിന് അർത്ഥമുണ്ടാക്കാനും സാധ്യമാകൂ. നമ്മുടെ തന്നിഷ്ടവും സ്വാർത്ഥതയുമനുസരിച്ച് നാം പ്രവർത്തിക്കാൻ തുടങ്ങിയാൽ ദൈവോദ്ദേശ്യം നമ്മിൽ നിറവേറുക അസാധ്യമായിരിക്കും. അപ്പോൾ, നാം ഏതു ജീവിതസരണി തെരഞ്ഞെടുത്താലും ദൈവത്തിനുവേണ്ടിയും ദൈവമഹത്വത്തിനായും മാത്രമായിരിക്കണം. ഇത് നിർബന്ധപൂർണ്ണമായ ജീവിതപ്രമാണമായിരിക്കട്ടെ.

ദൈവം നമുക്ക് എന്തെല്ലാമാണ് തന്നിരിക്കുന്നത്? ആരോഗ്യം, ബുദ്ധിവൈഭവം, ധനം, അവസരങ്ങൾ, സുഹൃത്തുക്കൾ, മനോഹരമായ ഭൂപ്രകൃതി... അങ്ങനെയെന്തെല്ലാം. ജീവിക്കുന്നതിന് നമുക്ക് ഒരുപിടി ആവശ്യങ്ങളുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, സ്നേഹം, അംഗീകാരം, പ്രവർത്തനക്ഷമത മുതലായവ. എല്ലാം സസൂക്ഷ്മം വിശകലനം ചെയ്താൽ മനസ്സിലാകും ദൈവം നൽകാത്തതായി നമുക്ക് ഒന്നുമില്ല എന്ന്. എല്ലാം തരുന്ന ദൈവത്തിന്, സന്തോഷത്തോടെ എല്ലാം തിരികെ സമർപ്പിക്കുക എന്നതാണ് നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യവും ജീവിതവിജയത്തിന്റെ രഹസ്യവും. ഒരായുസ്സ് പൂർണ്ണമായി വിനിയോഗിച്ചാണ് നാം ദൈവത്തെ സേവിക്കേണ്ടത്.

ദൈവം അനുനിമിഷം നമ്മെ ശുശ്രൂഷിച്ചുകൊണ്ട് നമുക്കായി കരുതുന്നു. നമ്മുടെ ജീവശ്വാസംതന്നെ അവിടുത്തെ കൈകളിലാണല്ലോ. ദൈവം ഒരു നിമിഷം നമ്മെ കൈവിട്ടുകളഞ്ഞാൽ പിന്നെ നമ്മൾ നിലനിൽക്കുകയില്ല. നമ്മെ നിരന്തരം വഴി നടത്തുന്ന ദൈവത്തെ നന്ദിപൂർവ്വം ശുശ്രൂഷിക്കുവാൻ നമുക്ക് കടമയില്ലേ? അത്തരം ശുശ്രൂഷയിലൂടെയാണ് നാം ദൈവത്തിന് പ്രത്യർപ്പണം ചെയ്യേണ്ടത്. മനുഷ്യരെയും മൃഗങ്ങളെയും പ്രകൃതിയെയും ശുശ്രൂഷിക്കുന്നതുവഴി നമ്മൾ ദൈവത്തെയാണ് ശുശ്രൂഷിക്കുന്നത്. പരസ്പരം ശുശ്രൂഷ എന്ന പ്രമാണത്തിന്മേലാണ് ഈ പ്രപഞ്ചത്തെ ദൈവം ക്രമീകരിച്ച് നിലനിർത്തിയിരിക്കുന്നത്. ഈ ശുശ്രൂഷയ്ക്കാണ് ദൈവം നമ്മെ ഓരോരുത്തരെയും വിളിച്ചു ചുമതലപ്പെടുത്തുന്നത്.

## ദൈവിക വിളി കേട്ട് അനുസരിച്ചവർ

മോശയെ ദൈവം നേരിട്ട് വിളിച്ചെങ്കിലും ആദ്യം മോശ മടിച്ചു. എന്നാൽ, പിന്നീട് ദൈവത്തിന്റെ പ്രവാചകനും ജനങ്ങളുടെ നേതാവുമായി. അബ്രഹാമിനെ വിളിച്ചത്, ഒരു വലിയ ജനതയുടെ പിതൃസ്ഥാനീയനാവാനായിരുന്നു. അബ്രഹാം അത് വിനയപൂർവ്വം സ്വീകരിച്ച്, വിശ്വസ്തതയോടെ പെരുമാറി. വിനയപൂർവ്വമായ അനുസരണം അദ്ദേഹത്തെ മഹാനാക്കി. ദൈവശബ്ദം ശ്രദ്ധിച്ചുകേൾക്കുക മാത്രമല്ല, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തെങ്കിൽ മാത്രമേ, ദൈവവിളിയോടുള്ള ശരിയായ പ്രതികരണമാവുന്നുള്ളൂ. ബാലനായ ശമുവേലിനെ രാത്രിയിൽ വിളിച്ചുണർത്തി. അദ്ദേഹം ജീവിച്ചിരുന്ന സമകാലീന സമൂഹത്തിലെ നന്മതിന്മകളെപ്പറ്റി വെളിപ്പെടുത്തി കൊടുത്തു. തുടർന്ന്, യിസ്രായേലിന്റ ന്യായാധിപനായി ചുമതല നൽകി.

യേശുവിന്റെ ശിഷ്യന്മാരായ അപ്പോസ്തലന്മാർ, ഗുരുവിന്റെ വിളി സ്വീകരിക്കുകയും സകലവും ഉപേക്ഷിച്ചിട്ട് സ്വതന്ത്രരായി യേശുവിന്റെ പിന്നാലെ ചെല്ലുകയും ചെയ്തു. അവർ ലോകത്തിൽ സുവിശേഷവാഹകരായി. ഇങ്ങനെ വിനയത്തോടും താല്പര്യത്തോടും ദൈവവിളി സ്വീകരിച്ചവരെ ദൈവം വലിയ കാര്യങ്ങൾക്കായി നിയോഗിക്കുന്നതായി കാണുന്നു. കന്യകമറിയാമിനെ വിളിച്ചത് ഗബ്രിയേൽ മാലാഖ വഴി. വിളി സ്വീകരിച്ചതിനാൽ മറിയാം ദൈവമാതാവെന്ന അത്യുന്നത പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു. പൗലോസ് അപ്പോസ്തലനെ വിളിച്ചടുപ്പിച്ച രംഗത്തിന് അല്പം നാടകീയത തന്നെയുണ്ട്. 'തെരഞ്ഞെടുക്കപ്പെട്ട ആ പാത്രം' എന്ന് സ്വയം വിശേഷിപ്പിച്ചവൻ ക്രിസ്തുസഭയ്ക്ക് വലിയ ഉപകാരിയും നേതാവുമായി.

ഇങ്ങനെ അനേകം മഹനീയ മാതൃകകൾ നമ്മുടെ കൺമുമ്പിലുണ്ട്. ഏതു മാർഗ്ഗത്തിൽ വിളിച്ചാലും അതിനു ചില പ്രത്യേക ഉദ്ദേശ്യങ്ങളുണ്ടായിരിക്കും. എല്ലാവരെയും ഒരേ ഉദ്ദേശ്യത്തിനായിട്ടല്ല വിളിക്കുക. ചിലരെ അപ്പോസ്തലന്മാരാവാൻ വിളിച്ചു. ചിലരെ പ്രവാചകന്മാരായി വിളിച്ചു. മറ്റുചിലർക്ക് വിളിലഭിച്ചത് രക്തസാക്ഷികളാകാനാണ്. ഫാ. ഡാമിയൻ കേട്ട വിളി ആഫ്രിക്കയിലെ മൊളൊക്കോയ് ദ്വീപിൽ പോയി കുഷ്ഠരോഗികളെ ശുശ്രൂഷിക്കാനും തുടർന്ന് കുഷ്ഠരോഗിയായി മരിക്കാനുമായിരുന്നു. മദർ തെരേസയെ യേശു വിളിച്ചത്, പാവങ്ങളിൽ പാവങ്ങളെയും മരണാസന്നരെയും ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമാണെന്ന് അവർക്ക് ഉത്തമബോധ്യമുണ്ടായിരുന്നു. വെല്ലൂർ ആശുപത്രിയും മെഡിക്കൽ കോളേജുമാരംഭിച്ച ഐഡാ സ്കഡർ എന്ന മഹതിക്ക് ഇന്ത്യയിൽ ചികിത്സ കിട്ടാതെ മരിച്ചേക്കാവുന്ന ഗ്രാമീണരെയും പാവപ്പെട്ടവരെയും ശുശ്രൂഷിക്കുന്നതിന് ദൈവം തന്നെ അയച്ചതാണെന്ന ഉത്തമവിശ്വാസമുണ്ടായിരുന്നു.

ഈ ദൃഷ്ടാന്തങ്ങളിൽനിന്ന് ഒരു കാര്യം സ്പഷ്ടമാണ്. ദൈവത്താൽ വിളിക്കപ്പെടുന്നവർ, 'വിളി' സ്വീകരിച്ച് വിനയപൂർവ്വം പ്രവർത്തിക്കുമ്പോൾ, അവരിലൂടെയും അവ

രിലും പ്രവർത്തിക്കുന്നത് ദൈവംതന്നെയാണ്. നമ്മുടെ ആപത്തുനാളുകളിൽ ദൈവം നമ്മെ തനിയെ വിട്ടുകളയുകയില്ല. നമ്മുടെ സന്തോഷസന്താപങ്ങളിൽ കൂട്ടാളിയാണ്. നമ്മുടെ കഷ്ടങ്ങളിൽ ദൈവം നമ്മോടുകൂടെ കഷ്ടപ്പെടുന്നു. വിളിച്ചടുപ്പിക്കുന്നവരിൽനിന്നും ചിലരെ പ്രത്യക്ഷനിയോഗങ്ങൾക്കായി തെരഞ്ഞെടുക്കുന്നു. "വിളിക്കപ്പെട്ടവർ അനേകർ; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" എന്നുണ്ടല്ലോ.

### വിളികേൾക്കുന്നവർ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം?

'വിളി'യെ നമ്മൾ അവഗണിച്ചാൽ നാം ദൈവത്തോടും തന്റെ സഭയോടും കൃതഘ്നത കാട്ടുന്നവരാകും. അതതു സമയത്തെ ആവശ്യങ്ങൾക്കനുസൃതമായാണ് ദൈവം തന്റെ ജനങ്ങളെ, വ്യക്തികളെ വിളിക്കുന്നത്. സഭയിൽ അർപ്പണബോധത്തോടെ ശുശ്രൂഷിക്കാൻ മാതൃകായോഗ്യരായ വൈദികർ വേണം. സഭയ്ക്കൊരു പുത്തൻ ഉണർവേകാൻ വൈദികർ, സന്യസ്തർ, മിഷനറിമാർ എന്നിവർക്കാകും.

ലോകത്തെല്ലായിടത്തും യേശുക്രിസ്തുവിന്റെ സുവിശേഷവും സ്നേഹവും കൊണ്ടെത്തിക്കുന്നതിന് യേശു നമ്മെ വിളിക്കുന്നു. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും ഗ്രാമവാസികളാണ്. അതിൽതന്നെ യേശുവിനെപ്പറ്റി കേട്ടറിവുപോലുമില്ലാത്തവരാണധികവും. പട്ടിണിയും രോഗവും വിദ്യാഭ്യാസസൗകര്യങ്ങളുടെ അഭാവവും അന്ധവിശ്വാസവും ചൂഷണവും നടമാടുന്ന ഗ്രാമങ്ങളിലേയ്ക്ക് യേശു നമ്മെയും വിളിക്കുന്നു. ഏതു ജോലിയിൽ ഇരുന്നാലും സുവിശേഷവേലയും കാരുണ്യപ്രവർത്തനവും ചെയ്യുവാൻ സാധിക്കും. ബ്രിട്ടീഷുകാരനായ ഒരു സർക്കാരുദ്യോഗസ്ഥനാണ് നേപ്പാളിൽ ക്രിസ്തുമതം പ്രചരിപ്പിച്ചത്. 'ബാല്യത്തിൽതന്നെ ദൈവത്തിനുവേണ്ടി...' ഈ ഗാനം നാം കേട്ടിട്ടില്ലേ. പ. പരുമല തിരുമേനിയെ സംബന്ധിച്ച് പെരുന്നാൾ ദിവസം നാം പാടുന്ന ഗാനമാണിത്. ലോകത്തിന്റെ ആഡംബരങ്ങൾ ഉപേക്ഷിച്ച് ദൈവമഹത്വവും വിശുദ്ധിയും ലക്ഷ്യമാക്കി ജീവിച്ച പരിശുദ്ധനാണ് പരുമല തിരുമേനി. വിളിക്കനുസരണമായി ജീവിച്ച് സമൂഹോദ്ധാരണത്തിനുവേണ്ടി പ്രവർത്തിച്ചു. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കി അനേകരെ വിദ്യാപ്രബുദ്ധരാക്കുന്നതിനും യത്നിച്ചു. അവശരായ ജനസമൂഹത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി വീടുകൾ കയറിയിറങ്ങി ക്രിസ്തുവിനെ ഘോഷിച്ച കാലംചെയ്ത പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങൾ നമുക്ക് പ്രചോദനം ഏകുന്നതാണ്.

പൂർണ്ണസമയം ദൈവത്തോടൊപ്പമിരിക്കാനും പ്രാർത്ഥിപ്പാനും പ്രവർത്തിക്കാനും ജീവിതം സമർപ്പിച്ച് ലോകത്തെയും ലൗകികതയെയും വെടിയുന്ന സന്യസ്തരുടെ നിര ഉണ്ടാകേണ്ടിയിരിക്കുന്നു. തങ്ങളെത്തന്നെ സമ്പൂർണ്ണമായി ദൈവത്തിനു വിട്ടുകൊടുക്കുന്നവനാണ് ഉത്തമസന്യാസി. ഇത്തരം സന്യസ്ഥരായ സ്ത്രീപുരുഷന്മാർ സഭയുടെ കരുത്തും ഊർജ്ജശ്രോതസ്സുമായിരിക്കും. "ഒരുവൻ സർവ്വലോകവും നേടിയാലും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം" എന്ന വാക്യം ദൈവവിളിക്കായി സ്വീകരിച്ച് സന്യാസിയായ മനുഷ്യനാണ് ഈജിപ്തിലെ വി. അന്തോനിയോസ്. സന്യാസികളുടെ പിതാവായി അദ്ദേഹം അറിയപ്പെടുന്നു.

'ദൈവവിളി' ഇന്നു നാം തിരിച്ചറിയണം. വേദപാരായണം, പ്രഭാഷണശ്രവണം, ഉപദേശസ്വീകരണം, ആത്മീയഗുരുക്കന്മാരുടെ ഉത്തേജനം മുതലായവ ദൈവവിളിയുടെ വഴികളാണ്. മറ്റു പലരെയും എന്നപോലെ നമ്മെയും ദൈവം വിളിക്കുന്നു. അവിടുത്തെ ശുശ്രൂഷയ്ക്കായി, തന്നോടൊത്തു പ്രവർത്തിക്കാൻ നമ്മെ വിളിക്കുന്നു. കുറെ പണമുണ്ടാക്കി, മറ്റാർക്കും പ്രയോജനമില്ലാതെ ജീവിച്ചു മരിച്ചിട്ടെന്തു കാര്യം? ദൈവത്തിനും മനുഷ്യർക്കും നമ്മെക്കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകട്ടെ. ഒരു മെഴുകുതിരി പോലെ, ചുറ്റുപാടും പ്രകാശം നൽകി മാത്രമേ എരിഞ്ഞടങ്ങാവൂ! ജീവിതത്തിൽ യേശു

വിനുവേണ്ടി ‘risk’ എടുക്കാൻ ധൈര്യം കാട്ടുന്നവരെക്കൊണ്ട് ദൈവം വലിയ കാര്യങ്ങൾ സാധിപ്പിക്കും. ആ നിരയിലേയ്ക്ക് നമുക്കും ചേരാം. നമുക്ക് പ്രതിഫലം നൽകുന്നവൻ ദൈവമാണ്. പൗലോസ് അപ്പോസ്തലൻ അദ്ദേഹത്തിന്റെ ജീവിതം യേശുവിനു നൽകിയത് നമുക്ക് മാതൃകയാവട്ടെ.

## പ്രാർത്ഥന

*കർത്താവേ, ദൈവവിളികേട്ട് അനുസരിച്ച അനേകരെക്കുറിച്ചു ഞങ്ങളെ അങ്ങു പഠിപ്പിച്ചു. ഞങ്ങളുടെ വിളി എന്തെന്നു ഞങ്ങളെ കാണിച്ചു തരേണമെ. അവിടുത്തെ വിളി അനുസരിച്ച് മാത്രം പ്രവർത്തിക്കുവാനും വിളിക്കനുസരണമായ ക്രിസ്തീയ ചുമതലകൾ നിർവ്വഹിപ്പാനും ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നമുക്കു പാടാം

ബാല്യത്തിൽതന്നെ ദൈവത്തിനുവേണ്ടി
സ്വയം അർപ്പിച്ചോനെ
ആജീവനവുമനന്തരവും
ദിവ്യാത്ഭുതകരനെ, ദിവ്യാ
പരനുടെ പരിമളഭാജനമേ
പരുമലമരുവും തിരുമേനി
ഓർക്കണമേ ഞങ്ങളെ എന്നാളും.

## നിശ്ചയം

**ദൈവവിളി തിരിച്ചറിഞ്ഞ് അതിനനുസൃതമായി
ഞങ്ങൾ ജീവിതം സമർപ്പിക്കും.**

### നമുക്ക് ചിന്തിക്കാം

1. ദൈവരാജ്യമക്കളായ നാം ആർക്കുവേണ്ടിയാണ് പ്രവർത്തിക്കേണ്ടത്?
2. ദൈവം നമുക്ക് നൽകിയിരിക്കുന്നത് എന്തെല്ലാമാണ്?
3. നമ്മുടെ ജീവിതം ദൈവത്തിന് പ്രത്യർപ്പണം ചെയ്യേണ്ടത് എങ്ങനെ?
4. ഈ പ്രപഞ്ചത്തെ ദൈവം ക്രമീകരിച്ച് നിലനിർത്തിയിരിക്കുന്നത് എപ്രകാരമാണ്?
5. മലങ്കര ഓർത്തഡോക്സ് സഭയുടെ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്?
6. വി. അന്തോനിയോസിന് പ്രചോദനം ലഭിച്ച ദൈവവചനം ഏതാണ്?.

### പ്രവർത്തനങ്ങൾ

1. ദൈവവിളികേട്ട് അനുസരിച്ച പഴയനിയമപിതാക്കന്മാരുടെ ഒരു പട്ടിക ഉണ്ടാക്കുക.
2. യേശുക്രിസ്തു അപ്പോസ്തലന്മാരെ വിളിച്ച സംഭവം വായിച്ച് ചർച്ചചെയ്യുക.
3. മലങ്കരസഭയിൽ കൂടുതൽ കാരുണ്യപ്രവൃത്തികൾ ചെയ്ത ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി സ്ഥാപിച്ച സ്ഥാപനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

ഉപപാഠഭാഗം

# മലങ്കര സഭാഭാസുരൻ പരിശുദ്ധ ഗീവർഗീസ് മാർ ദീവന്നാസ്യോസ് (വട്ടശ്ശേരിൽ തിരുമേനി)

## ആമുഖം

സഭയുടെ ആദിമകാലം മുതലുള്ള ചരിത്രത്തിലെ അനേക വിശുദ്ധന്മാരെ നാം ഓർക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആ പട്ടികയിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ ജനിച്ചുവളർന്ന രണ്ടുപേർ മാത്രമേ ഔദ്യോഗികമായി പരിശുദ്ധന്മാരായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളൂ - പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയും പരിശുദ്ധനായ വട്ടശ്ശേരിൽ മാർ ഗ്രീഗോറിയോസ് തിരുമേനിയും. നാനാജാതിമതസ്ഥർ ഈ വിശുദ്ധരുടെ കബറിങ്കൽ വന്നു പ്രാർത്ഥിക്കുകയും അനുഗ്രഹങ്ങളെ പ്രാപിക്കുകയും ചെയ്യുന്നുണ്ട്. ഓരോരുത്തരെയും ദൈവം ഉപയോഗിക്കുന്നത് ഓരോവിധത്തിലാണ്. പരുമല തിരുമേനിയെ ഉപയോഗിച്ചതുപോലെയല്ല വട്ടശ്ശേരിൽ തിരുമേനിയെ ഉപയോഗിച്ചത്. അദ്ദേഹത്തെ സഭ എന്തുകൊണ്ട് വിശുദ്ധനായി പ്രഖ്യാപിച്ചു എന്നു മനസ്സിലാക്കുവാൻ വിശദമായ പഠനം ആവശ്യമാണ്. അതിലേയ്ക്കു നയിക്കുവാനാണ് ഈ ലഘുജീവചരിത്രം പത്താം ക്ലാസ്സിലെ ഉപപാഠമായി ക്രമീകരിക്കുന്നത്. പരുമല തിരുമേനിയുടെ ജീവചരിത്രം മുൻപ് നാം പഠിച്ചുവല്ലോ.

### അദ്ധ്യായം 1

## ജീവചരിത്രം

മല്ലപ്പള്ളിയിൽ വട്ടശ്ശേരിൽ കുടുംബത്തിൽ ജോസഫിന്റെയും ഏലിയാമ്മയുടെയും അഞ്ചാമത്തെ മകനായി 1858 ഒക്ടോബർ 31-ന് ഗീവർഗീസ് ജനിച്ചു. അദ്ദേഹത്തിന്റെ ഒരു സഹോദരനും വൈദികനായിരുന്നു. മല്ലപ്പള്ളി സി. എം. എസ്. സ്കൂളിൽ പ്രാഥമിക പഠനം പൂർത്തിയാക്കി. ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം സി. എം. എസ്. ഹൈസ്കൂളിലും നടത്തി. പാശ്ചാത്യമിഷനറിമാർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഒരു കാലമായിരുന്നു അത്. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന് കോറൂയോ ആയി പട്ടം നൽകി. മുളന്തുരുത്തി സുന്നഹദോസ് നടത്തിയ അന്ത്യോഖ്യയിൽനിന്നു വന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസായിരുന്നു പട്ടം നൽകിയത്. 1876 ഒക്ടോബർ 12-ന് പുതുപ്പള്ളി പള്ളിയിൽവച്ച് ശെമ്മാശനായി. അന്ത്യോഖ്യൻ സഭയുമായി, മലങ്കരസഭയ്ക്ക് ഈ കാലത്ത് ബന്ധമുണ്ടായിരുന്നു.

അതിനുശേഷം കോട്ടയം പഴയ സെമിനാരിയിൽ നാലുവർഷം പഠിച്ചു. ഈ കാലഘട്ടത്തിൽ പരുമല തിരുമേനിയുമായി അടുപ്പമുണ്ടായി. അതുവഴി സുറിയാനി ഭാഷയിൽ അഗാധമായ പാണ്ഡിത്യം നേടി. വെട്ടിക്കൽ ദയറായിലുണ്ടായിരുന്ന പൗലൂസ് മാർ ഈവാനിയോസ് തിരുമേനി വേദശാസ്ത്രവും സുറിയാനിയും അദ്ദേഹത്തെ പഠിപ്പിച്ചു. 1879 ഒക്ടോബർ 16-ന് പൂർണ്ണ ശെമ്മാശനായും 1880 ജനുവരി 18-ന് കശ്ശീശാ ആയും പട്ടം നൽകപ്പെട്ടു. പരുമല തിരുമേനിയാണ് അദ്ദേഹത്തിന് വൈദിക പട്ടം നൽകിയത്. ശിഷ്യനെ പരുമല സെമിനാരിയിലെ മാനേജരായും നിയമിച്ചു. ദീർഘകാലം അവിടെ മാനേജരായി പ്രവർത്തിച്ചു. 1895-ൽ പരുമല തിരുമേനിയുടെകൂടെയുള്ള ഊർശ്ലേം യാത്രയിലും അദ്ദേഹം പങ്കുചേർന്നു. സുറിയാനി, സഭാവിശ്വാസം, കാനോൻ, സഭാചരിത്രം, പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ മുതലായവയിലൊക്കെ അറിവ് ഉള്ളവർ അന്ന് വളരെ കുറവായിരുന്നു. ഗീവർഗീസ് കശ്ശീശായുടെ ഈ നിലകളിലുള്ള കഴിവുകളെല്ലാം പരിഗ

ണിച്ച് അദ്ദേഹത്തെ 'മലങ്കര മല്പാൻ' എന്ന സ്ഥാനം നൽകി ആദരിച്ചു. പഴയ സെമിനാരിയിൽ മല്പാൻ അഥവാ പ്രധാന അധ്യാപകനായി നിയമിക്കപ്പെട്ടു. അവിടെ സഹപ്രവർത്തകനായിരുന്ന കോനാട്ട് മാത്തൻ മല്പാനുമായി ചേർന്ന് സഭയ്ക്ക് ആരാധനാക്രമങ്ങൾ തയ്യാറാക്കി.

## എം. ഡി. സ്കൂൾ പ്രിൻസിപ്പൽ

ഈ കാലയളവിൽ മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ രണ്ടാമൻ അഥവാ ദീവന്നാസ്യോസ് അഞ്ചാമൻ നിരവധി സ്കൂളുകൾ ആരംഭിച്ചിരുന്നു. അങ്ങനെ തുടക്കമിട്ട കോട്ടയം എം. ഡി. സെമിനാരി സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ഗീവർഗീസ് മല്പാൻ നിയമിതനായി. ഒരേസമയം പഴയസെമിനാരിയിലും എം. ഡി. സ്കൂളിലുമായി അദ്ദേഹം പ്രവർത്തിച്ചു. എട്ടു വർഷക്കാലം സ്കൂളിന്റെ ചുമതല ഭംഗിയായി നിർവ്വഹിച്ചു. 1902 നവംബർ 2-ന് പരിശുദ്ധ പരുമല തിരുമേനി കാലംചെയ്തു. ഒന്നാം ഓർമ്മദിനത്തിൽ ഗീവർഗീസ് മല്പാന് റമ്പാൻ സ്ഥാനം നൽകി. റമ്പാച്ചന്റെ സഹായസഹകരണങ്ങൾ മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടിൽ തിരുമേനിക്ക് വലിയ കൈത്താങ്ങലായിരുന്നു. തന്റെ ജീവിതകാലത്തുതന്നെ ഗീവർഗീസ് റമ്പാൻ മെത്രാപ്പോലീത്തായായി തന്റെ പിൻഗാമിയാകണമെന്ന് ആഗ്രഹിച്ചു. ദൈവം, ആ വഴിക്കുതന്നെ സഭയെ വഴിനടത്തി. 1908 ഫെബ്രുവരി 14-ന് പഴയ സെമിനാരിയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിക്കണമെന്നു തീരുമാനമെടുത്തു. അക്കാലങ്ങളിൽ മേൽപ്പട്ടസ്ഥാനം ഏൽക്കുവാൻ അന്ത്യോഖ്യൻ സഭാതലവന്റെ അരികിലേയ്ക്കു പോകുന്ന ഒരു പതിവുണ്ടായിരുന്നു. അങ്ങനെ ഗീവർഗീസ് മല്പാൻ 1908 മെയ് മാസത്തിൽ യെരുശലേമിലെത്തി. 31-ാം തീയതി അബ്ദുള്ളാ പാത്രിയർക്കീസിൽനിന്നും മേല്പട്ടക്കാരനായി വാഴിക്കപ്പെട്ടു.

മേല്പട്ടക്കാർ വാഴിക്കപ്പെടുമ്പോൾ അവർക്കു നൽകുന്ന സ്താത്തിക്കോൻ (അധികാരപത്രം) അദ്ദേഹത്തിനു നൽകിയില്ല. അതിനു കാരണമുണ്ടായിരുന്നു. പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ലൗകികാധികാരം ഉണ്ടെന്നു സമ്മതിച്ചുകൊടുക്കാൻ ഗീവർഗീസ് മാർ ദീവന്നാസ്യോസ് (പുതിയ സ്ഥാനനാമം) മെത്രാപ്പോലീത്താ തയ്യാറായില്ല. അദ്ദേഹം മലങ്കരയിൽ തിരിച്ചെത്തി. സന്തുഷ്ടനായ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനി സ്ഥാനമാനങ്ങളും ആസ്ഥാനവും പുതിയ മെത്രാപ്പോലീത്തായെ ഏല്പിച്ചശേഷം കോട്ടയം ചെറിയ പള്ളിയിലേയ്ക്കു താമസം മാറ്റി. 1912 ജൂലൈ 12-ന് പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്തപ്പോൾ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി മലങ്കര മെത്രാപ്പോലീത്തായായി പഴയസെമിനാരിയിൽ താമസം തുടങ്ങി.

തുടർന്ന് അബ്ദുള്ളാ പാത്രിയർക്കീസ് ബാവായുടെ മുടക്ക്, 1912-ലെ കാതോലിക്കാ സ്ഥാപനം, രണ്ടും മൂന്നും കാതോലിക്കാ ബാവാമാരുടെ വാഴ്ച (ഇവയെപ്പറ്റിയൊക്കെ പിന്നാലെ പ്രതിപാദിക്കുന്നുണ്ട്), സ്നേഹിച്ച ശിഷ്യൻ ബഥനിയുടെ മാർ ഈവാനിയോസിന്റെ സഭാപരിത്യാഗം തുടങ്ങി ഒട്ടനവധി സംഭവങ്ങൾ തിരുമേനിയുടെ ജീവിതത്തെ സംഘർഷനിർഭരമാക്കി. എങ്കിലും അടിയുറച്ച ദൈവാശ്രയബോധവും നിർമ്മലഭക്തിയും കുശാഗ്രബുദ്ധിയും മൂലം എല്ലാറ്റിനെയും അദ്ദേഹം വിജയകരമായി തരണംചെയ്തു. മലങ്കരസഭയ്ക്കുവേണ്ടി ഭരണഘടനയുടെ നക്കലും തയ്യാറാക്കി. 1934 ഫെബ്രുവരി 23-ന് ദൈവസന്നിധിയിലേയ്ക്കു കരേറി. പഴയസെമിനാരി ചാപ്പലിന്റെ തെക്കേവശത്തുള്ള കബറിൽ അടക്കപ്പെട്ടു. സഭയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ത്യാഗനിർഭരങ്ങളായ പോരാട്ടവും പരിശുദ്ധ ജീവിതവും അംഗീകരിച്ച് 2003 ഫെബ്രുവരി 24-ന് അദ്ദേഹത്തെ സഭ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഫെബ്രുവരി 22, 23 തീയതികളിൽ പഴയസെമിനാരിയിലും അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിതമായ പള്ളികളിലും സഭയിൽ എല്ലായിടത്തും അദ്ദേഹത്തിന്റെ ഓർമ്മ കൊണ്ടാടിവരുന്നു.

അദ്ധ്യായം 2

## ചരിത്രപശ്ചാത്തലം

പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെ സംഭാവനകളെ മനസ്സിലാക്കണമെങ്കിൽ അദ്ദേഹം പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിന്റെ സവിശേഷതകളെക്കുറിച്ചുകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. മാറ്റങ്ങൾ എല്ലാക്കാലത്തുമുണ്ടെങ്കിലും ചരിത്രത്തിൽ തിരിഞ്ഞു നോക്കുമ്പോൾ ചില സംഭവങ്ങൾക്ക് കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടങ്ങിയ ആംഗ്ലിക്കൻ ബന്ധത്തിന് പല പരിണാമങ്ങളുമുണ്ടായി. പ്രൊട്ടസ്റ്റന്റ് വിശ്വാസ വ്യാപനത്തിന് മിഷനറിമാർ ശ്രമിച്ചപ്പോൾ അവരുമായിട്ടുള്ള ബന്ധം 1836-ലെ മാവേലിക്കര പടിയോലയോടുകൂടി അവസാനിപ്പിക്കേണ്ടിവന്നു. എന്നാൽ മിഷനറിമാരുടെ നവീകരണത്തോട് ആഭിമുഖ്യമുള്ള ഒരുകൂട്ടർ സഭയിൽ ഉണ്ടായിവന്നു. അവർക്ക് ആധിപത്യം ഉണ്ടാകാൻ ഒരു മെത്രാപ്പോലീത്താ ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിനായി ഒരാളെ അന്ത്യോഖ്യയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. അങ്ങനെ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അന്ത്യോഖ്യയിൽനിന്നു പട്ടമേറ്റ് ഇവിടെയെത്തി. 1842-ലാണ് ഈ സംഭവം. അന്ത്യോഖ്യൻ പാത്രിയർക്കീസിൽനിന്നും പട്ടമേറ്റാൽ നിയമപരമായി കൂടുതൽ അംഗീകാരം ലഭിക്കുമെന്ന ചിന്തയിൽ മലങ്കരസഭയും ഇതേരീതി പിന്തുടർന്നു. പുലിക്കോട്ടിൽ തിരുമേനിയും (ദീവന്നാസ്യോസ് അഞ്ചാമൻ) അന്ത്യോഖ്യൻ പാത്രിയർക്കീസിൽനിന്നും 1865-ൽ മെത്രാൻപട്ടം സ്വീകരിച്ചു. പാത്രിയർക്കീസുമാർക്ക് മലങ്കരസഭയുടെമേൽ അധികാരം സ്ഥാപിക്കുവാൻ ഇതു കാരണമായി. അതിന്റെ ഏറ്റവും പ്രകടമായ സംഭവമാണ് 1876-ലെ മുളന്തുരുത്തി സുന്നഹദോസ്.

അന്ത്യോഖ്യയിലെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ഇവിടെവന്ന് സുന്നഹദോസ് വിളിച്ചുകൂട്ടി എന്നു മാത്രമല്ല, മലങ്കര മെത്രാപ്പോലീത്തായെ (ഏകനായകത്വം) ബലഹീനമാക്കുവാൻ മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചു. താൻ പട്ടംകൊടുത്ത മെത്രാപ്പോലീത്താമാരിൽനിന്ന് വിധേയത്വം എഴുതി വാങ്ങുകയും ചെയ്തു. 1889-ലെ റോയൽ കോടതി വിധിമൂലം പ്രൊട്ടസ്റ്റന്റ് നവീകരണക്കാരുമായുള്ള കേസുകൾക്ക് വിരാമമുണ്ടായി. അവർ 'മാർത്തോമ്മാ' എന്ന പേരിൽ മറ്റൊരു സഭയായി വേർപെട്ടു. അപ്പോൾ മുതൽ അന്ത്യോഖ്യൻ മേൽക്കോയ്മയുടെ പ്രശ്നം ഉടലെടുത്തു. അന്ത്യോഖ്യൻ പാത്രിയർക്കീസുമാർക്ക് സഭയുടെ ഭൗതികവസ്തുക്കളുടെന്മേൽ യാതൊരു അധികാരവും ഇല്ലെന്ന് റോയൽ കോടതി വിധിയിൽ വ്യക്തമാക്കിയെങ്കിലും കാലാകാലങ്ങളിൽ പാത്രിയർക്കീസന്മാർ അതു പിടിച്ചെടുക്കുവാൻ ശ്രമിച്ചിരുന്നു. അവരോടൊത്തു നിൽക്കാൻ മലങ്കരയിലുള്ള ഒരു ചെറിയ വിഭാഗം എന്നും തയ്യാറായിരുന്നതിനാൽ അവരുടെ കടന്നുകയറ്റത്തെ തടയിടുവാൻ ഇന്നയോളം ആർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ ഈ വിഷയത്തെപ്പറ്റി സഭയിൽ രണ്ടു കക്ഷികൾ ബാവാകക്ഷി (പാത്രിയർക്കീസിന്റെ അനുയായികൾ), മെത്രാൻകക്ഷി (മലങ്കര മെത്രാപ്പോലീത്തായെ പിന്തുണച്ചവർ) എന്നീ രണ്ടു വിഭാഗങ്ങൾ ഉടലെടുത്തു. ഭൂരിപക്ഷം എന്നാളും മലങ്കര മെത്രാപ്പോലീത്തായെ പിന്തുണച്ചവരാണെങ്കിലും ചില സ്ഥലങ്ങളിൽ പാത്രിയർക്കീസിനെ പിന്താങ്ങിയവർക്ക് അന്നും ഇന്നും ശക്തിയുണ്ട്.

## അബ്ദുള്ള പാത്രിയർക്കീസിന്റെ മുടക്കുകല്പന

ഈ കക്ഷിവഴക്കിൽ പാത്രിയർക്കീസ് ബാവായുമായി നേരിട്ട് ഏറ്റുമുട്ടുവാനുള്ള നിയോഗം ഉണ്ടായത് വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്താണ്. അതായത് വട്ടശ്ശേരിൽ തിരുമേനിയും മേല്പട്ട സ്ഥാനമേൽക്കുവാൻ യെരുശലേമിലേയ്ക്ക് പോയത് നാം കഴിഞ്ഞ പാഠത്തിൽ കണ്ടു. അവിടെ ചെന്നപ്പോൾ അബ്ദുള്ള പാത്രിയർക്കീസ് അദ്ദേഹത്തോടു വിധേയത്വപ്രമാണം നൽകുവാൻ ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം തയ്യാറായില്ല. അതി

നാൽ മലങ്കരയുടെ ചുമതല ഏല്പിച്ചുകൊണ്ട് സ്താത്തിക്കോൻ നൽകാനും അബ്ദുള്ള പാത്രിയർക്കീസ് തയ്യാറായില്ല. അധികാരമൊന്നും സൂചിപ്പിക്കാതെ മേല്പട്ടക്കാരനായി വാഴിച്ചു എന്നർത്ഥം മാത്രമുള്ള ഒരു സ്താത്തിക്കോൻ നൽകി അദ്ദേഹത്തെ നാട്ടിലേയ്ക്ക യച്ചു. അധികം താമസിയാതെ തന്നെ പാത്രിയർക്കീസും നാട്ടിലെത്തി. പഴയസെമിനാരി യിൽ പാത്രിയർക്കീസും മലങ്കര മെത്രാപ്പോലീത്തായും അടുത്തടുത്തമുറികളിൽ താമസിച്ചു.

## വേദനാജനകമായ മറ്റൊരു ചരിത്രം

അന്ത്യോഖ്യൻ പാത്രിയർക്കീസുമായിട്ടുള്ള ഈ അഭിപ്രായ സംഘർഷത്തിൽ സ്വാഭാ വികമായി മലങ്കര മെത്രാപ്പോലീത്തായോടൊപ്പം നിൽക്കേണ്ടവരാണ് കൂട്ടുട്രസ്റ്റികൾ. വൈദികട്രസ്റ്റിയായിരുന്ന കോനാട്ട് മാത്തൻ മല്പാനും അത്മായട്രസ്റ്റി സി. ജെ. കുര്യനും പാത്രിയർക്കീസിന്റെ നിലപാടിനെ തുണയ്ക്കുകയാണുണ്ടായത്. വട്ടശ്ശേരിൽ തിരുമേ നിക്ക് ഇത് വളരെ വേദനാജനകമായിരുന്നു. തന്നെയുമല്ല, പാത്രിയർക്കീസിനാൽ വാഴി ക്കപ്പെട്ട മറ്റു മെത്രാന്മാരും അന്ത്യോഖ്യൻ പാത്രിയർക്കീസിന് വിധേയത്വം എഴുതിക്കൊ ടുത്തു. അവിടെയും വട്ടശ്ശേരിൽ തിരുമേനി ഒറ്റപ്പെട്ടു. എന്നാലും റോയൽ കോടതിവിധി, മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനുവദിച്ചുനൽകിയ മലങ്കരസഭയുടെ ഭൗതിക സ്വത്തു ക്കളുടെ മേലുള്ള മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം അടിയറവെക്കുവാൻ വട്ട ശ്ശേരിൽ തിരുമേനി തയ്യാറായില്ല. ഇതിൽ കുപിതനായ പാത്രിയർക്കീസ്, വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. 1911 ജൂലൈ 27-നായിരുന്നു ഈ സംഭവം. യാതൊരു വിശദീകര ണവും ചോദിക്കാതെയുള്ള ഈ മുടക്കിന് സ്വാഭാവിക നീതിയുടെ സാധൂകരണം പോലു മില്ലെന്ന് പിന്നീട് കോടതികൾപോലും വിധിക്കുകയുണ്ടായി. സഭയുടെ കാനോനുകളും ധാർമ്മികനീതിയും ഈ മുടക്കിനെ പിന്താങ്ങുന്നതല്ലായിരുന്നു. അതുകൊണ്ട് ദൈവിക ഇടപെടലുകൾ ഉടനെതന്നെയുണ്ടായി. രാഷ്ട്രീയകാരണങ്ങളാൽ സ്ഥാനം നഷ്ടപ്പെട്ട അന്തോഖ്യയിലെ യഥാർത്ഥ പാത്രിയർക്കീസ് ഈ വിഷയത്തിൽ ഇടപെട്ടു. അബ്ദൽ മിശിഹാ പാത്രിയർക്കീസ് ഏകദേശം രണ്ടുമാസത്തിനകംതന്നെ കൃത്യമായി പറഞ്ഞാൽ 1911 ഓഗസ്റ്റ് 17-ന് വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കു തീർത്തു കല്പന നൽകി. അങ്ങനെ കാനോനാകൾക്കും ധാർമ്മിക നിയമങ്ങൾക്കും സ്വാഭാവിക നീതിക്കും നിരക്കാത്ത മുട ക്കിൽനിന്നും തിരുമേനി വിമുക്തനായി. എന്നിരുന്നാലും അദ്ദേഹം കടന്നുപോയിട്ടുള്ള മാനസികവ്യഥ മറ്റാർക്കും ഊഹിക്കാനാവില്ല. ട്രസ്റ്റിമാർ തിരുമേനിയെ കൈവെടിഞ്ഞെ ങ്കിലും മുടക്കിനുശേഷം കൂടിയ മാനേജിംഗ് കമ്മറ്റി വട്ടശ്ശേരിൽ തിരുമേനിക്കു ശക്ത മായ പിന്തുണ നൽകി.

മലങ്കരസഭയുടെ ചരിത്രത്തിൽ വേറിട്ടുനിൽക്കുന്ന, അസാധാരണമായ സംഭവമായി രുന്നു വട്ടശ്ശേരിൽ തിരുമേനി സ്വീകരിക്കേണ്ടിവന്ന മുടക്കുകല്പന. എന്നാൽ ഈ പ്രതി സന്ധിയെയും ദൈവാശ്രയബോധത്തോടെ അദ്ദേഹം നേരിട്ടു. ഇതേച്ചൊല്ലിയുണ്ടായ കോടതിവ്യവഹാരങ്ങളിലും ആത്യന്തികമായി അദ്ദേഹം വിജയിച്ചു. “സത്യത്തിനുവേണ്ടി നിലകൊള്ളാൻ ക്രൂശുവഹിക്കേണ്ടിവരും. എന്നാലും അതിൽതന്നെ ഉറച്ചുനിൽക്കണം” എന്ന് അദ്ദേഹം പ്രബോധിപ്പിച്ചിട്ടുള്ളത് സ്വന്തജീവിതംകൊണ്ട് മാതൃക കാട്ടിക്കൊടു ത്തു. ഈ ത്യാഗമൊക്കെ സഭയ്ക്കുവേണ്ടി അദ്ദേഹം സഹിച്ചു എന്നതാണ് എടുത്തുപറ യേണ്ട വസ്തുത.

### അദ്ധ്യായം 3

## കാതോലിക്കേറ്റ് സ്ഥാപനം

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സംഭാവനകളിൽ അതിപ്രധാനമാണ് കാതോ ലിക്കേറ്റ് സ്ഥാപനം. പാത്രിയർക്കീസ്, കാതോലിക്കാ, പോപ്പ് മുതലായ സ്ഥാനനാമങ്ങൾ ആദിമസഭയിൽ ഉണ്ടായിരുന്നില്ല. സഭയുടെ വളർച്ചയിൽ പിന്നീടുള്ള നൂറ്റാണ്ടുകളിലാണ്

ഇവയൊക്കെ രൂപപ്പെട്ടത്. എ. ഡി. 325-ലെ നിഖ്യാസുന്നഹദോസ് കൂടിയപ്പോൾ ഈ സ്ഥാനനാമങ്ങൾ ഉള്ള മേലദ്ധ്യക്ഷന്മാർ ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. അതായത് റോമാസാമ്രാജ്യത്തിനകത്ത് റോം, കുസ്തന്തീനോപോലീസ് (കോൺസ്റ്റാന്റിനോപ്പിൾ) അന്ത്യോഖ്യാ, അലക്സാണ്ടറിയായും പിന്നീട് യെരുശലേമും പാത്രിയർക്കീസുമാർ ഭരിച്ചിരുന്നു; റോമാസാമ്രാജ്യത്തിനുപുറത്ത്, പേർഷ്യൻ സാമ്രാജ്യത്തിൽ കിഴക്കിന്റെ മെത്രാപ്പോലീത്താ എന്ന നിലയിൽ കാതോലിക്കോസും ഉണ്ടായിരുന്നു എന്നാണ് ഒരു അഭിപ്രായം. ഇതിനോടു വിയോജിപ്പുള്ളവരും ഉണ്ട്. അതുപോലെ റോമാസാമ്രാജ്യത്തിനു പുറത്ത് കിഴക്ക് പേർഷ്യൻ നാടുകളിൽ രണ്ടു കാതോലിക്കേറ്റുകൾ ഉണ്ടായിരുന്നു എന്നും അഭിപ്രായമുണ്ട്. ഒന്ന് സ്വതന്ത്രമായ ഒരു കാതോലിക്കേറ്റും മറ്റൊന്ന് അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ കീഴിലുള്ള 'മഫ്രിയാനാ' എന്ന സ്ഥാനപ്പേരുള്ള കാതോലിക്കായും അന്ത്യോഖ്യൻ പാത്രിയർക്കീസ് സ്ഥാപിച്ചതിനാൽ ഈ മഫ്രിയാനേറ്റാണ് ഇങ്ങോട്ടു മാറ്റി സ്ഥാപിച്ചത് എന്നും അഭിപ്രായമുണ്ട്. അതേപ്പറ്റി കൂടുതലായി നമുക്ക് പിന്നീട് പഠിക്കാം. വട്ടശ്ശേരിൽ തിരുമേനിയിൽകൂടി സ്ഥാപിതമായ കാതോലിക്കേറ്റിന്റെ പ്രസക്തിയെക്കുറിച്ച് മാത്രം നമുക്കു ചിന്തിക്കാം...

## എന്തുകൊണ്ട് കാതോലിക്കേറ്റ് ഉണ്ടാകണമെന്ന് ആഗ്രഹിച്ചു?

പൗരസ്ത്യ സഭകളുടെ സ്വഭാവമനുസരിച്ച് ചില കാര്യങ്ങൾക്ക് 'കാതോലിക്കോസ്' പോലെയുള്ള ഒരു പ്രധാന തലവൻ ആവശ്യമാണ്. മേല്പട്ടക്കാരെ വാഴിക്കുക, വിശുദ്ധ മൂറോൻ കൂദാശ ചെയ്യുക എന്നതാണ് അവയിൽ പ്രധാനം. മലങ്കരസഭ ഈ രണ്ടു കാര്യങ്ങളിലും വിദേശസഭകളിലെ മേലദ്ധ്യക്ഷന്മാരെയാണ് ആശ്രയിച്ചിരുന്നത്. പേർഷ്യൻ സഭയുമായിട്ടായിരുന്നു ആദ്യ നൂറ്റാണ്ടുകളിൽ നമുക്ക് ബന്ധമുണ്ടായിരുന്നത്. കാരണം ഇവിടുത്തെ പൂർവ്വികർ ഈസ്റ്റ് സിറിയൻ ആരാധനക്രമങ്ങളായിരുന്നു പിന്തുടർന്നിരുന്നത്. ഇസ്ലാം അധിനിവേശത്തോടുകൂടി പേർഷ്യൻസഭ നശിക്കുകയും അവരുമായിട്ടുള്ള ബന്ധം ഇല്ലാതാവുകയും ചെയ്തു. 1842-ൽ നവീകരണപക്ഷക്കാർ അന്ത്യോഖ്യൻ പാത്രിയർക്കീസിനെ സമീപിച്ച് പട്ടം സ്വീകരിച്ച നാൾ മുതൽ ആ സഭയുമായി പട്ടത്വത്തിന് ബന്ധപ്പെടേണ്ടിവന്നു. അവിടുത്തെ പാത്രിയർക്കീസന്മാർ ആത്മീയ അധികാരംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഭൗതികവസ്തുക്കളിന്മേലും അധികാരം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. അതിന് വഴങ്ങാഞ്ഞതിനാൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. ഇങ്ങനെ വിദേശമേലദ്ധ്യക്ഷന്മാരെ ആശ്രയിച്ചതിനാൽ വന്ന പ്രശ്നങ്ങളെ പരിഹരിക്കാൻ ഇവിടുത്തെ സഭയ്ക്കു ഒരു പ്രധാന മേലദ്ധ്യക്ഷൻ ഉണ്ടാകണമെന്നുള്ള ചിന്ത വളരെ സജീവമായി. ആ ചിന്തയെ വളർത്തുവാനും സാക്ഷാത്കരിക്കുവാനും അക്ഷീണപരിശ്രമവും ത്യാഗവും സഹിച്ച ദേഹമാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി.

റോമൻ കത്തോലിക്കാസഭയിലെ പോപ്പിനെപ്പോലെ ഒരു ആഗോളതലവൻ ഓർത്തഡോക്സ് സഭകളിലില്ല. ഓർത്തഡോക്സ് സഭകൾ അതാതു രാജ്യങ്ങളിൽ സ്വതന്ത്രവും അവർക്കു സ്വതന്ത്രനേതൃത്വവുമാണുള്ളത്. ഇതിനനുസൃതമായ ഒരു ഭരണസംവിധാനം ഇവിടെയും ഉണ്ടാകണമെന്ന് തിരുമേനി ആഗ്രഹിച്ചു. പേർഷ്യൻ സഭയുമായിട്ടുള്ള ബന്ധമാകാം പ്രധാന മേലദ്ധ്യക്ഷന് 'കാതോലിക്ക' എന്ന സ്ഥാനനാമം ഉണ്ടാകുവാൻ ഇവിടെയുള്ളവർ ആഗ്രഹിച്ചത്. ഇതിനുവേണ്ടിയുള്ള ശ്രമം നേരത്തെ തുടങ്ങിയെങ്കിലും ഫലപ്രദമായില്ല. ഒരുവിധത്തിൽ നോക്കിയാൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതാണ്, പെട്ടെന്നുതന്നെ 'കാതോലിക്കേറ്റ്' ഇവിടെ സ്ഥാപിക്കാൻ ഇടയായത് എന്നുപറയാം. തിരുമേനിയുടെ 'മുടക്ക്' സാധൂകരണം ഇല്ലാത്തതാണെങ്കിലും പട്ടം നൽകിയ ആൾതന്നെ അപ്രകാരം ചെയ്തപ്പോൾ അതുപോലെ പട്ടത്വനൽവരമുള്ള മറ്റൊരു സ്ഥാനി അതു നീക്കം ചെയ്താൽ കാനോനികമായി പിൽക്കാലത്ത് ആരും ദോഷം ആരോപിക്കാൻ ഇടവരികയില്ലല്ലോ. ആവഴിക്കു ചിന്തിച്ചപ്പോഴാണ് മേലിൽ മേല്പട്ടസ്ഥാനത്തേയ്ക്ക്

ആരെയും ആശ്രയിക്കാൻ ഇടവരാതെ, ഇവിടെത്തന്നെ സ്വതന്ത്രമേലദ്ധ്യക്ഷൻ ഉണ്ടാകണമെന്നും നിശ്ചയിച്ചത്.

## അബ്ദൽ മശിഹാ പാത്രിയർക്കീസിനെ ക്ഷണിക്കുന്നു

തുർക്കിയിലെ രാഷ്ട്രീയകാരണങ്ങളാലാണ് അബ്ദൽ മശിഹാ പാത്രിയർക്കീസിന് തന്റെ പാത്രിയർക്കീസ് സ്ഥാനം നഷ്ടപ്പെട്ടത്. സഭാനിയമങ്ങൾ അനുസരിച്ച് അദ്ദേഹത്തിന്റെ സ്ഥാനത്തിന് യാതൊരു കുറവുമില്ലായിരുന്നു. ഭൗതികമായ അധികാരം മാത്രമേ നഷ്ടപ്പെട്ടിരുന്നുള്ളൂ. അദ്ദേഹം മലങ്കരസഭയുടെ ക്ഷണം സന്തോഷപൂർവ്വം സ്വീകരിച്ചു. 1912-ൽ ഇവിടെയെത്തി. അതിനു മുൻപുതന്നെ വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് അസാധുവാണെന്ന് 1911 ഓഗസ്റ്റ് 17-ന് കല്പന ഇറക്കി.

ഇവിടെയെത്തിയ അബ്ദൽ മശിഹാ പാത്രിയർക്കീസ് പുന്നൂസ് റമ്പാച്ചനെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മേല്പട്ടക്കാരനായി വാഴിച്ചു. ഇദ്ദേഹമാണ് ഭാഗ്യസ്മരണാർഹനായ മൂന്നാമത്തെ കാതോലിക്കാ കുറിച്ചി കല്ലാശ്ശേരിൽ തിരുമേനി. വട്ടശ്ശേരിൽ തിരുമേനിയുടെയും കല്ലാശ്ശേരിൽ അഥവാ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും സഹകരണത്തോടെ മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് തിരുമേനിയെ മലങ്കരയുടെ ഒന്നാമത്തെ കാതോലിക്കായായി 1912 സെപ്റ്റംബർ 12-ന് വാഴിച്ചു. നിരണം വലിയപള്ളിയിൽവച്ചാണ് സുപ്രധാനമായ ഈ വാഴ്ച നടന്നത്. കാതോലിക്കായ്ക്ക് ബസ്സേലിയോസ് എന്ന നാമം നിർണ്ണയിച്ചു. 'മാർ ബസ്സേലിയോസ് പൗലൂസ് പ്രഥമൻ' എന്നായിരുന്നു ഒന്നാം കാതോലിക്കായുടെ സ്ഥാനനാമം. മേല്പട്ടസ്ഥാനം നൽകുന്നതിനും മൂറോൻ കൂദാശ നടത്തുന്നതിനും അധികാരം സ്താത്തിക്കോനിലൂടെ കാതോലിക്കായ്ക്കു നൽകുകയുണ്ടായി. ഒന്നാം നൂറ്റാണ്ടുമുതൽ സ്വതന്ത്രമായി നിലനിന്ന മലങ്കരസഭയ്ക്ക് ഇടക്കാലത്തുണ്ടായ പാരതന്ത്ര്യങ്ങളെ നീക്കംചെയ്ത് പരമാധികാരത്തോടെയുള്ള സ്വതന്ത്ര കാതോലിക്കേറ്റിനെ ലഭിച്ചു. ഇതുമൂലം സഭയ്ക്കുണ്ടായ നേട്ടങ്ങൾ,

1. മേല്പട്ടസ്ഥാനത്തിനും മൂറോൻ കൂദാശചെയ്യുന്നതിനും ഇനി മേലാൽ മറ്റൊരു സഭയെയും ആശ്രയിക്കേണ്ടതില്ല എന്നു വന്നു.
2. മലങ്കരസഭ മറ്റേതു ഓർത്തഡോക്സ് സഭയെപ്പോലെയും ഒരു സ്വതന്ത്രസഭയായി മാറി.
3. സഭയുടെ പരമാദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സഭയുടെ മക്കൾക്കു ലഭിച്ചു.
4. ഭാരതത്തിന്റെ സംസ്കാരത്തോടു ഇഴുകിച്ചേർന്ന് പ്രവർത്തിക്കാനുള്ള അവസരം ഉണ്ടായി.
5. ഒരു സ്വതന്ത്രസഭയെന്ന നിലയിൽ എക്യൂമെനിക്കൽ ബന്ധങ്ങൾക്ക് ആക്കംകൂട്ടാൻ ഇടയായി. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിൽ (WCC) മലങ്കരസഭ അംഗമായി.
6. എല്ലാറ്റിനുമുപരി, മാർത്തോമ്മായുടെ ശ്ലൈഹിക പാരമ്പര്യം കാതോലിക്കേറ്റിലൂടെ ഊട്ടിയുറപ്പിച്ചു.

ഇതെല്ലാം സാധ്യമായത് പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനിയുടെ ദീർഘവീക്ഷണവും ത്യാഗനിർഭരമായ പ്രവർത്തനവും മൂലമാണ്.

### അദ്ധ്യായം 4

## സത്യവിശ്വാസവും സത്യ ആരാധനയും

സത്യവിശ്വാസവും സത്യആരാധനയും കൂടാതെ സഭയ്ക്കു നിലനില്പില്ല. പൗരസ്ത്യസഭകളെല്ലാം ഈ രണ്ടു കാര്യങ്ങൾക്കും വളരെ പ്രാധാന്യം നൽകുന്നു. സഭ ക്രിസ്തുവിന്റെ ശരീരമാകയാൽ വിശുദ്ധമാണ്. അതേസമയം പാപികളായ വിശ്വാസിക

ളുടെ കുറവുകൾ നിമിത്തം വ്യത്യസ്ത വിചാരങ്ങളും ചിന്തകളും ഉണ്ടായിവരിക എന്നതും സ്വാഭാവികമാണ്. സഭയുടെ ആദിമചരിത്രത്തിൽ നാം ഇതു കാണുന്നു. വ്യത്യസ്ത സംസ്കാരങ്ങളെയും കാലദേശങ്ങളെയും ഉൾക്കൊണ്ട് സഭ വളർന്നപ്പോൾ വിശ്വാസകാര്യങ്ങളിൽ ഭിന്നമായ കാഴ്ചപ്പാടുകൾ ഉണ്ടായി. ആദ്യത്തെ സാർവത്രിക സുന്നഹദോസുകൾ കൂടിയതിനെപ്പറ്റി നേരത്തെ മറ്റു ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ടല്ലോ. ഒരു വിശ്വാസവും ഒരു മാമോദീസായുമേയുള്ളൂ എന്ന് പൗലോസ് ശ്ലീഹാ വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു (എഫേസ്യ 4:4-6). ഏകവിശ്വാസമെന്തെന്ന് വിഭജനത്തിനുമുമ്പുള്ള സഭ, നിഖ്യാ-കുസ്തന്തീനോപോലീസ് വിശ്വാസപ്രമാണത്തിൽകൂടി വ്യക്തമാക്കി. എല്ലാ യാമപ്രാർത്ഥനകളും കൂദാശകളും അവസാനിക്കുന്നത് വിശ്വാസപ്രമാണം ഏറ്റുചൊല്ലിക്കൊണ്ടാണല്ലോ.

കാലം പുരോഗമിച്ചപ്പോൾ വിശ്വാസപ്രമാണത്തിൽ അടിസ്ഥാനപ്പെടുത്തി ആരാധനാക്രമങ്ങൾ, കൂദാശകൾ, ദൈവമാതാവിലും വിശുദ്ധന്മാരിലുമുള്ള മദ്ധ്യസ്ഥത, വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന മുതലായി ഒട്ടേറെ വിഷയങ്ങളിൽ വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകേണ്ടതായി വന്നു. ആദിമനൂറ്റാണ്ടുകളിൽതന്നെ ഇതെല്ലാം രൂപപ്പെട്ടുവെങ്കിലും വിദൂരമായ ഭാരതത്തിൽ ഇതേപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടായില്ല. ചരിത്രപരമായ പല കാരണങ്ങളും അതിന്റെ പിൻപിൽ ഉണ്ട്. ആരാധനാഭാഷയും സംസാരഭാഷയും നമ്മുടെ സഭയിൽ വ്യത്യസ്തമായിരുന്നു. അന്ത്യോഖ്യയുമായിട്ടുള്ള ബന്ധം മലങ്കരസഭയ്ക്ക് ഉണ്ടാകുന്നതുവരെ പേർഷ്യൻ സഭയുമായിട്ടാണ് ബന്ധം ഉണ്ടായിരുന്നത്. കർത്താവ് സംസാരിച്ച അരമായ ഭാഷയോടു അടുത്തുനിന്നിരുന്ന പൗരസ്ത്യ സുറിയാനി (East Syriac) ഈസ്റ്റ് സിറിയക് ഭാഷയാണ് ഇവിടെ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നത്. വിശ്വാസസത്യങ്ങൾ ആരാധനയിലുണ്ടെങ്കിലും അത് വ്യക്തമായി എഴുതിയുണ്ടാക്കി വിശ്വാസികളെ പഠിപ്പിക്കാൻ മാർഗ്ഗമില്ലായിരുന്നു. മലയാളഭാഷതന്നെ കാര്യമായി വികസിച്ചിരുന്നില്ല. അതിനാൽ വിശ്വാസം വ്യക്തമായി അക്കമിട്ടു പഠിപ്പിക്കുന്ന രീതി വളർന്നിരുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുരാതനമായിരുന്ന സഭയ്ക്ക് അതിന്റെ വിശ്വാസം എന്തെന്ന് സഭാമക്കളെ പഠിപ്പിക്കാൻ ആധികാരിക ഗ്രന്ഥങ്ങളില്ലായിരുന്നു എന്നത് വലിയ കുറവുതന്നെയായിരുന്നു. ഈ വലിയ കുറവാണ് വട്ടശ്ശേരിൽ തിരുമേനി നികത്തിയത്.

## 'മതോപദേശ സാരങ്ങൾ'

വൈദേശിക മേധാവിത്വത്തോട് പോരാടി സഭയുടെ തനതായ സ്വാതന്ത്ര്യം നിലനിർത്താൻ കാതോലിക്കേറ്റ് സ്ഥാപിച്ചതാണ് തിരുമേനിയുടെ ഏറ്റവും വലിയ സംഭാവന. വൈദേശികതയോടുള്ള പോരാട്ടം ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ട് ഈ കാഴ്ചപ്പാടിന് കൂടുതൽ പ്രാധാന്യം ലഭിച്ചു. എന്നാൽ ഒട്ടും കുറവല്ലാത്ത സംഭാവനയാണ് സഭയുടെ വിശ്വാസമെന്തെന്ന് വ്യക്തമായി പഠിപ്പിക്കുന്നതിൽകൂടി പരിശുദ്ധ തിരുമേനി നൽകിയത്. വ്യക്തമായ ധാരണകൾ വിശ്വാസികൾക്ക് ഉണ്ടായിരുന്നെങ്കിൽ പാശ്ചാത്യ റോമൻ കത്തോലിക്കാ - നവീകരണവിശ്വാസങ്ങളോടു മലങ്കരയിലെ പൂർവ്വികർക്ക് കൂടുതൽ ആഭിമുഖ്യം വരികയില്ലായിരുന്നു. പഴയസെമിനാരിയിൽ മല്പാനായിരുന്ന തിരുമേനി താൻ വിദ്യാർത്ഥികളെ പഠിപ്പിച്ച കാര്യങ്ങൾ വികസിപ്പിച്ചെടുത്ത് പുസ്തകരൂപത്തിലാക്കുകയായിരുന്നു. സത്യവിശ്വാസം ആദ്യം മനസ്സിലാക്കാതെയിരുന്നാൽ, മറ്റുള്ളവർ ആദ്യം പഠിപ്പിക്കുന്നത് സത്യമെന്ന് വിചാരിച്ച് അതിലേയ്ക്കു തിരിയുമെന്നും അങ്ങനെ വരാതിരിക്കാനുള്ള ഒരു പരിശ്രമമാണ് ഈ ഗ്രന്ഥരചനയിലൂടെ ലക്ഷ്യംവയ്ക്കുന്നത് എന്നും ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പിതാക്കന്മാരെ ഉദ്ധരിച്ച് സത്യവിശ്വാസം എന്തെന്ന് വ്യക്തമാക്കുകയും വേദവിപരീതികളുടെപേർ ചിലയിടങ്ങളിൽ സൂചിപ്പിച്ചുകൊണ്ട് വേദവിപരീതങ്ങളുടെ ചുരുക്കവും നൽകിയിട്ടുണ്ട്. ഓരോ വിഷയത്തിനും 'സംഗതി' എന്ന തലക്കെട്ടാണ് നൽകിയിരിക്കുന്നത്. അങ്ങനെ 34 സംഗതികളും അതിനെ സംബന്ധിച്ച വേദപുസ്തക അടിസ്ഥാനങ്ങളും ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ഒട്ടേറെ പുസ്തകങ്ങൾ പിൽക്കാലങ്ങളിൽ വന്നിട്ടുള്ളതിനാൽ ഈ വിശിഷ്ടഗ്രന്ഥത്തിന്റെ പ്രാമാണ്യം ഇന്ന് വേണ്ടത്ര വിധം ചിലർക്കു മനസ്സിലാവുകയില്ലെങ്കിലും ഒന്നുമില്ലായ്മയിൽനിന്ന് ദൈവം സൃഷ്ടി നടത്തിയതുപോലെയാണ് പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി 'മതോപദേശസാരങ്ങൾക്ക്' ജന്മം നൽകിയത്. ത്രിത്വം, മാമോദീസാ, വി. കുർബ്ബാന, കുമ്പസാരം, മൂറോൻ, പട്ടത്വം, വിവാഹം, രോഗികളുടെ തൈലാഭിഷേകം എന്നീ കൂദാശകളെക്കുറിച്ച് വ്യക്തമായ നിർവ്വചനവും അറിവും നൽകുന്നു. ഞായറാഴ്ചയാചരണം; മാറാനായ പെരുന്നാളുകളുടെ പ്രാധാന്യം; പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയുടെ ആവശ്യകത; ദൈവമാതാവ്, വിശുദ്ധന്മാർ എന്നിവരുടെ മദ്ധ്യസ്ഥത; വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന മുതലായി സഭയുടെ അടിസ്ഥാന വിശ്വാസങ്ങളെക്കുറിച്ച് ധാരണ നൽകുന്ന ഇതിനോടു സമാനമായി മറ്റൊന്ന് ഇതുവരെ ഉണ്ടായിട്ടില്ല. ഓരോ വിഷയങ്ങളെക്കുറിച്ച് എടുത്താൽ കൂടുതൽ വിശദീകരണങ്ങളുള്ള പുസ്തകങ്ങൾ പിൽക്കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഓർത്തഡോക്സി എന്ന വാക്കുതന്നെ സൂചിപ്പിക്കുന്നത് സത്യവിശ്വാസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുക എന്ന ആശയമാണല്ലോ. അങ്ങനെയെങ്കിൽ മലങ്കരസഭയെ ഓർത്തഡോക്സിയിൽ ഉറപ്പിച്ചത് വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനിയാണെന്നു പറയാം.

## സത്യാരാധന

വിശ്വാസപഠനം കുറെയൊക്കെ ബുദ്ധിപരമാണ്. ബുദ്ധിപരമായ അറിവിനെ, അനുഭവത്തിന്റെ തലത്തിലേയ്ക്ക് ഉയർത്തുന്നത് സത്യ ആരാധനയാണ്. ആരാധനയിലൂടെ ലഭിക്കുന്ന ദൈവാനുഭവമാണ് അറിവിലൂടെ ബുദ്ധിക്കു നിരക്കുന്ന രീതിയിൽ വിശദീകരിക്കുന്നത്. ഓർത്തഡോക്സ് ആത്മീയതയിൽ അറിവും അനുഭവവും ഒരുമിക്കുന്നു. ആരാധന കൂടാതെയുള്ള അറിവില്ല. അറിവുകൂടാതെയുള്ള ആരാധനയുമില്ല. അതുകൊണ്ടുതന്നെ അറിയാവുന്ന ഭാഷയിൽ ആരാധിക്കണമെന്നാണ് ശരിയായ തത്വം. എന്നാൽ ആ കാലത്തു അതിനുള്ള സൗകര്യമില്ലായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ആദ്യം കിഴക്കൻ സുറിയാനി ആരാധനാക്രമവും പിന്നീട് അന്ത്യോഖ്യൻ ബന്ധമുണ്ടായ ശേഷം പടിഞ്ഞാറൻ സുറിയാനി ആരാധനാക്രമവും പരിശീലിച്ചു. രണ്ടായാലും അത് വിശ്വാസികൾ സംസാരിക്കുന്ന ഭാഷയല്ലായിരുന്നു. ആ ലക്ഷ്യത്തിൽ രണ്ടു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ കാര്യത്തിൽ കോനാട്ടു മാത്തൻ മല്പാനും ഗീവർഗീസ് മല്പാന് സഹായിയായി.

പൗരസ്ത്യ ആരാധനാക്രമത്തിൽ ഉയിർപ്പുപെരുന്നാളാണ് ഏറ്റം പ്രാധാന്യമേറിയത്. അതിനാൽ 'ക്യംതാ' അഥവാ ഉയിർപ്പിന്റെ നമസ്കാരമാണ് ആദ്യം പ്രസിദ്ധീകരിച്ചത്. ഏഴുനേരത്തെ യാമപ്രാർത്ഥനകളും ഓർത്തഡോക്സ് വിശ്വാസിക്ക് അതിപ്രധാനമാണ്. വിശ്വാസികളുടെ സൗകര്യത്തിനായി ഇതു രണ്ടായി തിരിച്ചിരിക്കുന്നു. ഒൻപതാംമണി, സന്ധ്യ, സൂത്താറാ എന്നിവ സന്ധ്യയ്ക്കും രാത്രി, പ്രഭാതം, മൂന്നാംമണി, ആറാംമണി എന്നിവ പ്രഭാതത്തിലും ക്രമീകരിച്ചുള്ള രീതിക്കു തുടക്കമിട്ടത് വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനാണ്. ഓരോ ദിവസത്തേക്കുമായിട്ടുള്ള യാമപ്രാർത്ഥനകൾ ഇന്ന് ലഭ്യമാണ്. അതുപോലെ സ്ലീബാ, ക്യംതാനമസ്കാരക്രമങ്ങളും ആണ്ടിലെ മാറാനായ പെരുന്നാളുകൾക്കും മറ്റു വിശേഷദിവസങ്ങൾക്കും ചേർന്ന പ്രാർത്ഥനകളും ഉൾക്കൊള്ളുന്ന പ്രാർത്ഥനാപുസ്തകങ്ങളും ഇന്ന് ലഭ്യമാണ്. എന്നാൽ ഇവയ്ക്കൊക്കെ തുടക്കം കുറിച്ചവരിൽ പ്രമുഖൻ വട്ടശ്ശേരിൽ തിരുമേനിയാണ്. വിശ്വാസവും ആരാധനയും ഒരുമിച്ചുചേരാത്ത ഒരു സഭയ്ക്കും നിലനില്പില്ല. ഭരണപരമായ നിലനില്പിനേക്കാൾ പ്രാധാന്യമുള്ളതാണ് വിശ്വാസവും ആരാധനയും. ഇന്ന് നാം അനുഭവിക്കുന്ന ഭരണപരമായ സ്വാതന്ത്ര്യത്തിനും ആരാധനാസ്വാതന്ത്ര്യത്തിനും നിമിത്തമായത് പ. വട്ടശ്ശേരിൽ തിരുമേനിയാണെന്ന് നിസ്സംശയം പറയാം.

അദ്ധ്യായം 5

## വ്യക്തിത്വത്തിലെ സവിശേഷതകൾ

അസാധാരണമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പരിശുദ്ധനായ വട്ടശ്ശേരിൽ ദിവന്നാസ്യോസ് തിരുമേനി. മാതൃകയാക്കാൻ പറ്റിയ അനേകം ഗുണവിശേഷങ്ങൾ അദ്ദേഹത്തിൽ തെളിഞ്ഞുകാണാം. അവയിൽ ചിലതുമാത്രം ഇവിടെ സൂചിപ്പിക്കട്ടെ.

### ഉണ്മയും പ്രവൃത്തിയും (Being & Doing) സംയോജിപ്പിച്ച വ്യക്തി

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സൂക്തങ്ങളിൽ വളരെപ്പേർ ഉദ്ധരിക്കുന്ന ഒന്നാണ് ലോകത്തോടുള്ള അദ്ദേഹത്തിന്റെ സന്ദേശം. ലോകത്തോടുള്ള സന്ദേശം എന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി നൽകി, “My life is my message” – എന്റെ ജീവിതമാണ് എന്റെ സന്ദേശം. ഈ വിധത്തിൽ പറയുവാൻ ആർക്കുകഴിയും? തിരുമേനി വാക്കുകളിൽ അങ്ങനെ പറഞ്ഞില്ലെങ്കിലും ജീവിതം ആ വഴിക്കു തന്നെയായിരുന്നു. വ്യക്തിത്വത്തിലെ ശിഥിലീകരണം ഇന്ന് എല്ലാവരുടെയും ജീവിതത്തിൽ ഒരു യാഥാർത്ഥ്യമാണ്. ആത്മീയതയിൽകൂടി ഇതൊഴിവാക്കേണ്ടതാണ്. അങ്ങനെ സംഭവിക്കുന്നില്ല എന്നത് ആത്മീയതയിലെ ദുര്യോഗം എന്നല്ലാതെ എന്തുപറയേണ്ടു? അതായത് ചില വ്യക്തികളുടെ സ്വത്വത്തിൽ വലിയ കളങ്കങ്ങളൊന്നുമില്ല. പക്ഷേ, സഭയ്ക്കും സമൂഹത്തിനും കാര്യമായ പ്രയോജനം ഒന്നും ചെയ്തിട്ടില്ല. ഉള്ളു മെച്ചമാണ്. പ്രവൃത്തിയിൽ നിലവാരമില്ല. മറ്റൊരു കൂട്ടരുണ്ട്, പ്രവൃത്തികളിൽ വളരെ മുൻപിലാണ്. പോരെങ്കിൽ ചിലർ പ്രവൃത്തികളിൽ കൂടി മാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരിക്കും. എന്നാൽ അതിനു സ്വീകരിക്കുന്ന വഴികൾ വളഞ്ഞതും കോട്ടവുമുള്ളതാണ്. പ്രവൃത്തി നല്ലത്, ഉണ്മ അഥവാ സ്വത്വം മോശമായത്. ഈ ദ്വൈതഭാവത്തിൽനിന്ന് ഒഴിഞ്ഞിരിക്കാൻ അനേകർക്കു സാധിക്കുന്നില്ല. എന്നാൽ തിരുമേനിയുടെ ജീവിതം ഇതിനൊരപവാദമായിരുന്നു. ഉണ്മയും പ്രവൃത്തിയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. നല്ല വൃക്ഷം നല്ല ഫലം കായ്ക്കും എന്ന കർത്തൃവചനം നിവൃത്തിക്കപ്പെടുന്നതായിരുന്നു തിരുമേനിയുടെ ജീവിതം.

### ആഴമേറിയ പ്രാർത്ഥനാജീവിതം

ഗുരുവായ പരുമല തിരുമേനിയുടെ ജീവിതത്തെ അപ്പാടെ സ്വീകരിച്ച ഉത്തമശിഷ്യനായിരുന്നു തിരുമേനി. യാമപ്രാർത്ഥനകൾ ക്രോഡീകരിക്കാൻ ഉത്സാഹം കാട്ടിയത് യാമംതോറും പ്രാർത്ഥിച്ചതുകൊണ്ടാണ്. പരുമല തിരുമേനിയെപ്പോലെ പ്രാർത്ഥനയ്ക്കു നല്ല നിർവ്വചനങ്ങൾ ശിഷ്യനായ ഈ പരിശുദ്ധനും നൽകിയിട്ടുണ്ട്. അതിൽ ഒന്ന് ശ്രദ്ധിക്കുക: “പ്രാർത്ഥന എന്നത് മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിനോടുള്ള കർത്തവ്യത്തെയും തന്നിൽനിന്നനുഭവിക്കുന്ന നന്മകളെയും തിരിച്ചറിഞ്ഞു സ്തുതി പാടി തന്റെ ഇഷ്ടം സമ്പാദിക്കുകയും തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും ശരീരത്തിന്റെ പുലർച്ചയ്ക്കും ആവശ്യമുള്ള കാര്യങ്ങളെ തന്നോടു ചോദിച്ചു വാങ്ങിക്കുകയും ചെയ്‌വാനായിട്ടു തങ്ങളുടെ ഹൃദയങ്ങളെ സ്രഷ്ടാവായ ദൈവത്തിങ്കലേയ്ക്കു ഉയർത്തി തന്നോടുതന്നെ സംസർഗ്ഗം ചെയ്യുന്നതാകുന്നു.” (സാമുവൽ ചന്ദനപ്പള്ളി, മലങ്കര സഭാപിതാക്കന്മാർ, വാല്യം 1, പേജ് 268). രഹസ്യപ്രാർത്ഥനകളും പരസ്യപ്രാർത്ഥനകളോടൊപ്പം അനുഷ്ഠിക്കണമെന്ന് പ്രത്യേകം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. പ്രാർത്ഥനയിലുള്ള ശക്തിമൂലമാണ് അനവധി കേസുകൾ ഉൾപ്പെടെയുള്ള എല്ലാ സംഘർഷങ്ങളെയും അദ്ദേഹം അതിജീവിച്ചത്.

### കാപട്യമില്ലായ്മ

ഭക്തിജീവിതത്തിൽ കടന്നുകൂടാവുന്ന വലിയ അപകടമാണ് കാപട്യം. ജനപ്രിയരാകുവാൻ ഇല്ലാത്ത ഭക്തി ഉണ്ടെന്നു നടിക്കുക എന്നത് എക്കാലത്തെയും പ്രലോഭനമാണ്.

ആചാരാനുഷ്ഠാനങ്ങൾ കൂടുതലുള്ള ഏതു വിശ്വാസസമൂഹത്തിലും ഇത് സംഭവിക്കാം. യഹൂദമതത്തിൽ ഇതു സംഭവിച്ചിരുന്നു. കാപട്യം വളരെ കൂടുതലായിരുന്നു. പ്രാർത്ഥനയും ദാനധർമ്മങ്ങളും ഉപവാസവുമൊക്കെ മനുഷ്യരെ കാണിക്കുന്നതിനായി യഹൂദന്മാർ അനുഷ്ഠിച്ചിരുന്നതിനെ കർത്താവ് ശക്തമായി അപലപിച്ചു. രഹസ്യത്തിൽ ഭിക്ഷ കൊടുക്കാനും രഹസ്യത്തിൽ പ്രാർത്ഥിക്കാനും രഹസ്യത്തിൽ ഉപവസിക്കുവാനും കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചു (വി. മത്താ. 6:1-21). രഹസ്യപ്രാർത്ഥനയിൽ നിർവൃതി അടഞ്ഞിരുന്ന തിരുമേനി കപടഭക്തിയെ വെറുത്തിരുന്നു.

സഭയിലെ കക്ഷിവഴക്കിൽ അദ്ദേഹത്തിന്റെ ജീവൻ അപായപ്പെടുത്തുവാൻ എതിരാളികൾ ശ്രമിച്ച സന്ദർഭങ്ങളുണ്ട്. ഏകനായി മുറിയിൽ രഹസ്യപ്രാർത്ഥനയിൽ മുട്ടുകുത്തിയിരുന്ന അദ്ദേഹത്തെ കണ്ടപ്പോൾ ശത്രുക്കൾ ഭയചകിതരായി പിൻവാങ്ങുകയാണുണ്ടായത്. കപടഭക്തിയുണ്ടെന്ന് തോന്നിയവരെ ശാസിക്കാനും അദ്ദേഹം മടിച്ചില്ല. ഇഷ്ടപുസ്തകമായ മശിഹാനുകരണവും വേദപുസ്തകവും മറ്റുള്ളവർ കാണാതെ വായിക്കാനാണ് ഏറെ ഇഷ്ടപ്പെട്ടിരുന്നത്. ഗാന്ധിജിയുടെ ഉറ്റസുഹൃത്തായിരുന്ന സി. എഫ്. ആൻഡ്രൂസ് തിരുമേനിയുടെ വിശുദ്ധിയെ തിരിച്ചറിഞ്ഞ് പ്രത്യേകം പ്രാർത്ഥനയും അനുഗ്രഹവും തിരുമേനിയിൽനിന്ന് നേടിയിട്ടുണ്ട്.

## വിപദിധൈര്യം

നേതൃത്വത്തിലേയ്ക്ക് കടന്നുവരുന്നവർ സാമൂഹ്യ ജീവിതത്തിലായാലും ആത്മീയ മണ്ഡലങ്ങളിലായാലും കടുത്ത പ്രതിസന്ധികളെ നേരിടേണ്ടതായിവരും. അതിനെ എങ്ങനെ നേരിടുന്നു എന്നതാണ് അവരുടെ മഹത്വത്തെ മനസ്സിലാക്കാനുള്ള ഉരകല്ല്. മുടക്ക് ഉൾപ്പെടെയുള്ള പ്രതിസന്ധികളെ അദ്ദേഹത്തിന് നേരിടേണ്ടിവന്നു. കടുത്ത മാനസിക സംഘർഷം ഉണ്ടാക്കുന്ന അത്തരം ഒരു നടപടി മലങ്കരസഭയിലെ മറ്റൊരു മേല്പട്ടക്കാരനും നേരിടേണ്ടിവന്നിട്ടില്ല. സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഉറച്ചുനിന്നതിനാൽ, അതിനോടു എതിർപ്പുള്ളവരുടെ നിരന്തരമായ ഭീഷണികളും തുടർച്ചയായ കേസുകളും ഉണ്ടായി. ഇതിനിടയിൽ അദ്ദേഹത്തിന്റെ അംഗരക്ഷകനായി നിയോഗിക്കപ്പെട്ടയാളെ പ്രതിയോഗികൾ ദാരുണമായി കൊലപ്പെടുത്തി. ജീവിതസായാഹ്നത്തിൽ അതിവേദനയുളവാക്കുന്ന മറ്റൊരു സംഭവം കൂടിയുണ്ടായി. അദ്ദേഹം ഏറെ വാത്സല്യത്തോടെ വളർത്തിക്കൊണ്ടുവന്ന സമർത്ഥനായ ശിഷ്യനായിരുന്നു ഫാ. പി. റ്റി. ഗീവർഗീസ്. അക്കാലത്ത് ബിരുദാനന്തരബിരുദം നേടിയ വൈദികനെന്ന നിലയിലും ബഥനി സന്യാസസമൂഹത്തിന്റെ സ്ഥാപകനെന്നനിലയിലും ഏറെ ആദരവുകളും അദ്ദേഹം നേടിയിരുന്നു. ഭക്തിയേക്കാൾ ബുദ്ധി വികസിച്ചതുകൊണ്ടാവാം മലങ്കരസഭയിലെ കക്ഷിവഴക്കുകൾ ഇല്ലാതാക്കാൻ ഒരു ഒറ്റമൂലി അദ്ദേഹം കണ്ടെത്തി. റോമാസഭയുമായി കൂടിച്ചേരുക. 'പുനരൈക്യം' എന്ന് അതിനു പേരും നൽകി. വേദശാസ്ത്രത്തിനോ, സഭാചരിത്രത്തിനോ നിരക്കുന്ന ഒരു ആശയമല്ല പുനരൈക്യം.

ഭാരതത്തിലെ മലങ്കര നസ്രാണികൾ അഥവാ തോമായുടെ മാർഗ്ഗം കൂടിയവർ, പാശ്ചാത്യർ ഇവിടെ വരുന്നകാലം വരെയും സ്വതന്ത്രമായി നിലനിന്നവരാണ്. ചരിത്രസത്യങ്ങളെ നിഷേധിച്ചുകൊണ്ട് റോമാസഭയുടെ ഭൗതികസമൃദ്ധിയും സ്ഥാപനവൈപുല്യവും ഒക്കെ കണ്ട് ആകൃഷ്ടനായ അദ്ദേഹം റോമാസഭയിൽ ചേരുവാൻ നിശ്ചയിച്ചു. 1930-ലായിരുന്നു ഈ സംഭവം. തിരുമേനി കാലം ചെയ്യുന്നതിന് കേവലം നാലുവർഷം മുമ്പ്. ഈ ആലോചനയ്ക്ക് ഗുരു അനുമതി നൽകിയില്ലെങ്കിലും ലോകപ്രകാരം സമർത്ഥനായ അദ്ദേഹം ഗുരുവിനെ ഉപേക്ഷിച്ച് റോമാസഭയിൽ ചേരുകയും മറ്റൊരു റീത്തായിത്തീരുകയും ചെയ്തു. സഭയിൽ സമാധാനം ഉണ്ടാക്കുവാനോ, പുരാതനമായ മാർ തോമാശ്ലീഹായുടെ സഭയെ ഇല്ലാതാക്കാനോ ഇതു മൂലം സാധിച്ചില്ല. പാശ്ചാത്യരുടെ വരവിനു ശേഷം ഛിന്നഭിന്നമായ മലങ്കരയിൽ മറ്റൊരു സഭകൂടി ഉടലെടുത്തു എന്നതായിരുന്നു

പരിണിതഫലം. ഈ പ്രതിസന്ധികളിലെല്ലാം പാറപോലെ ഉറച്ചുനിൽക്കുവാൻ അദ്ദേഹത്തിന് സാധിച്ചത് ആഴമേറിയ ദൈവാശ്രയംകൊണ്ടായിരുന്നു. "മലയിളകിലും മനമിളകാ മഹാത്മാക്കൾക്ക്" മലകൾ ഇളകിയാലും മഹാത്മാക്കളുടെ മനസ്സ് ഇളകുകയില്ലെന്നുള്ള മലയാളത്തിലെ മഹത്‌വാക്യം തിരുമേനിയിൽ നൂറുശതമാനവും അന്വർത്ഥമായി.

### മിത്രങ്ങളെയും ശത്രുക്കളെയും ഒരുപോലെ

സഭാസ്വാതന്ത്ര്യം, സത്യവിശ്വാസം തുടങ്ങിയ വിഷയങ്ങളിൽ ഉറച്ചുനിന്നതിനാൽ മിത്രങ്ങളും ശത്രുക്കളും അദ്ദേഹത്തിനുണ്ടായി. ഇന്നത്തെപ്പോലെ അധികം മെത്രാപ്പോലീത്താമാർ ഇല്ലാത്ത കാലമായിരുന്നു അത്. അദ്ദേഹത്തോടൊപ്പം മൂന്നോ നാലോ പേർ മാത്രം. ദൈവാശ്രയവും സഭാസ്നേഹവും ത്യാഗമനസ്സും പാണ്ഡിത്യവുമുള്ള ഒരു അത്മായനിര അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കെ. സി. മാമ്മൻ മാപ്പിള, ഇ. ജെ. ജോൺ വക്കീൽ, റാവുസാഹിബ്, ഒ. എം. ചെറിയാൻ, എം. എ. ചാക്കോ, എം. പി. വർക്കി, പത്രാധിപർ ജേക്കബ് കുര്യൻ, എ. ഫിലിപ്പോസ് മുതലായവർ ആ നിരയിൽപ്പെടും. അവരുടെ കൈത്താങ്ങൽ അദ്ദേഹത്തിന് ബലം നൽകി. അതേസമയം ഒട്ടേറെപ്പേർ അദ്ദേഹത്തെ എതിർത്തു. കൂട്ടുട്രസ്റ്റികൾ എതിരായതും വാത്സല്യശിഷ്യൻ സഭാപരിത്യാഗം നടത്തിയതും നാം കണ്ടു. തിരുമേനിക്ക് അവരോടു യാതൊരു വിദ്വേഷവുമില്ലായിരുന്നു.

അദ്ദേഹത്തിന്റെ ഉജ്ജ്വലപ്രഭാഷണങ്ങളിൽ ചിലത് നമുക്ക് ലഭ്യമാണ്. ഡോ. സാമുവൽ ചന്ദനപ്പള്ളി ചിലതൊക്കെ കണ്ടെത്തി 'മലങ്കര സഭാപിതാക്കന്മാരിൽ' ചേർത്തിട്ടുണ്ട്. എതിരാളികളെക്കുറിച്ച് ബഹുമാനത്തോടെയല്ലാതെ അദ്ദേഹം സംസാരിച്ചിട്ടില്ല. തന്റെ നിലപാടുകളിൽ ഉറച്ചുനിന്ന് സാധൂകരണം നൽകുമ്പോഴും വ്യത്യസ്ത അഭിപ്രായമുള്ളവരെ ചെറുതാക്കാനോ പുച്ഛിക്കാനോ അദ്ദേഹം ശ്രമിച്ചിട്ടില്ല. തന്നെ മുടക്കിയ പാത്രിയർക്കീസിന് എതിരായിപ്പോലും ഒരു വാക്കു ഉച്ചരിച്ചതായി നാം കാണുന്നില്ല. 'ശത്രുവിനെ സ്നേഹിക്കുക' എന്ന കർത്തൃകല്പന അദ്ദേഹം അനുസരിച്ചിരുന്നു. എല്ലാ അർത്ഥത്തിലും അദ്ദേഹത്തിന്റെ വ്യക്തിത്വം അനിതരസാധാരണമായിരുന്നു, യഥാർത്ഥ ദൈവമനുഷ്യന്റേതായിരുന്നു. തിരുമേനിയുടെ ജീവിതംതന്നെ ക്രിസ്തീയ സാക്ഷ്യവും സന്ദേശവുമായി മാറി.

## അദ്ധ്യായം 6

## മലങ്കരസഭാ ഭാസുരൻ

2003 ഫെബ്രുവരി 24-ാം തീയതിയാണ് തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നത്. അതിനു മുൻപുതന്നെ വളരെ മനോഹരമായ ഒരു വിശേഷണം അദ്ദേഹത്തിന് നൽകിയിരുന്നു; 'മലങ്കരസഭാ ഭാസുരൻ'. ഭാസുരൻ എന്നാൽ സൂര്യൻ എന്നർത്ഥം. സൂര്യൻ തനിയെ ശോഭിക്കുന്നു. അതു മറ്റുള്ളവർക്ക് വെളിച്ചവും ചൂടും നൽകുന്നു. സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന സൂര്യധർമ്മം അദ്ദേഹം നിർവ്വഹിച്ചിരുന്നു. ഗ്രഹങ്ങൾ, സൂര്യനെ ചുറ്റുന്നതുപെലെ തിരുമേനിയുടെ കാലഘട്ടത്തിലെ സഭ പൂർണ്ണമായും അദ്ദേഹത്തെ ചുറ്റിപ്പറ്റി തന്നെയായിരുന്നു ചലിച്ചത്.

### അന്ധകാരത്തെ നീക്കിയ നീതിസൂര്യൻ

പലതരത്തിലുള്ള അന്ധകാരം അന്നു സഭയെ ബാധിച്ചിരുന്നു. പ്രൊട്ടസ്റ്റന്റ് നവീകരണ ബാന്ധവത്തിൽനിന്നു പതുക്കെ സഭ സ്വാതന്ത്ര്യം പ്രാപിച്ചുവന്നപ്പോൾ മറ്റൊരു പാരതന്ത്ര്യത്തിലേയ്ക്കാണ് സഭ ചെന്നു പതിച്ചത്. നവീകരണക്കാർ, വിശ്വാസകാര്യങ്ങളിൽ വ്യത്യാസം പുലർത്തിയിരുന്നതിനാൽ അവരോടുള്ള ബന്ധത്തെ വളരെ സൂക്ഷ്മമായി നിരീക്ഷിച്ചിരുന്നു. എന്നാൽ അന്ത്യോഖ്യൻ ബന്ധത്തിൽ അങ്ങനെ ഒരു ആവശ്യ

കത തോന്നിയില്ലായിരുന്നു. ഒരേ വിശ്വാസവും മാമോദീസായും വി. കുർബ്ബാനയുടെ സംസർഗ്ഗവുമുള്ള സഹോദരങ്ങൾ ക്രമക്കേടുകാണിക്കയില്ല എന്നു പൂർണ്ണമായി വിശ്വസിച്ചിരുന്നിരിക്കണം. അതുകൊണ്ടായിരുന്നു മാവേലിക്കര പടിയോലയിൽ (1836) അന്ത്യോഖ്യൻ ബന്ധത്തെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനുള്ള ഉപാധിയായി എടുത്തുകാട്ടിയത്. അന്ത്യോഖ്യയിൽനിന്നുവന്ന യുയാക്കിം മാർ കൂറിലോസിനുവേണ്ടി ചേപ്പാടു തിരുമേനി തന്റെ സ്ഥാനംപോലും ഒഴിഞ്ഞുകൊടുത്തു. ഒരേ വിശ്വാസത്തിൽനിന്ന സഹോദരങ്ങളിൽനിന്ന് ഒരു അധിനിവേശം ഉണ്ടാകുമെന്ന് മലങ്കരയിലെ നസ്രാണികൾ ഒരിക്കലും ചിന്തിച്ചിരുന്നില്ല. ശീമക്കാരോടു (അന്ത്യോഖ്യായോടു ബന്ധപ്പെട്ട) നമുക്കുള്ള ആദരവിനെ സൂചിപ്പിച്ചുകൊണ്ട് ഇപ്രകാരമുള്ള ഒരു പഴമൊഴിപോലും അക്കാലത്തുണ്ടായിട്ടുണ്ട്. 'ആകാശത്തിലുള്ള ബാവാ'യെപ്പോലുള്ള മറ്റൊരു ബാവായാണ് അന്ത്യോഖ്യയിലെ ബാവാ.

ചേപ്പാടു മാർ ദീവന്നാസ്യോസ് തിരുമേനിക്കുശേഷം മലങ്കരസഭയെ നയിച്ച പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനി അതിപ്രഗത്ഭനായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ കാലത്തുതന്നെ പാത്രിയർക്കീസ് ഇവിടെ വരുവാനും മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടി മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ച് മെത്രാന്മാരെ വാഴിക്കുവാനുമൊക്കെ സാധിച്ചു. പൂർണ്ണമായ വിധേയത്വം പാത്രിയർക്കീസിന് ലഭിക്കാതിരിക്കാൻ ആവോളം പുലിക്കോട്ടിൽ തിരുമേനി ശ്രമിച്ചു. എന്നാൽ അധിനിവേശത്തിന്റെ ക്രൂരമായ മുഖം അഭിമുഖീകരിക്കേണ്ടിവന്നത് വട്ടശ്ശേരിൽ തിരുമേനിക്കായിരുന്നു. വിധേയത്വം നൽകാത്തതിന്റെ പേരിൽ 'മുടക്ക്' ഉൾപ്പെടെയുള്ള ശിക്ഷ ഏറ്റുവാങ്ങുവാൻ തിരുമേനി നിർബന്ധിതനായി. 'തിരമാലകളുള്ള സമുദ്രം കഴിവുള്ള കപ്പിത്താനെ സൃഷ്ടിക്കുന്നു' എന്ന പഴമൊഴി അന്വർത്ഥമാകുമാറാണ് വട്ടശ്ശേരിൽ തിരുമേനി അവസരത്തിനൊത്ത് ഉയർന്നത്. ഇസ്രയേൽ മക്കളെ കനാൻനാട്ടിലെത്തിച്ച മോശെയുടെ വഴിയിലൂടെ തിരുമേനിക്കും പ്രയാണം ചെയ്യേണ്ടിവന്നു. ധീരനായ ആ പോരാളി പക്ഷേ, തളർന്നില്ല. മശിഹാതമ്പുരാന്റെ കുരിശിലായിരുന്നു അദ്ദേഹത്തിന്റെ ആശ്രയം. അദ്ദേഹം അതേപ്പറ്റി പ്രസംഗിച്ചു "സത്യത്തിനും നീതിക്കും വേണ്ടി കഷ്ടത സഹിക്കാൻ തയ്യാറാകുന്നതാണ് കുരിശ്." സത്യത്തിനും നീതിക്കും വേണ്ടി എത്ര കഷ്ടത വന്നാലും താൻ സഹിച്ചുകൊള്ളാമെന്നതായിരുന്നു അദ്ദേഹത്തിന്റെ മനോഭാവം. മലങ്കര നസ്രാണികളിൽ ഒരു വിഭാഗവും കൂട്ടുട്രസ്റ്റികളും പാത്രിയർക്കീസ് പക്ഷം ചേർന്നതും സഭയെ ഗ്രസിച്ച അന്ധകാരത്തിന്റെ കാഠിന്യം വർദ്ധിപ്പിച്ചു.

ബഥനിയുടെ ഗീവറുഗീസ് മാർ ഈവാനിയോസിന്റെ സഭാപരിത്യാഗവും അന്ധകാരം വർദ്ധിപ്പിച്ച മറ്റൊരു സംഭവമാണ്. വാത്സല്യശിഷ്യനായ എം. എ.(M. A.)ക്കാരൻ സഭയെ കൈവെടിഞ്ഞപ്പോൾ പ്രഗത്ഭനായ മറ്റൊരു എം. എ.ക്കാരനെ കണ്ടുപിടിച്ച് മേല്പട്ടക്കാരനാക്കി. പ്രസിദ്ധ വാഗ്മിയായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി(ഗീവറുഗീസ് മാർ പീലക്സിനോസ്)യായിരുന്നു അത്. അങ്ങനെ കൂരിരുട്ടു വ്യാപിച്ചപ്പോഴൊക്കെ ഇരുട്ടിനെ പഴിക്കാതെ വെളിച്ചം കത്തിച്ചുവയ്ക്കണമെന്ന ചൈനീസ് പഴമൊഴി അദ്ദേഹം അക്ഷരാർത്ഥത്തിൽ നിവർത്തിച്ചു.

### ഭരണഘടനാശില്പി

കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ സഭയുടെ സ്വാതന്ത്ര്യം ഉറപ്പിച്ചു എങ്കിലും അതിനെ സാധൂകരിച്ച് നിലനിർത്തുന്ന ഒരു ഭരണഘടന സഭയ്ക്കില്ലായിരുന്നു. ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിനു നെടുനായകത്വം വഹിച്ച ഗാന്ധിജിയും ഭരണഘടനാനിർമ്മാണത്തിൽ ശില്പചാതുര്യത്തോടെ പ്രവർത്തിച്ച അംബേദ്കറും മലങ്കരസഭയെ സംബന്ധിച്ചിടത്തോളം വട്ടശ്ശേരിൽ തിരുമേനിയിൽ ഒരുമിച്ചുചേരുകയായിരുന്നു. അദ്ദേഹം കാലംചെയ്തശേഷമാണ് ഭരണഘടന പാസ്സാക്കിയതെങ്കിലും അതിന്റേതായ പ്രധാന ശില്പി തിരുമേനി തന്നെയായിരുന്നു. വിശ്വാസികൾ കൂടി സഭയുടെ ഭരണത്തിൽ പങ്കാളികളാകുമ്പോഴേ, അവരെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യത്തിന് അർത്ഥമുണ്ടാകുന്നുള്ളൂ.

സഭയുടെ പരമാദ്ധ്യക്ഷൻ, മെത്രാപ്പോലീത്താമാർ, കൂട്ടുട്രസ്റ്റികൾ ഇവരെയൊക്കെ തെരഞ്ഞെടുക്കാൻ ജനങ്ങൾക്ക് ഇന്ന് അവകാശമുണ്ട്. അവരുടെ പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി ഇവയൊക്കെ ചേർന്നാണ് സഭയുടെ ഭരണം നിർവ്വഹിക്കുന്നത്. എന്തിനധികം, ഓരോ ഇടവകയും വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നീ കാര്യങ്ങളിലൊഴികെ എല്ലാ ഭൗതിക കാര്യങ്ങളും ഭദ്രാസന മെത്രാപ്പോലീത്താമാരുടെ അംഗീകാരത്തോടെ നിർവ്വഹിക്കാനുള്ള സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്. കാലം നീങ്ങിയപ്പോൾ 'കാതോലിക്കാ' എന്ന സ്ഥാനപ്പേര് മറ്റു ചിലരും സ്വീകരിച്ചെങ്കിലും അവർ ആരുംതന്നെ സ്വതന്ത്രരല്ല. മറ്റു വിദേശ സഭാമേലദ്ധ്യക്ഷന്മാരുടെ കീഴിലുള്ള സ്ഥാനികളാണ്. അങ്ങനെ നോക്കുമ്പോൾ ഭാരതത്തിൽ ഒരു കാതോലിക്കായെ ഉള്ളൂ. അത് മാർ തോമാശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന കാതോലിക്കാ ബാവായാണ്. ഇതെല്ലാം സാധ്യമായത് വട്ടശ്ശേരിൽ തിരുമേനിയെ ദൈവം എടുത്തു ഉപയോഗിച്ചതുകൊണ്ടാണ്. 'മലങ്കരസഭാ ഭാസുരൻ' എന്ന പേര് എല്ലാവിധത്തിലും അർത്ഥവത്തായിരിക്കുന്നു.

അദ്ദേഹത്തിന്റെ ചരമദിനത്തിൽ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാതിരുമേനി നടത്തിയ പ്രസംഗത്തിലെ ചില വാചകങ്ങൾ ഇപ്രകാരമാണ്: "ആത്മീയപ്രകാരവും അദ്ദേഹം ഒരു മഹാനും യാതൊരു കുറവും ഇല്ലാത്തവനും ആയിരുന്നു എന്നാണ് നമ്മുടെ അഭിപ്രായം. പലർക്കും അത് അറിയില്ലായിരുന്നു. അദ്ദേഹം അത് അശേഷം ഭാവിക്കുന്ന ആളല്ലായിരുന്നു. നാം ചെറുപ്പം മുതൽ അദ്ദേഹത്തോടു സഹവസിച്ചിട്ടുള്ള ആളാണ്. ദൈവത്തിന് ഇഷ്ടമുള്ള നടപടികളല്ലാതെ അദ്ദേഹത്തിന്റെ ആത്മീയജീവിതത്തിൽ നാം കണ്ടിട്ടില്ല. അദ്ദേഹം ഒരു വലിയ മല്പാനായിരുന്നു... അദ്ദേഹത്തിന്റെ വേർപാട് എത്രയും ശാന്തമായിരുന്നു. യാതൊരു ചേഷ്ടയോ, ഗോഷ്ടിയോ കൂടാതെ നാഴികമണിയുടെ പെൻഡുലം ചലനരഹിതമാകുന്നതുപോലെയാണ് അദ്ദേഹത്തിന്റെ ശ്വാസം നിന്നത്. അതിനു മുൻപു മുതൽ ഞങ്ങൾ പ്രത്യേക പ്രാർത്ഥനകളും ഗാനങ്ങളും ചൊല്ലിക്കൊണ്ടിരുന്നു. വിശ്വാസപ്രമാണം ചൊല്ലിത്തീർന്നപ്പോൾ കൃത്യം പന്ത്രണ്ടുമണിക്ക് മശിഹാതമ്പുരാൻ ലോകരക്ഷയ്ക്കുവേണ്ടി ക്രൂശിക്കപ്പെട്ട വെള്ളിയാഴ്ച ദിവസത്തിലും ആ നാഴികയിലും അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു... ദൈവത്തിന്റെ പരിശുദ്ധന്മാരെ നാം ഇങ്ങനെയാണ് തിരിച്ചറിയേണ്ടത്. നമ്മുടെ സഭയ്ക്ക് ഒരു വലിയ പുണ്യവാളൻ നഷ്ടപ്പെട്ടിരിക്കുന്നു. ഇതുവരെ അദ്ദേഹം നാമേവരെയും തൻ ചിറകുകളിൻകീഴിൽ കാത്തുകൊണ്ടു. അദ്ദേഹം നമ്മോടു സഹതാപമുള്ളവനാകയാൽ നമുക്കുവേണ്ടി മുട്ടിപ്പായി മദ്ധ്യസ്ഥത നടത്തുമെന്ന് നമുക്ക് സമാശ്വസിക്കാം. നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലുതാണല്ലോ" (മലങ്കര സഭാപിതാക്കന്മാർ pp. 248-50).

മലങ്കര സഭാഭാസുരൻ തിരശ്ശീലയ്ക്കപ്പുറവും നീതിസൂര്യനായി ശോഭിക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്താം. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥത സഭയ്ക്കും വിശ്വാസികൾക്കും എന്നാളും ശക്തമായ കോട്ടയായി നിലകൊള്ളട്ടെ.

(കോട്ടയം പഴയസെമിനാരിയിലെ പരിശുദ്ധന്റെ കബറിടം കണ്ടിട്ടില്ലാത്ത കുട്ടികൾ അധ്യാപകരോടു ചേർന്ന് അവിടം സന്ദർശിക്കുകയും മദ്ധ്യസ്ഥത അണയ്ക്കുകയും ചെയ്യുന്നത് നല്ല അനുഭവമായിരിക്കും).